# കേരളത്തിലെ മുസ്‌ലിം പള്ളികൾ

## സമന്വയസാക്ഷികൾ

പി.കെ. മുഹമ്മദുകുഞ്ഞി

കേരളത്തിലെ മുസ്ലിംപള്ളികൾ

സമന്വയസാക്ഷികൾ

keralathile muslimpallikal
samanuayasakshikal
by
p k mohammadkunhi
first published july 1988
printed at
st joseph's i s press trichur
cover drawing by
vasu pradip
copy right
p k mohammadkunhi
price rs twenty
published by
al huda book stall calicut 673 001

1 / 1000 / 88 / 7 / 25

# കേരളത്തിലെ മുസ്‌ലിംപള്ളികൾ
# സമന്വയസാക്ഷികൾ

പി. കെ. മുഹമ്മദുകുഞ്ഞി

പ്രസാധകർ

അൽഹുദാ ബുക്ക് സ്റ്റാൾ, കോഴിക്കോട്

വില 20 ക



കൂടല്ലൂർ പി. കെ. കുഞ്ഞഹമ്മദ്സാഹിബിന്റെയും വി. പി. പാത്തുണ്ണി ഉമ്മയുടെയും മകനായി തൃശ്ശൂർജില്ലയിൽപെട്ട വന്നേരിയിൽ ജനിച്ചു. വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ രാഷ്ട്രീയരംഗത്തു വന്നു. നിയമസഭയിലേയ്ക്കു മത്സരിച്ചു. ദേശാഭിമാനിയുടെ സഹപത്രാധിപരായി. കമ്മ്യൂണിസ്റ്റുപാർട്ടി പിളർന്നപ്പോൾ രാഷ്ട്രീയപ്രവർത്തനമുപേക്ഷിച്ചു സാഹിത്യസാംസ്കാരികരംഗങ്ങളിലേയ്ക്കു നീങ്ങി. കേരളസാഹിത്യഅക്കാദമിയിൽ പലവട്ടം അംഗമായിരുന്നു. ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ടിലും ഗാന്ധിസർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിലും അംഗമാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാപ്പിള സ്റ്റഡീസ് സിക്രട്ടറിയാണ്. ഗ്രന്ഥകർത്താവിന്റെ കൃതികൾ. മുസ്ലിംകളും കേരളസംസ്കാരവും (പഠനം) ബൊക്കാച്ചിയോവും പിൻഗാമികളും (ജീവചരിത്രം) അന്വേഷണവും കണ്ടെത്തലുകളും (ലേഖനങ്ങൾ) വൈകിവന്നവർ (പരിഭാഷ) കത്യാടെ കത്ത് (കഥകൾ) മ്മിം മോളും (നാടകം) അപമാനിതർ (ഏകാങ്കങ്ങൾ) അൽഅമീൻ (ബാലസാഹിത്യം) അറബിഭാഷാസാഹിത്യചരിത്രം കേരളത്തിലെ മുസ്ലിം പള്ളികൾ സമന്വയസാക്ഷികൾ.

# മുൻമൊഴി

ഐതിഹ്യങ്ങൾ അവിശ്വസനീയമാണോ? അല്ലെന്നു സാമൂഹികശാസ്ത്രജ്ഞന്മാർ സമർത്ഥിക്കുന്നു. സമൂഹം തലമുറകളായി സൂക്ഷിക്കുന്ന ഏതെങ്കിലും സംഭവത്തിൻെറ അതിശയോക്തി കലർന്ന വിവരണം വേർതിരിയാനാവാത്തതരത്തിൽ ഊടും പാവുമായി ചരിത്രത്തിൽ കലരുന്നുണ്ടെന്നു പണ്ഡിററു നെഹ്റു ('ഇന്ത്യയെ കണ്ടെത്തലി'ൽ) വിശകലനംചെയ്തിട്ടുണ്ട്.

ഇസ്ലാംമതം വാളിൻതലപ്പിൻെറ തണലിലാണിവിടെ പ്രചരിച്ചതെന്നു വരുത്തിത്തീർക്കാനാണ് വിദേശമേധാവികൾ ശ്രമിച്ചതു്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി അവർ നിരത്തിയ ദുർവ്യാഖ്യാനങ്ങൾക്കു കണക്കില്ല. അവയ്ക്കിടയിൽ നഗ്നസത്യങ്ങൾ മറഞ്ഞുകിടക്കുന്നു. പക്ഷേ അതിൻെറ അവശിഷ്ടങ്ങൾ സമൂഹചേതനയുടെ ഗഹ്വരാന്തരത്തിലിന്നുമുണ്ടു്. ഊതി ഉണർത്തിയാൽ മതസൗഹാർദ്ദം ഊട്ടിഉറപ്പിക്കാവുന്ന അഗ്നിസ്ഫുലിംഗങ്ങൾ അവയിൽനിന്നു ജ്വലിച്ചുയരും.

കേരളത്തിലെ മുസ്ലിംദേവാലയങ്ങൾ സമുദായസൗഹാർദ്ദത്തിൻെറ പ്രതീകങ്ങളാണ്. അവയെപ്പററിയുള്ള ഐതിഹ്യങ്ങളും കഥകളും മതസമൂഹങ്ങളുടെ ഐക്യവും ദേശീയോദ്ഗ്രഥനവും നേടിയെടുക്കാനുള്ള യത്നത്തിനു പ്രചോദനമരുളുന്നു. ഹിന്ദുക്കളെയും മുസ്ലിംകളെയും പരസ്പരം അകററാൻ ബോധപൂർവ്വം ശ്രമിച്ചവരാണ് വിദേശമേധാവികൾ. കാഷ്ഠികകലാപങ്ങൾക്കുപോലും മതപരമായ നിറം പകർന്നതു് ഈ സാഹചര്യത്തിലാണല്ലോ. അതിൻെറയൊക്കെ കരിനിഴൽ ഒഴിവാക്കണമെന്നു കരുതി ഒരു നൂററാണ്ടിനിപ്പുറം ഉണ്ടായ പള്ളികളെ ഇതിലുൾപ്പെടുത്തിയിട്ടില്ല. അതിനുമുമ്പുള്ള ചിത്രവും പൂർണ്ണമാണെന്നു് അവകാശപ്പെടുന്നില്ല. അവലംബമാക്കാവുന്ന രേഖകൾ എവിടെയുമില്ലാത്തതുകൊണ്ടുണ്ടായ വിഷമതകൾ വിവരണാതീതമാണ്. പഴയതിൻെറ അംശമേ അവശേഷിക്കാത്ത തരത്തിൽ മിക്ക പള്ളികളും പുനർനിർമ്മാണം ചെയ്തിട്ടുണ്ടു്. വസ്തുനിഷ്ഠമായ പഠനത്തിനുണ്ടായ പരിമിതികൾ വെളിപ്പെടുത്തുകയാണ്.

അതുകൊണ്ടു് ഒരു ക്രോസ്സ്സെക്ഷനിൽ മതസഹിഷ്ണുതയുടെയും സഹകരണത്തിൻെറയും മാതൃക പ്രതിഫലിപ്പിക്കാനാണുത്സാഹിച്ചതു്. അതു നിറവേറിയെങ്കിൽ ഞാൻ കൃതാൎത്ഥനായി.

ഈ ഗ്രന്ഥരചനയ്ക്കു് എന്നെ പ്രേരിപ്പിച്ചതു ശ്രീ. ആർ. രാമചന്ദ്രൻനായർ ഐ. എ. എസ്സു്. ആണു്. പ്രോത്സാഹിപ്പിച്ചതു മുൻഉപമുഖ്യമന്ത്രി ജ: അവുക്കാതർകുട്ടി നഹ സാഹിബാണു്. ഇതിൻെറ കയ്യെഴുത്തുപ്രതി പരിശോധിച്ചു് ആവശ്യമായ മാററങ്ങൾ നിർദ്ദേശിച്ചതു ശ്രീ. എം. പി. ഭട്ടതിരിപ്പാടു് (പ്രേംജി) ആണു്. ആദരണീയരായ ഈ ഭ്രാതാക്കളോടുള്ള കടപ്പാടു രേഖപ്പെടുത്തിയാൽ ഒതുങ്ങുന്നതല്ലല്ലോ.

— ഗ്രന്ഥകൎത്താവു്

# I

"അറേബ്യയുമായുണ്ടായിരുന്ന സന്തതസമ്പർക്കം അനിവാര്യമായും പുതിയ മതമായ ഇസ്ലാമിനെപ്പററി ഇന്ത്യക്കാർക്ക് അറിയുന്നതിനു വഴി ഒരുക്കി. മതം പ്രചരിപ്പിക്കുന്നതിനു വേണ്ടി മിഷ്ണറിമാർ വന്നുകൊണ്ടിരുന്നു. അവർ സ്വാഗതം ചെയ്യപ്പെട്ടു. പള്ളികൾ നിർമ്മിച്ചു. ഭരണാധികാരികളിൽ നിന്നോ ജനങ്ങളിൽനിന്നോ ഒരു എതിർപ്പും ഉണ്ടായില്ല. മതപരമായ സംഘർഷങ്ങളും ഇല്ലായിരുന്നു. എല്ലാ വിശ്വാസങ്ങളോടും ആരാധനാരൂപങ്ങളോടും സഹിഷ്ണുത പുലർത്തുക എന്നതാണല്ലോ ഭാരതത്തിന്റെ പാരമ്പര്യം."[1] ഈ നിഗമനം തീർത്തും ശരിയാണെന്ന് ആദ്യകാലത്തു നിർമ്മിക്കപ്പെട്ട മുസ്‌ലിംപള്ളികളുടെ ചരിത്രവും അവയെപ്പററിയുള്ള ഐതിഹ്യങ്ങളും തെളിയിക്കുന്നു.

മുസ്‌ലിംചരിത്രകാരന്മാരുടെയും അറബിസഞ്ചാരികളുടെയും വിവരണങ്ങൾ ഇസ്ലാം ആദ്യമായി ഇന്ത്യയിൽ എത്തിയതു കേരളത്തിലാണെന്നു വ്യക്തമാക്കുന്നു. "ഇന്നത്തെ കൊടുങ്ങല്ലൂരിൽ കേരളീയശൈലിയുടെ തനിമ പുലർത്തിക്കൊണ്ടു നിലകൊള്ളുന്ന പള്ളിയാണ് കേരളത്തിലെ ആദ്യത്തെ മുസ്ലിംദേവാലയം."[2] ഭാരതത്തിന്റെ പടിഞ്ഞാറൻതീരത്തെ പ്രധാനതുറമുഖങ്ങളിലൊന്ന് അക്കാലത്തു 'വഞ്ചി മുസ്‌രീസ്' എന്നു വിദേശങ്ങളിൽ വിളിക്കപ്പെട്ടിരുന്ന കൊടുങ്ങല്ലൂർ ആയിരുന്നു. ഉത്തരകേരളത്തിലെ സുഗന്ധദ്രവ്യങ്ങൾ അവിടെനിന്നാണ് കയററിപ്പോയിരുന്നത്. അവ കയററി കൊണ്ടുപോയിരുന്നത് അറബികളും പേർഷ്യക്കാരുമായിരുന്നു എന്നു പഴയ നിയമത്തിലെ പരാമർശങ്ങൾപോലും വ്യക്തമാക്കുന്നു. തർശീശ്ശ് കപ്പലുകൾ മൂന്നു സംവത്സരത്തിലൊരിക്കൽ പൊന്ന്, വെള്ളി, ആനക്കൊമ്പ്, കുരങ്ങ്, മയിൽ തുടങ്ങിയ കേരളത്തിലെ ഉത്‌പന്നങ്ങൾ കൊണ്ടുപോയിരുന്നതായി രാജാക്കന്മാർ II. ൽ പറയുന്നു (പഴയനിയമം). "അവരിൽ ചിലർ നാട്ടുകാരായ സ്ത്രീകളെ വിവാഹം കഴിച്ചു കേരളത്തിൽത്തന്നെ പാർപ്പാക്കുകയും ചെയ്തിരുന്നു."[3] വളരെ

---

1 ഡിസ്കവറി ഓഫ് ഇന്ത്യ—ജവഹർലാൽ നെഹ്റു. പുറം 222

2 കേരളസംസ്കാരം—എ. ശ്രീധരമേനോൻ. പുറം 226

3 ഇൻഫ്ളുവെൻസ് ഓഫ് ഇസ്ലാം ഓൺ ഇന്ത്യൻ കൾച്ചർ—ഡോ. താരാചന്ദ്. പുറം 30

പുരാതനകാലത്തുതന്നെ വിദേശികളായ കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു നാട്ടുകാരുടെയും നാടുവാഴികളുടെയും നയം. "അറബികളോടു കാണിക്കുന്ന ഔദാര്യത്തിനു് അനുസൃതമായാണു് തങ്ങളുടെ ഭരണത്തിന്റെയും ജീവിതത്തിന്റെയും ദൈർഘ്യം കൂടുക എന്നു വാണിജ്യപരമായ താത്പര്യത്തെ മുൻനിർത്തി വിശ്വസിച്ചിരുന്ന നാടുവാഴികൾ പോലും അക്കാലത്തുണ്ടായിരുന്നു." [4]

കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി ഭരിച്ചിരുന്ന പെരുമാക്കന്മാരും ഇതേ നയമാണു് തുടർന്നിരുന്നതു്. ചേരരാജാക്കന്മാരോ അവരുടെ പ്രതിനിധികളോ ആയിരുന്നു പെരുമാക്കന്മാർ. എ. ഡി 216നും 825നും ഇടയ്ക്കാണു് അവരുടെ വാഴ്ച നിലനിന്നിരുന്നതു് എന്നു് അനുമാനിക്കുന്നു. പന്ത്രണ്ടു വർഷം ഊഴമിട്ടാണു് ഓരോ പെരുമാളും ഭരിച്ചിരുന്നതു്. അവസാനത്തെ പെരുമാൾ കാലാവധി കഴിഞ്ഞിട്ടും മേൽക്കോയ്മയെ ധിക്കരിച്ചു ജനപിന്തുണയോടെ ഭരണം തുടർന്നു. അദ്ദേഹത്തിനെതിരായ മേൽക്കോയ്മയുടെ പടനീക്കങ്ങൾപോലും പരാജയപ്പെടുകയാണുണ്ടായതു്. എങ്കിലും സാമന്തർക്കും ആശ്രിതർക്കുമിടയിൽ രാജ്യം പങ്കുവെച്ചുകൊടുത്തശേഷം അദ്ദേഹം നാടുവിട്ടു. താൻ മുഹമ്മദീയരായ മാതാപിതാക്കൾക്കു ജനിച്ച മകനാണെന്നും തന്നെ രാജ്ഞി അവരുടെ പെൺകുഞ്ഞിനു പകരം മാററിയെടുത്തതാണെന്നും ബോദ്ധ്യമായി. [5] അതിനെ തുടർന്നാണു് പെരുമാൾ മക്കത്തേയ്ക്കു പോയതെന്നു് ഒരു ഐതിഹ്യമുണ്ടു്. ഏഴിമലയിൽ ബൗദ്ധസ്ത്രീ പ്രസവിച്ച കുഞ്ഞിനെ മാററിയെടുക്കാൻ ദുർവാസാവു് ഒരു രാജ്ഞിയോടു് ഉപദേശിച്ച 'കേരളോല്പത്തി'കഥ ഇതിനു് ഉപോല്ബലകമാണു്. പക്ഷേ അങ്ങനെ വരുമ്പോൾ പെരുമാൾ മക്കത്തു പോയ കാലം, പുറപ്പെട്ട സ്ഥലം, അദ്ദേഹത്തിന്റെ ആസ്ഥാനം തുടങ്ങിയവയെപ്പററിയുള്ള ഇന്നത്തെ പല ധാരണകൾക്കും ഒരു പൊളിച്ചെഴുത്തു് ആവശ്യമായിവരും.

പെരുമാളെ അന്വേഷിച്ചു പോയ ബ്രാഹ്മണർ മഹൽദ്വീപിൽ എത്തിപ്പെട്ടു. അവിടെ ഇന്നുമുള്ള ഇല്ലപ്പേരുകൊണ്ടു് അവസാനിക്കുന്ന മുസ്‌ലിംതറവാട്ടുകാരുടെ പൂർവ്വീകർ ഈ ബ്രാഹ്മണരാവാമെന്നു കരുതുന്നു, മദ്രാസ് 'ജേർണൽ ഓഫ് ലിററേച്ചർ ആൻറ് സയൻസി'ന്റെ നിഗമനത്തിൽ "അവസാനത്തെ പെരുമാളല്ല, അദ്ദേഹത്തിന്റെ പൂർവ്വീകനായ പള്ളി

4 മാപ്പിളമുസ്ലീം ഓഫ് കേരള—ആർ. മില്ലർ. പുറം 66
5 ദി സാമോരിയൻസ് ഓഫ് കാലിക്കററ് — കെ. വി. കൃഷ്ണയ്യർ. പുറം 31-32

ബാണപ്പെരുമാളാണ് രാജ്യം ദാനംചെയ്തു മക്കത്തു പോയതു്. ചേരമാൻപെരുമാളുടെ യഥാർത്ഥപേരു പള്ളിബാണപ്പെരുമാരം എന്നാണെന്നും ശ്രീമാൻ പെരുമാരം എന്നതു പട്ടപ്പേരു കിട്ടിയതാണെന്നും മക്കത്തു പോയ പെരുമാരം വിവാഹംവഴിയായും മററും കേരളത്തിലെ മിക്ക രാജകുടുംബങ്ങളുമായും ബന്ധപ്പെട്ടിരുന്നു'' [6] എന്നുമുള്ള അഭിപ്രായവും ശ്രദ്ധേയമാണ്.

സിലോണിൽ ഉണ്ടെന്നു പറയപ്പെടുന്ന ആദമിൻെറ കാലടി കാണാൻ പുറപ്പെട്ട പാവപ്പെട്ട മുസ്ലിംതീർത്ഥാടകരുടെ ഒരു സംഘം കൊടുങ്ങല്ലൂരെത്തി. മതപണ്ഡിതനായ ഒരു ശൈഖ് ആയിരുന്നു അവരുടെ നേതാവ്. അവർ പെരുമാളെ മുഖം കാണിച്ചു. ഇസ്ലാംമതസന്ദേശം അറിയിച്ചു. ഇതേ തുടർന്നാണ് പെരുമാരം നാടുവിട്ടതെന്നാണ് തുഹ്ഫത്തുൽ മുജാഹിദീനിലെ (റൗലാൻസൻെറ പരിഭാഷ) വിവരണം. ''മുഹമ്മദ് നബിയുടെ കാലത്തു പള്ളിയിൽ മതവിദ്യാഭ്യാസം ചെയ്തവരെ മതപ്രചരണത്തിന്നു നിയോഗിച്ചിരുന്നതായി പറയപ്പെടുന്നതു്''' [7] ഇത്തരുണത്തിൽ സ്മരണീയമാണ്. ഇവർ 'അഹ്ലുസ്സുഫ' ആയാണ് അറിയപ്പെട്ടിരുന്നതു്. തിണ്ണയിൽ കഴിയുന്നവരെന്നർത്ഥം. ഇവരാവണം സൂഫിസസംന്യാസിമാരുടെ മുൻഗാമികരം. പെരുമാളുടെ ഭാര്യമാരിൽ ഒരാളായ കോലത്തിരിനാട്ടിലെ കെട്ടിലമ്മ പടനായകൻെറ രൂപസൗന്ദര്യത്തിൽ ഭ്രമിച്ചു. ധർമ്മിഷ്ഠനായ പടനായകൻ വഴങ്ങില്ലെന്നു കണ്ടപ്പോരം അയാരം തന്നെ ബലാൽക്കാരം ചെയ്യാൻ മുതിർന്നതായി കെട്ടിലമ്മ ഭർത്താവിനെ തെററിദ്ധരിപ്പിച്ചു. പടനായകനു പെരുമാരം വധശിക്ഷ വിധിച്ചു. പടനായകൻ മഹൽദ്വീപിലേയ്ക്കു് രക്ഷപ്പെട്ടതുകൊണ്ടു ശിക്ഷ നടപ്പാക്കാൻ കഴിഞ്ഞില്ല. (പെരുമാളുടെ സൈന്യം ആയിരത്തിൽ ഒന്നു് കുറവായതു് (ഒന്നു കുറവ് ആയിരം) ഇതേ തുടർന്നാവണം. മഹൽരാജാവ് അറേബിയയുമായുള്ള കേരളത്തിൻെറ കച്ചവടബന്ധത്തിൽ മധ്യവർത്തിയായിരുന്നു. അദ്ദേഹം നേരത്തേ തന്നെ ഇസ്ലാംമതത്തിൽ ആകൃഷ്ടനായിരുന്നു. പടനായകനും അദ്ദേഹത്തെ അനുകരിച്ചു. പടനായകൻ നിരപരാധിയാണെന്നു ബോദ്ധ്യപ്പെട്ടപ്പോരം പെരുമാരം പശ്ചാത്താപവിവശനായി. പ്രായശ്ചിത്തമായി മക്കത്തു പോയി മുസ്ലിം ആവാനാണ് മഹൽരാജാവും പടനായകനും ഉപദേശിച്ചതു്. ഇതേ തുടർന്നാണ് പെരുമാരം മക്കത്തു പോയതെന്നാണ് മറെറാരു ഐതിഹ്യം.

---

6 എ ഷോർട്ട് ഹിസ്റ്ററി ഓഫ് കേരള—കണ്ണമ്പറ രാമുണ്ണിനായർ. പുറം 39-40

7 റിലീജിയൻ ഓഫ് ഇസ്ലാം—സി. എൻ. അഹമദ്മൗലവി. പുറം 11

ഇങ്ങനെ പെരുമാളുടെ മതപരിവർത്തനം, പെരുമാക്കന്മാരുടെ വംശാവലി, അവരുടെ കാലംതുടങ്ങി അവരെപ്പററിയുള്ള സമസ്തകാര്യങ്ങളും ഇന്നും വിവാദവിഷയമാണ്. പെരുമാളല്ല, സാമൂതിരിപ്പാടാണ് മതം മാറിയതെന്ന കരുതുന്നവരുണ്ട്. ''സാമൂതിരിക്കും കോലത്തിരിക്കും പൊതുവായ ഒരു പൂർവ്വീകനുമായി മതമാററക്കഥയെ ബന്ധിപ്പിക്കലാവും''[8] ഒരു നല്ലതെന്നാണ് മററൊരു അഭിപ്രായം. അങ്ങനെ വരുമ്പോൾ സംബന്ധംവഴിയും ദത്തെടുത്തും മററും കേരളത്തിലെ മിക്ക രാജകുടുംബങ്ങളുമായും പെരുമാൾ ബന്ധപ്പെട്ടിരുന്നു എന്ന ഊഹം പ്രബലപ്പെടുന്നു. ഏതായാലും ''അവസാനത്തെ പെരുമാൾ ഇസ്ലാംമതം സ്വീകരിക്കുകയും സ്ഥാനത്യാഗം ചെയ്തു മക്കത്തേയ്ക്കു പോവുകയും ചെയ്തിട്ടു മടങ്ങിവന്നില്ല എന്ന ഐതിഹ്യം അടിസ്ഥാനരഹിതമാണെന്ന് ഊഹിക്കാൻ വയ്യാ. മതപരിവർത്തനംമൂലവും അറബിവ്യാപാരികളുടെ കുടിപാർപ്പിൽക്കൂടിയും വളരെ നേരത്തെത്തന്നെ കേരളത്തിൽ ഇസ്ലാംമതം പ്രചരിക്കാൻ തുടങ്ങിയിരുന്നു........ ഖലീഫമാരുടെ കാലമായപ്പോഴാകട്ടെ അറബികളുടെ വാണിജ്യപ്രവർത്തനം വളർന്നതോടെ മുസ്ലിംരാജ്യങ്ങളിൽനിന്നുള്ള വ്യാപാരികൾക്കു വളരെ പ്രിയപ്പെട്ട കേന്ദ്രങ്ങളായിത്തീർന്നിരുന്നു കേരളത്തിലെ തുറമുഖങ്ങൾ''[9]

എ. ഡി. 628–ൽ ആഫ്രിക്കയിലെയും ഏഷ്യയിലെയും മററു പല രാജാക്കന്മാർക്കും മുഹമ്മദുനബി ഇസ്ലാംമതത്തിലേയ്ക്കു ക്ഷണിച്ചുകൊണ്ടു കത്തെഴുതിയിരുന്നതായി പറയപ്പെടുന്നു. അക്കൂട്ടത്തിൽ പണ്ടേ കച്ചവടബന്ധം പുലർത്തിയിരുന്ന കേരളത്തിലെ പെരുമാക്കൾക്കും കത്തെഴുതിയിരിക്കാമെന്നാണ് കേസരി ശ്രീ. എ. ബാലകൃഷ്ണപ്പിള്ളയുടെ പക്ഷം. അദ്ദേഹം 'ചരിത്രകേരള'ത്തിനു് എഴുതിയ അവതാരികയിൽ പ്രവാചകന്റെ അമ്പത്തിയേഴാം വയസ്സിൽ പെരുമാൾ അദ്ദേഹത്തെ കണ്ടു എന്നു രേഖപ്പെടുത്തുന്നു. ഒമ്പതാംനൂററാണ്ടിൽ ജീവിച്ചിരുന്ന തബരി എന്ന പണ്ഡിതൻ രചിച്ച 'ഫിർദൗസുൽ ഹിക്മത്ത്'' എന്ന ഗ്രന്ഥത്തിൽ ചേരമാൻപെരുമാൾ പതിനൊന്നു ദിവസം നബിയോടു് ഒന്നിച്ചു താമസിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഫിരിശ്തയുടെ അഭിപ്രായത്തിൽ രാജാവു മതം വിശ്വസിച്ചശേഷമാണ് മക്കയിലേയ്ക്കു പോയതു്. 'ഹാലാസ്യമഹാത്മ്യം', 'മധുരയുടെ തലസ്ഥാനപുരാണം' എന്നീ

8 ദി കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരളം—ഇളംകുളം കുഞ്ഞൻപിള്ള പുറം–212

9 കേരളത്തിലെ സ്വാതന്ത്ര്യസമരം—കെ. എം. പണിക്കർ. പുറം 10-11

തമിഴ്‌രേഖകളുടെ വെളിച്ചത്തിൽ ശ്രീ. എ. ബാലകൃഷ്ണപിള്ള എഴുതിയ 'ദി ഫസ്റ്റ് മോസ്ക് ഇൻ ഇൻഡ്യ' എന്ന ലേഖനത്തിൽ ('ഹിന്ദു' ദിനപത്രം 22-10-39) ആദ്യത്തെ പള്ളി കൊടുങ്ങല്ലൂർതന്നെ എന്നു തീർത്തു പറയുന്നു.

മക്കത്തു പോയ പെരുമാറ് എ. ഡി. 632-ൽ (ഹിജ്റ 10) അന്തരിച്ചതായി കരുതപ്പെടുന്നു. ഇസ്ലാംമതം സ്വീകരിച്ച ശേഷം കേരളത്തിലേയ്ക്കു വരാൻ അദ്ദേഹം ഒരുക്കങ്ങൾ ചെയ്തുവരികയായിരുന്നു. സഫാറിലാണ് അദ്ദേഹം താമസിച്ചിരുന്നതു്. അദ്ദേഹത്തിന്നു ഗുരുതരമായ രോഗം ബാധിച്ചപ്പോൾ കൂടെ ഉണ്ടായിരുന്നവരോടു മതപ്രചരണത്തിനുവേണ്ടിയുള്ള യാത്രയിൽനിന്നു പിന്തിരിയരുതെന്നു് ഉപദേശിച്ചു. മക്കത്തേയ്ക്കു പുറപ്പെടുമ്പോൾ രാജ്യം പങ്കുവെച്ചുകൊടുത്തിരുന്ന[10] എല്ലാ സാമന്തരാജാക്കന്മാർക്കും കത്തു കൊടുത്തു. അദ്ദേഹത്തിന്റെ അന്ത്യലിഖിതവുമായി മാലിക്ക്ദീനാറുടെ നേതൃത്വത്തിലുള്ള അറബികളുടെ സംഘം കൊടുങ്ങല്ലൂർ കപ്പലിറങ്ങിയതു ഹിജ്റ 21 റജബ്മാസം 11-ാം...യാണെന്നു പറയപ്പെടുന്നു. മാലിക്ദിനാറുടെ സംഘത്തിൽ ശറഫ്ബിനുമാലിക്കും പുത്രനായ മാലിക്കുമുംപ്പെടെ അദ്ദേഹത്തിന്റെ 10 പുത്രന്മാരും 5 പുത്രിമാരും മാലിക്ഇബനുഹബീബിന്റെ പത്നി ഖുമരിയ്യയും കുട്ടികളും ബന്ധുക്കളിൽ ഏതാനുംപേരും കൂടാതെ 22 മതപണ്ഡിതന്മാരുമുണ്ടായിരുന്നു. (ലോഗൻസ്മാനുവൽ: വാല്യം: 1) [ഹബീബ്, തഖിയുദ്ദീൻ, മൂസ, ഉമർ മുഹമ്മദ്, അലി, അബ്ദുറഹിമാൻ, ഹുസെയിൻ, ഇബ്രാഹിം, ഹസ്സൻ എന്നിവരായിരുന്നു മാലിക്ദിനാറിന്റെ പുത്രന്മാർ. ഫാത്തിമ, ആയിശ, സൈനബ, താഹിറ, ഹലിമ എന്നിവരാണ് പെൺമക്കൾ] അവർ കൊടുങ്ങല്ലൂർരാജാവിനെ മുഖം കാണിച്ചു. അന്തരിച്ച പെരുമാളുടെ കത്തു കൊടുത്തു. രാജാവു യാത്രാസംഘത്തെ ആദരവോടെ എതിരേററു. അവക്കു താമസസൗകര്യം ഏർപ്പെടുത്തിക്കൊടുത്തു. കൊടുങ്ങല്ലൂർതന്നെ ആദ്യത്തെ പള്ളി പണിയാൻ രാജാവു സൗകര്യം ചെയ്തുകൊടുത്തു. പള്ളിക്കു് ആവശ്യമായ ഉറപ്പേറിയ കല്ലുകളും വിദഗ്ദ്ധരായ തച്ചന്മാരേയും കൊട്ടാരംവകയായി രാജാവുതന്നെയാണ് നല്കിയതു്. മുസ്ലിംകോളണിയുടെ മേലന്വേഷണംകൂടി അന്നത്തെ രാജാവു നിർവഹിച്ചിരുന്നു. രാജാവിന്റെ ശ്രദ്ധ വിദേശങ്ങളുമായി കച്ചവടംബന്ധം പുലത്തുന്നതിലും രാജസദസ്സിൽ മതപുരോഹിതന്മാരുമായി ചച്ചനടത്തുന്നതിലും കേന്ദ്രീകരിച്ചിരുന്നു. വിദൂരസ്ഥരായ അതിഥികളുടെ കാര്യത്തിൽ രാജാവു പ്രത്യേകം ശ്രദ്ധിച്ചിരുന്നു... മുസ്ലിംപള്ളിക്കടുത്തു

10 ലോഗൻ മലബാർ മാനുവൽ-പുറം-195

മതപണ്ഡിതർക്കഹിതമായി ആരും ഒന്നും ചെയ്യരുതെന്നും പള്ളിയെ സ്വന്തം ദേവാലയമായി ആദരിക്കണമെന്നും രാജാവു പ്രത്യേകം നിർദ്ദേശിച്ചിരുന്നു. പള്ളിക്കും രാജാവിന്റെ അരമനക്കും ഇടയിലുള്ള ദൂരം ഒരു വിളിപ്പാടകലംമാത്രമായിരുന്നു. മുസ്ലിംവിദേശവ്യാപാരികൾക്ക പള്ളിക്കടുത്തു താമസസൗകര്യം അനുവദിച്ചിരുന്നു. അന്നത്തെ തുറമുഖമായിരുന്ന സ്ഥലത്തു പടിഞ്ഞാറുഭാഗത്തായി ഒരു വലിയ കുളം അവശേഷിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ പള്ളിയാണ് ഇതെങ്കിലും ഇടക്കാലത്തു കാര്യമായ പല റിപ്പയർകളും നടന്നിട്ടുണ്ട്.''11 ഈ പള്ളിയുടെ ആദ്യത്തെ ഖാസി മാലിക്ദിനാർ തന്നെയായിരുന്നു എന്നു പറയപ്പെടുന്നു. എ. ഡി. 627–ൽ ഒരു ശിവക്ഷേത്രം പള്ളിയാക്കി മാററിയതാണ് ഇന്നത്തെ ചേരമാൻപള്ളി എന്നാണ് മറെറാരഭിപ്രായം. മാലിക്ദിനാർ അറേബിയയിൽനിന്നു പല കാഴ്ചവസ്തുക്കളും കൊണ്ടുവന്നിരുന്നു. അവയിൽ 13 മാർബിൾശിലകളും ഉൾപ്പെട്ടിരുന്നു. (ഇവ മൂന്നേ ഉള്ളൂ എന്നും അല്ല ഒമ്പതാണെന്നും അഭിപ്രായമുണ്ട്) അവയിൽ ഒന്നാണ് ചേരമാൻപള്ളിയുടെ അടിസ്ഥാനശിലയായിത്തീർന്നതു്. ബാക്കി ശിലകൾ അദ്ദേഹത്തിന്റെയും സംഘത്തിന്റെയും മതപ്രചരണകാലത്തു നിർമ്മിക്കപ്പെട്ട മററു പള്ളികൾക്കുവേണ്ടിയാണ് ഉപയോഗപ്പെടുത്തിയതു്.

കൊടുങ്ങല്ലൂർ വന്ന മാലിക്ദീനാറും സംഘവും അന്നത്തെ ഭരണാധികാരിയെ മുഖം കാണിച്ചു ''താമസിക്കാൻ പാർപ്പിടത്തേക്കാൾ മുമ്പ് ആരാധിക്കാൻ പള്ളി വേണമെന്നാവശ്യപ്പെട്ടതായി'' തൃശ്ശൂർജില്ലാ മഹൽ അസോസിയേഷൻ സോവനീറിൽ (1983) കാണുന്നു. ''അവരുടെ ആദ്യത്തെ ആവശ്യം സന്തോഷപൂർവ്വം അംഗീകരിക്കപ്പെട്ടു. കൊടുങ്ങല്ലൂരിൽ ഒരു ദേവാലയം താമസംവിനാ പള്ളിയായി. അങ്ങനെ ആദ്യത്തെ മുസ്ലിം ദേവാലയം കൊടുങ്ങല്ലൂർ സ്ഥാപിച്ചു. പള്ളിയുടെ മധ്യത്തിലുള്ള ചങ്ങലവട്ടയിൽ തൂങ്ങിക്കിടക്കുന്ന ഒരു നിലവിളക്ക് ഇന്നും അവിടെ ഉണ്ട്...ഓട്ടുകൊണ്ടു നിർമ്മിച്ച ആ വിളക്ക നാനാജാതിമതസ്ഥരും നേർച്ചയായി നല്കുന്ന നല്ലെണ്ണ ഒഴിച്ചു നിത്യവും പ്രകാശമാനമാക്കുന്നു. ആ നിലവിളക്കിൽ ഏതോ ഭാഷയിൽ പലതും ആലേഖനംചെയ്തിട്ടുണ്ട്.''

പെരുമാളുടെ മക്കായാത്രയ്ക്കുമുമ്പുതന്നെ ഇവിടെ മുസ്ലിംകളും പള്ളികളും ഖാസികൾപോലും ഉണ്ടായിരുന്നതായി അനുമാനിക്കാവുന്ന ഒരു പരാമർശം 'കേരളോത്പത്തി'യിൽ ഉണ്ട്.

11 കേരളമുസ്ലിംചരിത്രം—പി. ഐ. സെയ്തുമുഹമ്മദ്. പുറം20

പെരുമാൾ കേരളം വിട്ടപ്പോൾ "ഖാസിമാരെയും മുഹമ്മദീയരെയും നിയമിക്കാനും മക്കത്തേയ്ക്കു കപ്പലോടിക്കാനുമുള്ള അവകാശം" കോഴിക്കോടിനോടൊപ്പം കുന്നലക്കോന്ന ദാനം ചെയ്തു എന്നാണ് അതിൽ പറയുന്നത്.

പെരുമാളുടെ കത്തുമായി വന്ന അറബികൾക്ക് ആ കത്തിലെ നിർദ്ദേശാനുസരണം പള്ളി പുതുതായി പണിയിച്ചുകൊടുക്കുകയല്ല ഉണ്ടായതെന്നാണ് മറെറാരു അഭിപ്രായം. ബുദ്ധക്ഷേത്രമോ ജൈനക്ഷേത്രമോ പള്ളിയാക്കി മാററാൻ അനുവദിക്കുകയാണുണ്ടായത്. "അരാകളത്തിന്റെ വകത്തു പണിയിച്ച ബുദ്ധവിഹാരമാണത്രേ മുസ്‌ലിം പള്ളി. ബുദ്ധമതക്ഷയത്തിനുശേഷം ചേരരാജാവു് ഈ വിഹാരം മുസ്‌ലിമുകൾക്ക കൊടുത്തതാവാം. കൊടുങ്ങല്ലൂരിനടുത്തു സായിവിന്റെ പള്ളിയുടെ കുളത്തിൽനിന്നു ബുദ്ധമതപ്രതിമ കണ്ടുകിട്ടിയിട്ടുള്ളതും ഈ ഊഹത്തെ പ്രബലപ്പെടുത്താൻ ഉപകരിക്കുന്നു"[12]. ജൈന-ബുദ്ധമതക്കാർക്കെതിരായ പ്രവർത്തനങ്ങൾ അക്കാലത്തു ശക്തിപ്പെട്ടിരുന്നുവല്ലോ. "കൊടുങ്ങല്ലൂർഭരണിയെയും ചേർത്തല പൂരത്തെയും ചുററിപ്പററിയുള്ള ഐതിഹ്യങ്ങൾ അവ ബുദ്ധമതക്കാരെ വിഷമിപ്പിക്കാൻ ഉടലെടുത്തതാണെന്നാണ് കാണിക്കുന്നതു്. ജൈനമതക്കാരെ വേട്ടയാടിയതിന്റെ സ്മരണകൾ മധുരമീനാക്ഷീക്ഷേത്രത്തിന്റെ പുഷ്കരീമണ്ഡപത്തിലുള്ള ചിത്രങ്ങളിൽ ഇന്നും അവശേഷിക്കുന്നുണ്ടല്ലോ."[13] "ബുദ്ധജൈനമതക്കാരെ ഓടിക്കാൻ ബ്രാഹ്മണർ അവരുടെ കുലിപ്പടയ്ക്കു കള്ളുകൊടുത്തു തെറിവിളിപ്പിച്ച് അടിച്ചോടിച്ചതിന്റെ സ്മരണയാണ് തെറിപ്പാട്ടെന്നും. ക്ഷേത്രപ്രവേശനം താണ ജാതിക്കാർക്കു നിഷിദ്ധമായപ്പോൾ പൂർവ്വാവകാശം സ്ഥാപിക്കാൻ വടിയും തടിയും ധരിച്ചു തെറി പറഞ്ഞു കാവേററവും കാവുതീണ്ടലും കഴിച്ചു കോഴിവെട്ടി അമ്പലം പൊളിക്കാൻ ശ്രമിക്കുകയും ക്ഷേത്രസംരക്ഷകരായ തമ്പുരാനും ഒന്നു കുറെ ആയിരം മുതലായ സൈന്യവും ആക്രമണത്തെ തടയാൽ കഴിയാതെ അമ്പലം അടച്ചുപൂട്ടി ഒളിച്ചോടുകയും ചെയ്തതിന്റെ സ്മരണയാണ് കൊടുങ്ങല്ലൂർഭരണി"[14] എന്ന അഭിപ്രായവും ശ്രദ്ധേയമാണ്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ ഒരു ബുദ്ധദേവാലയമോ ജൈനദേവാലയമോ ആവാം മുസ്‌ലിമുകൾക്ക പള്ളിയാക്കിമാററാൻ ഒഴിഞ്ഞുകൊടുത്തതെന്ന് ഊഹിക്കുന്നതിൽ തെററില്ല. ക്ഷേത്രങ്ങൾ

---

12 കേരളചരിത്രനിഘണ്ടു- എസ്. കെ. വസന്തൻ പുറം-173

13 മുസ്ലീമിങ്ങളും കേരളസംസ്കാരവും- പി. കെ. മുഹമ്മദ്കുഞ്ഞി. പുറം-52

14 കേരളത്തിലെ സ്ഥലചരിത്രങ്ങൾ- വി. വി. കെ. വാലത്ത് പുറം-41

മാത്രമല്ല, പള്ളികൾപോലും ജൈനന്മാരുടെ സവിശേഷമാതൃകയിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്ന ഫർഗ്ഗുസൻ 'ഹിസ്റ്ററി ഓഫ് ഇന്ത്യൻ അൻഡ് ഈസ്റ്റേൺ ആർക്കിടെക്ച്ചർ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തീട്ടുമുണ്ട്.

പാലിഭാഷയിൽ പള്ളി എന്ന പദത്തിനർത്ഥം ആരാധനാലയം എന്നാണ്. ചേരമാൻപള്ളിയിൽ തൂങ്ങികിടപ്പുള്ളതും നടെ പരാമർശിച്ചതുമായ നിലവിളക്കിന്മേൽ തെളിഞ്ഞുകാണാതെ കിടപ്പുള്ള അക്ഷരങ്ങളും പാലിയാണെന്ന കരുതേണ്ടിയിരിക്കുന്നു. കേരളത്തിൽ ആദ്യമായി ഒരു ലിപി–ബ്രാഹ്മി–ഏർപ്പെടുത്തിയതു ബുദ്ധമതക്കാരാണ്. തിരുനാമൊഴി കർത്താവായ നമ്മാൾ വാക്ക തിരുവഞ്ചിക്കുളത്തുണ്ടായിരുന്ന ആരാധനാലയത്തെ പള്ളി എന്നാണ് വിളിച്ചുവന്നിരുന്നത്. അക്കാലംതൊട്ടേ ഹൈന്ദവേതരദേവാലയങ്ങളെല്ലാം പള്ളി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പള്ളിയറ, പള്ളിവേട്ട, പള്ളിക്കുറുപ്പ്, പള്ളിക്കെട്ടുതുടങ്ങിയവയൊക്കെ രാജാവും ദൈവവുമായി ബന്ധപ്പെട്ട പ്രയോഗങ്ങളുമാണ്. പള്ളികൾ ഉൾക്കൊള്ളുന്ന സ്ഥലനാമങ്ങളും കേരളത്തിൽ ഏറെയുണ്ടല്ലോ.

പെരുമാൾ മക്കയിലേയ്ക്കു പുറപ്പെടുമ്പോൾ രാജ്യം പങ്കുവെച്ചുകൊടുത്ത രാജാക്കന്മാർക്കെല്ലാം അറബികളുടെ പക്കൽ കത്തയച്ചിരുന്നു എന്നു കരുതേണ്ടിയിരിക്കുന്നു. ആ കത്തുകളിൽ പള്ളി പണിയുന്നതിനുള്ള സ്ഥലം ദാനമായി നല്കണമെന്നാവശ്യപ്പെട്ടിരുന്നു. തന്റെ രോഗത്തെപ്പററിയോ മരണത്തെപ്പററിയോ വെളിപ്പെടുത്തരുതെന്നും കൊടുങ്ങല്ലൂരോ ധർമ്മപട്ടണത്തോ അല്ലാതെ കപ്പലിറങ്ങരുത് എന്നും അറബികളോടു നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

പെരുമാൾ മരിച്ച് എട്ടു കൊല്ലത്തിനുശേഷമാണ് മാലിക് ദീനാറും സംഘവും പുറപ്പെട്ടതെന്നാണ് ചില 'മാപ്പിളരേഖക'ളിൽ കാണുന്നതെന്ന ലോഗൻ രേഖപ്പെടുത്തീട്ടുണ്ട്. അന്നു കൊടുങ്ങല്ലൂർ ഭരിച്ചിരുന്നതു ചേരമാൻ ഐതിഹ്യം അനുസരിച്ച് ഒരു പെരുമാളാവാൻ വഴിയില്ല. മക്കയിലേയ്ക്കു പോയതു് അവസാനത്തെ പെരുമാളാണെന്നാണല്ലോ കരുതപ്പെടുന്നത്. സാമന്തക്കിടയിൽ അദ്ദേഹം രാജ്യം പങ്കുവെച്ചു കൊടുത്തു. മേൽക്കോയ്മയ്ക്കു് അദ്ദേഹത്തോട് അതൃപ്തി ഉണ്ടായിരുന്നു എന്നും അദ്ദേഹം രാജ്യം വിട്ടതുതന്നെ രഹസ്യമായായാണെന്നുമാണ് അനുമാനിക്കപ്പെടുന്നത്. ആ നിലയിൽ അദ്ദേഹത്തിന്റെതന്നെ അനന്തിരവൻ പിന്നീട് അധികാരത്തിൽ ഉണ്ടായിരിക്കാൻ ഇടയില്ല. കൊടുങ്ങല്ലൂർതമ്പുരാനോ കൊച്ചിരാജാവോ ആവണം പെരുമാളുടെ നിർദ്ദേശാനുസരണം അറബി

കരംക്കു് ആദ്യത്തെ പള്ളി നിർമ്മിക്കാൻ (മററു മതക്കാരുടെ ദേവാലയം പള്ളിയാക്കി മാററാനോ) അനുമതി നല്കിയതു്.

പെരുമാളുടെ സഫാറിലുള്ള ഖബറിടം നന്നാക്കുന്നതിന്നു വേണ്ടി പണപ്പിരിവു നടത്താൻ അവിടെനിന്നു പള്ളിമുക്രി 1857_ൽ കേരളത്തിൽ വന്നതായി ലോഗൻ രേഖപ്പെടുത്തീട്ടുണ്ടു്. 1887_ലോ അതിനടുത്ത കാലത്തോ ആണു് ലോഗൻ മാനുവൽ തയ്യാറാക്കിയതു്. അതുകൊണ്ടു 1857_ലെ സംഭവം വെറും ഊഹാപോഹങ്ങളെമാത്രം ആസ്പദമാക്കി രേഖപ്പെടുത്തിയിരിക്കാൻ ഇടയില്ല.

''പെരുമാരം കൊടുങ്ങല്ലൂരിൽനിന്നു കപ്പൽക്കാരും മററുമായിപ്പോയി. വിടക്കൂടാതെ ശഹർമുഖല്ല ബന്തരിൽ ചെന്നിറങ്ങി. അപ്പോരം മുഹമ്മദ് നബി ജിദ്ദാ എന്ന ദിക്കിൽ പാത്തുവന്നു. അവിടെ ചെന്നു കണ്ടു മാർഗ്ഗം വിശ്വസിച്ചു. താജുദ്ദീൻ എന്ന പേരായി........പെരുമാളുടെ എഴുത്തും മുദ്രയുമായി രണ്ടു കപ്പലിലായി അവിടെ നിന്നു 11 തങ്ങരംമാർ വന്നു. രാജസമ്മതത്താലെ പള്ളിയുണ്ടാക്കി. മാടായിപള്ളി, അബ്ദുറഹിമാൻപള്ളി, മുട്ടത്തുപള്ളി, പന്തലായിനിപള്ളി, ശിഹാബുദ്ദീൻപള്ളി ഇങ്ങനെ പതിനൊന്നു പള്ളിയുണ്ടാക്കി. അപ്രകാരമല്ലേ എന്റെ മാടായി നഗറെ'' [15] എന്നു മാടായു് തെയ്യത്തിന്റെ അരുളപ്പാടിലും പെരുമാരം ഐതിഹ്യം പ്രതിഫലിക്കുന്നുണ്ടു്.

പെരുമാളുടെ മതമാററകഥയുമായി ബന്ധപ്പെട്ട ഒരു ആചാരം ഇന്നും ചിറക്കൽ കടലായിക്ഷേത്രത്തിൽ നടന്നുവരുന്നു. ശ്രീകൃഷ്ണനു വട്ടളപായസം നിവേദിക്കുന്ന പതിവാണിതു്. കോലത്തിരിമാർ അവരുടെ പൂർവ്വികർ ചെയ്തുപോയ പാപത്തിനു പരിഹാരമായാണീ ആചാരം നടപ്പാക്കിയതെന്നു പറയപ്പെടുന്നു. ഇതേപ്പോലെതന്നെ പെരുമാളുടെ മക്കയാത്രയുമായി ബന്ധപ്പെട്ട ഒരു ചടങ്ങു് ഇരണിയലിൽ ഉണ്ടു്. ആണ്ടിലൊരിക്കൽ ആറാട്ടു് ഉത്സവത്തോടു് അനുബന്ധിച്ചു് ആനയെ കുളത്തിലിറക്കി പെരുമാളെത്തിരയിക്കുന്ന ചടങ്ങു് ഇന്നും അവിടെ നടക്കുന്നു സിലോണിലെ ആദംമലയിലേയ്ക്കു പോകുന്ന വഴി ചില അറബിസഞ്ചാരികരം പെരുമാളെ സന്ദർശിച്ചു എന്നാണു് മറെറാരു ഐതിഹ്യം. പെരുമാരം അവരോടൊപ്പം യാത്രതിരിക്കാനുറച്ചു. അക്കാലത്തു് അറബികരം സാധാരണയായി കൊടുങ്ങല്ലൂർ വരാറുണ്ടായിരുന്നു എന്നു തെളിയി

15 കേരളചരിത്രശകലങ്ങരം—അടൂർ കെ. കെ. രാമചന്ദ്രൻനായർ. പുറം 52-54

ക്കുന്ന പല കഥകളും ഉണ്ട്. ചൈനയിലെ മുസ്ലിംകേന്ദ്രമായിരുന്ന കാൻറണിൽനിന്നു വഹബ് അലിയുടെ നേതൃത്വത്തിൽ ചൈനക്കാരും അറബികളും അടങ്ങിയ ഒരു സംഘം കൊടുങ്ങല്ലൂർ വന്നതായും അവിടുത്തെ രാജകുടുംബത്തിലെ അംഗത്തിനു വിഷബാധ ഉണ്ടായപ്പോൾ വഹബ് അലി ചികിത്സിച്ചു മാററിയതായും പറയപ്പെടുന്നതു് ഇതിനുദാഹരണമാണ്. ഈ സംഘത്തിൽ ഒരു ജൈനസന്ന്യാസിയും ഉണ്ടായിരുന്നു. പെരുമാൾ മക്കത്തേയ്ക്കു പോകാൻ ഉറച്ചതിനെപ്പററി ജനങ്ങൾ പാണ്ടിരാജാവിനോടു പരാതിപ്പെട്ടിരുന്നു. വരഗുണ പാണ്ഡ്യൻ ഒരു സൈന്യവുമായി വന്നു വിഴിഞ്ഞത്തുവെച്ചു പെരുമാളെ തോല്പിച്ചു. സർവ്വസംഗപരിത്യാഗിയായി കഴിഞ്ഞിരുന്ന പെരുമാൾ രാജ്യം പങ്കുവെച്ചു കൊടുത്തു സിലോണിൽനിന്നു തിരിച്ചുവന്ന തീർത്ഥാടകരോടൊപ്പം മക്കത്തേയ്ക്കു പോയി. ''ഏതാണ്ടു് 14–ാംനൂററാണ്ടിനടുത്തുള്ള പഴയ ഒരു പദ്യത്തിൽ അവസാനത്തെ പെരുമാൾ രാമവർമ്മയാണെന്നാണ് കാണുന്നതു്. 1102–ലെ ലിഖിതത്തിൽപ്പറയുന്ന പ്രായശ്ചിത്തത്തിനുശേഷം രാമവർമ്മയെ ഒരു രേഖയിലും കാണുന്നില്ല. അദ്ദേഹം നേരത്തെ ചൂണ്ടിക്കാട്ടിയതുപോലെ ഒരു സന്ന്യാസിയായിത്തീർന്നിരിക്കാം......നമ്പൂതിരിജന്മിമാരുടെ വെറും റാൻമൂളിയാവാൻ വയ്യെന്നു തോന്നിയതുകൊണ്ടു് അദ്ദേഹം അപ്രത്യക്ഷനായിരിക്കാം.''[16] ഈ ഉദ്ധരണിയിലെ അപ്രത്യക്ഷനായി എന്ന പ്രയോഗം വളരെ അർത്ഥഗർഭമാണെന്നു തോന്നുന്നു. പെരുമാൾ കേരളം വിട്ടതു രഹസ്യമായാണെന്നു മക്കത്തു പോയെന്നു വിശ്വസിക്കുന്നവരും ആ വിശ്വാസത്തെ നിരാകരിക്കുന്നവരും ഒരേപോലെ അംഗീകരിക്കുന്നു. പെരുമാൾ സർവ്വസംഗപരിത്യാഗിയായി സന്ന്യസിക്കുകയാണുണ്ടായതെന്നു കരുതുന്നവരും അതല്ല അദ്ദേഹം ബുദ്ധമതാനുയായിയാവുകയാണുണ്ടായതെന്നു ധരിക്കുന്നവരും അദ്ദേഹത്തിന്റെ യാത്രയെസ്സംബന്ധിച്ചുള്ള നിഗൂഢത അംഗീകരിക്കുന്നു. ''പലപ്പോഴും ചരിത്രം തനി പഴംപുരാണമാണ്. അല്ലെങ്കിൽ യാഥാർത്ഥ്യവും സങ്കല്പവും ചേർന്നതാണ്. അതുമല്ലെങ്കിൽ പാരമ്പര്യം സൂക്ഷിക്കുന്ന ഏതെങ്കിലും സംഭവത്തിന്റെ അതിശയോക്തിപരമായ വിവരണമാണ്''[17] എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പെരുമാൾ ഐതിഹ്യത്തെയും കേരളത്തിലെ ആദ്യത്തെ മുസ്ലിംപള്ളികളെസ്സംബന്ധിച്ചുള്ള അതുമായി ബന്ധപ്പെടുത്തിയ ധാരണകളെയും അംഗീകരിക്കുകയാണ് യുക്തി എന്നു പറയേണ്ടതില്ലല്ലോ. ''യഥാർത്ഥത്തിൽ''

16 സ്റ്റഡീസ് ഇൻ കേരളാ ഹിസ്റ്ററി — ഇളംകുളം കുഞ്ഞൻപിള്ള. പുറം 403

17 ഡിസ്കവറി ഓഫ് ഇന്ത്യ — ജവഹർലാൽ നെഹ്റു. പുറം 90

ചേരമാൻ ഐതിഹ്യത്തിന് ''എന്തോ അടിസ്ഥാനമുണ്ടെന്ന സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല''[18] എന്ന അഭിപ്രായത്തിനാണ് മുൻതൂക്കമുള്ളത്.

ചേരരാജധാനിക്കടുത്തുണ്ടായിരുന്ന സ്ഥലമാണിന്നത്തെ ചേരമാൻപറമ്പ്. അരാക്കുളത്തിന്റെ വക്കിലാണ് ചേരമാൻ പള്ളി. വടക്കേ വക്കിലായിരുന്ന വലിയ തമ്പുരാന്റെ കൊട്ടാരം. ക്ഷേത്രത്തിലെ ആറാട്ടടിയന്തിരത്തോടനുബന്ധിച്ച പള്ളി ആറാട്ടെന്നൊരു ചടങ്ങുണ്ട്. ചേരമാൻ കപ്പൽകയറാൻ പുറപ്പെട്ട പോയ വഴിയിലൂടെയാണ് ആറാട്ട് എഴുന്നള്ളത്ത്. ആ ആറാട്ട് അടിയന്തിരത്തിൽത്തന്നെ ചേരമാൻ പള്ളിക്കുസമീപം നടക്കുന്ന പള്ളിയാറാട്ടം ശ്രദ്ധേയമാണ്. ചേരമാൻ പള്ളിക്കു സമീപം ദീനാറുടെ സംഘത്തിലുണ്ടായിരുന്ന മാലിക് ഇബ്നുഹബീബിന്റെ ഖബറിടം ഇന്നും കാണപ്പെടുന്നു.

ചേരമാൻപെരുമാൾ അറേബ്യൻതീരത്തു സഫാറിൽവെച്ച മരിച്ചതും അവിടെ മറവുചെയ്തതും ശൈഖ്സൈനുദ്ദീന്റെ കാലനിർണ്ണയമനുസരിച്ച് എ. ഡി. 822-ലാണ്. പെരുമാൾ മരിച്ച 8 വർഷത്തിനുശേഷമാണ് മാലിക്ദിനാറും സംഘവും മലബാറിൽ എത്തിയത്. ''പെരുമാളുടെ മരണവിവരം അപ്പോഴം രഹസ്യമാക്കി വെച്ചു. അവർ സ്വാഗതംചെയ്യപ്പെട്ടു. മതവിശ്വാസം പ്രചരിപ്പിക്കുന്നതിനുവേണ്ടി അവർ നാട്ടിൽ ഉടനീളം സഞ്ചരിച്ചു. ഒമ്പതു പള്ളികൾ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളിൽ ഓരോരുത്തരെത്തന്നെ ഖാസിയായി നിയമിച്ചു. എന്നിട്ട് അറേബ്യയിലേയ്ക്കു മടങ്ങിപ്പോയി''[19] എന്നാണ് പ്രബലമായ അഭിപ്രായഗതി. ആദ്യത്തെ പള്ളികൾ കൊടുങ്ങല്ലൂർ, പന്തലായിനി, കൊല്ലം, ബർക്കൂർ, ചാലിയം, ധർമ്മപട്ടണം, മടായി, മഞ്ചലൂർ (മംഗലാപുരം), ശ്രീകണ്ഠപുരം, കാസർകോട്, ഏഴിമല എന്നിവയാണെന്ന 'തുഹഫത്തുൽമുജാഹിദീ'നിൽ കാണുന്നു. ഉമർ ഇബ്നു മുഹമ്മദ് സുഹ്ർവർദി രചിച്ച രിഹാലത്തുൽ മുലൂക്കിലെ (രാജാക്കന്മാരുടെ യാത്ര) വിവരണമനുസരിച്ച മാഹി, ചോമ്പാൽ, പെരിങ്ങാടി, തലശ്ശേരി, പുതിയങ്ങാടി, ഉള്ളാൾ, താനൂർ, തിരൂർ, പരപ്പനങ്ങാടി, പൊന്നാനി, പുതുപൊന്നാനി, ചാവക്കാട്, കൊച്ചി, പള്ളുരുത്തി, ചിററൂർ, ആലപ്പുഴ, തിരുവനന്തപുരം, പൂവ്വാർപട്ടണം, തേങ്ങാപട്ടണം, കൊളച്ചിൽ, കാവിൽപട്ടണം എന്നിവിടങ്ങളിൽക്കൂടി ഖാസികളെ നിയമിച്ചതായി കാണുന്നുണ്ട്.

18 കൊച്ചിൻ സ്റ്റേററ് മാനവൽ—സി. അച്യുതമേനോൻ. പുറം 227-28

19 മാപ്പിളമുസ്ലിംസ് ഓഫ് കേരള- ആർ. മില്ലർ. പുറം—48

## II

''തക്കത്തിലന്നു പെരുമാളിതരാക്കുളത്തിൻ
വക്കത്തു ബൗദ്ധപരിഷത്തു മഹാവിഹാരം
ഒക്കത്തരം പണിതതന്നു മുഹമ്മദീയർ
മക്കത്തു നോക്കുമൊരു പള്ളിനിലസ്സു കാൺമൂ.''

കേരളവ്യാസൻെറ ഈ ('കേരളം') പരാമർശത്തിൽ ബൗദ്ധപരിഷത്തുവേണ്ടി പണിതീർത്ത മഹാവിഹാരമാണ് ആദ്യത്തെ പള്ളിയായി മാററിയതെന്ന ചരിത്രാംശംമാത്രമല്ല ഉൾക്കൊള്ളുന്നതു്. പള്ളികളെപ്പററിയുള്ള മുസ്ലിംകളുടെ സങ്കല്പംകൂടി അതിൽ പ്രതിഫലിക്കുന്നു. മക്കത്തു നോക്കുന്ന പള്ളി എന്ന നിലയിലാണല്ലോ അതു പരിഗണിക്കപ്പെടുന്നതു്. പൊന്നാനിയിലെ വലിയ ജുമുഅത്ത് പള്ളി നിർമ്മിക്കുമ്പോൾ സൈനുദ്ദീൻ മഖ്ദൂം മേൽപ്പുരയിൽ കയറിനിന്ന തച്ചന്മാർക്കു മക്കത്തെ പള്ളി കാണിച്ചുകൊടുത്തു എന്നൊരു അത്ഭുതകഥയുണ്ടു്. ''ഞാൻ അത്ഭുതങ്ങൾ കാണിക്കാനായി നിയോഗിക്കപ്പെട്ടിട്ടില്ലെ''ന്ന പ്രവാചകവചനത്തിൻെറ വെളിച്ചത്തിൽ ഈ കഥ അവിശ്വസനീയമാണെങ്കിലും മക്കത്തെ പള്ളിയുടെ മാതൃക തച്ചന്മാരെ മനസ്സിലാക്കാൻ മഖ്ദൂം യത്നിച്ചിരിക്കുമെന്നുള്ളതു തീർച്ചയാണ്.

കഅ്ബയുടെ നേരെ തിരിഞ്ഞുനിന്നാണ് ലോകമെങ്ങുമുള്ള മുസ്ലിംകൾ പ്രാർത്ഥിക്കുന്നതു്. ശവശരീരങ്ങൾ മറവു ചെയ്യുന്നതും കഅ്ബയെ അഭിമുഖീകരിക്കുന്ന സ്ഥിതിയിൽത്തന്നെ. കേരളത്തിൻെറ ഏതു കോണിൽ നിന്നു നോക്കിയാലും 20°–22° വടക്കുപടിഞ്ഞാറാണ് കഅ്ബ. മാനവരാശിയുടെ ആദ്യത്തെ ദേവാലയം കഅ്ബയാണെന്നു മുസ്ലിംകൾ വിശ്വസിക്കുന്നു. ഉത്പത്തി 28:22–ൽ (പഴയ നിയമം) ''ഞാൻ തൂണായി നിർത്തിയ ഈ കല്ല് ദൈവത്തിൻെറ ആദ്യത്തെ ആരാധനാലയമായി തീരട്ടെ'' എന്നു പറയുന്നതു് കഅ്ബയിലുള്ള കൃഷ്ണശിലയെ (ഹജ്റുൽ അസ്‌വദ്) ഉദ്ദേശിച്ചാണെന്ന് ഊഹിക്കപ്പെടുന്നു. സ്വർഗ്ഗം നഷ്ടപ്പെട്ട ആദമിനോടൊപ്പം ഭൂമിയിലെത്തിയതാണ് ഈ ശില എന്നൊരഭിപ്രായമുണ്ടു്. മാനവരാശിയുടെ ഈററില്ലം മക്കയാണെന്ന അർത്ഥത്തിൽ മക്കയെ ഉമ്മുൽ ഖുറാ (രാജ്യങ്ങളുടെ മാതാവു്) എന്നു വിശേഷിപ്പിക്കാറുണ്ടു്. പ്രകൃതിയിലുണ്ടായ മാററവും വരൾച്ചയുമാണ് അറേബ്യയെ മരുഭൂമിയാക്കി മാററിയതു്. അവിടെനിന്നു മനുഷ്യർ സമൂഹങ്ങളായി ഒഴിഞ്ഞുപോകാൻ ഇടയായി. അങ്ങനെ അനാഥമായിത്തീർന്ന കഅ്ബയെ പിന്നീടു്

ഉദ്ധരിച്ചത് ഇബ്റാഹീമും മകൻ ഇസ്മാഈല്യമാണ്. ''ഇബ്റാഹീമിൻെറയും ഇസ്മാഈലിൻെറയും മേൽ നാം ഒരു കർത്തവ്യം ഏല്പിച്ചു. എൻെറ ഭവനം അവിടെ വരുന്നവർക്കും ആരാധിക്കുന്നവർക്കുംവേണ്ടി ശുദ്ധീകരിക്കുക'' എന്നു വിശുദ്ധ ഖുർ ആൻ പ്രഖ്യാപിക്കുന്നു. ആ കർത്തവ്യം നിർവ്വഹിച്ചു കൊണ്ടു് ഇബ്റാഹീം പ്രാർത്ഥിച്ചു, ''ഈ സ്ഥലം നിർഭയമാക്കേണമേ. ഞങ്ങളുടെ കർത്തവ്യനിർവ്വഹണം അംഗീകരിക്കണമേ'' എന്നു് (വി.ഖു). മുഹമ്മദ്നബിയുടെ ബാല്യത്തിൽ കഅ്ബയുടെ അററകുററപ്പണികൾ നടക്കുകയുണ്ടായി. അതിൽ കല്ലും മണ്ണും ചുമന്നുകൊണ്ടു് അദ്ദേഹവും പങ്കെടുത്തിരുന്നു. കറുത്ത ശില ഇളക്കി പ്രതിഷ്ഠിക്കേണ്ട അവസരം വന്നപ്പോൾ രക്തച്ചൊരിച്ചിലിൻെറ വക്കോളമെത്തിയ ഗോത്രങ്ങളുടെ മത്സരം അദ്ദേഹം ഇടപെട്ടാണു് ഒഴിവാക്കിയതു്. കറുത്ത ശില പൊക്കിയെടുക്കാനുള്ള അവകാശവാദം ഓരോ ഗോത്രവും ഉന്നയിച്ചു വാഖാരിബും റബിഅയും സക്കറയും തഖ്ലബും തമ്മിൽ തർക്കമായി. പ്രാകൃതരായ അറബികൾ വാളൂരി കൊലവിളി നടത്തി. അനാഥനാണെങ്കിലും വിശ്വസ്തനാണെന്നു (അൽ അമീൻ) സർവ്വസമ്മതി നേടിയിരുന്ന മുഹമ്മദ് തീരുമാനിക്കട്ടെ എന്നു് ഒരു വൃദ്ധൻ നിർദ്ദേശിച്ചു. ഒരു വിരിപ്പു കൊണ്ടു വന്നു ശില അതിൽ കയററിവെച്ചു് എല്ലാവരും ചേർന്നു പൊക്കിയെടുക്കാമെന്നാണു് മുഹമ്മദ് അഭിപ്രായപ്പെട്ടതു്. അങ്ങനെ

''അരുതരുതു വിരോധം ഭിന്നവർഗ്ഗങ്ങളെല്ലാം
ഒരു ചരടിലണക്കിക്കോർത്ത പുഷ്പങ്ങളല്ലോ''

എന്ന ബോധം അറബികളിൽ ഉണർത്താൻ അന്നേ അദ്ദേഹം ഉത്സാഹിച്ചു.

ഇസ്ലാമിൻെറ ആദ്യഘട്ടത്തിൽ ജറുസലേമിലെ ബൈത്തുൽ മുഖദ്ദിസിനു് അഭിമുഖമായാണു് മുസ്ലീംകൾ പ്രാർത്ഥിച്ചിരുന്നതു്. അതുകൊണ്ടു ബൈത്തുൽ മുഖദ്ദീസ് ആദ്യത്തെ ഖിബ്ലയായി അറിയപ്പെടുന്നു. അതിനു് മാററം വരുത്തുന്നതിനെ പരാമർശിച്ചുള്ള വിശുദ്ധഖുർആൻവചനം ആരാധനയെസ്സംബന്ധിച്ചുള്ള ഇസ്ലാമികസങ്കൽപ്പം വ്യക്തമാക്കുന്നതാണു്. ''ഭൂമിയുടെ ഭാഗമായ കിഴക്കും പടിഞ്ഞാറും ദൈവത്തിൻേറതാണു്. അതുകൊണ്ടു് അവൻെറ ആജ്ഞയനുസരിച്ചു നമസ്കാരത്തിൽ നിങ്ങളുടെ മുഖം എവിടേക്കു തിരിച്ചാലും ദൈവം തൃപ്തിപ്പെടുന്നു'' എന്നു സ്പഷ്ടമാക്കുന്നു. മറെറാരു വചനത്തിൽ (2.144) ''നിങ്ങൾ മസ്ജിദുൽ ഹറമിൻെറ ദിശയിലേക്കു മുഖം തിരിക്കുക'' എന്നു നിർദ്ദേശിക്കുന്നു. മസ്ജിദുൽ ഹറം എന്നാൽ കഅ്ബയാണു്.

''ആകാശത്തിനും ഭൂമിക്കും എന്നെ ഉൾക്കൊള്ളാൻ ആവില്ല, ഭക്തന്മാരുടെ ഹൃദയത്തിന്നല്ലാതെ'' എന്ന ഖുർആൻവചനത്തിന്നനുസൃതമായി കഅ്ബയുടെ ആകൃതി മനുഷ്യഹൃദയത്തോടു സാമ്യമുള്ളതാക്കിയിരിക്കുന്നു! കഅ്ബ എന്ന പദത്തിന്ന ചതുരവും വൃത്തവും ആയതെന്നർത്ഥമുണ്ട്. ചതുഷ്കോണാകൃതിയാണ് കഅ്ബ എന്നു പറയാം. അർദ്ധവൃത്താകൃതിയിലുള്ള ഛേദകം അതിനെ പൊതിഞ്ഞു നിൽക്കുന്നു.

ഇസ്ലാമിൻെറ ആവിർഭാവത്തിന്നുശേഷം ആദ്യമായി നിർമ്മിച്ച പള്ളി മദീനയിൽനിന്ന് അഞ്ചു നാഴികയിലധികം ദൂരമുള്ള ഖുബ്ബയിലാണ് (മസ്ജിദ്ഖുബ്ബ). ഒട്ടകം മുട്ടുകുത്തിയ സ്ഥലത്തെ പള്ളി എന്നാണ് അതറിയപ്പെടുന്നതു്. മക്കയിൽനിന്നു മദീനയിലേയ്ക്കു പലായനംചെയ്ത മുഹമ്മദ് നബിയുടേയും അനുചാരന്മാരുടേയും ആതിഥേയരാവാൻ മദീനയിലെ പല പ്രമുഖരും തമ്മിൽ മത്സരമായി. ഓരോരുത്തരും തങ്ങളുടെ വസതിയിൽ ഇറങ്ങണമെന്നും താമസിക്കണമെന്നും ആവശ്യപ്പെട്ടു. ആരുടേയും അതൃപ്തിക്കിടവരുത്താതെ ആദ്യമായി ഒട്ടകം മുട്ടുകുത്തുന്ന സ്ഥലത്തു പാർപ്പിടം ഉറപ്പിക്കാനാണ് നബി തീരുമാനിച്ചതു്. ഒട്ടകം മുട്ടുകുത്തിയ സ്ഥലം രണ്ടു സഹോദരന്മാർക്കു ചേർന്നതായിരുന്നു. അവർ ആ സ്ഥലം ദാനം ചെയ്യാൻ സന്നദ്ധരായി. പക്ഷേ അവർ അനാഥരായിരുന്നതുകൊണ്ടു പ്രതിഫലം കൊടുത്താണ് നബി സ്ഥലം ഏറ്റെടുത്തതു്. ഇഷ്ടികയും മണ്ണും ഉപയോഗിച്ചു തീർത്ത മതിലിനുള്ളിലെ അങ്കണംമാത്രമായിരുന്നു ആദ്യത്തെ പള്ളി. ഈത്തപ്പനത്തടിയും പട്ടയും ഉപയോഗിച്ചാണ് അതിൻെറ മേൽപ്പുര ഉണ്ടാക്കിയിരുന്നതു്. ആ പള്ളിയുടെ നിർമ്മാണത്തിൽ ദേഹാദ്ധ്വാനം ചെയ്തു നബിയും പങ്കെടുത്തു. ആർഭാടരഹിതമായ ആ ആരാധനാലയത്തിൽ തികച്ചും ലളിതമായ രീതിയിലാണ് പ്രാർത്ഥന നിർവഹിച്ചിരുന്നതു്. മുഹമ്മദ് നബി വെറും നിലത്തുനിന്നോ ഈത്തപ്പനയിൽ ചാരി നിന്നോ ആണ് തത്ത്വബോധനം നടത്തിയിരുന്നതു്. ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ഇസ്ലാമിൻെറ ആരാധനാകർമ്മങ്ങളിൽ ഏററവും പ്രധാനമായതു് അഞ്ചു നേരം നമസ്കരിക്കലാണ്. അതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം ഉത്കൃഷ്ടതയുടേയും പരിശുദ്ധിയുടേയും ഭക്തിയുടേയും പ്രതീകമായി പരിഗണിക്കപ്പെടുന്നു. മസ്ജിദ് എന്ന പദത്തിനർത്ഥം ദൈവത്തിൻെറ മുമ്പിൽ പ്രണമിക്കാനുള്ള (മറെറാരർത്ഥത്തിൽ പരിപൂർണ്ണമായി കീഴ്വഴങ്ങാനുള്ള) സ്ഥലമെന്നാണ്. ദൈവത്തിൻെറ മുമ്പിൽ എല്ലാ

1 ദി സ്പിരിററ് ഓഫ് ഇസ്ലാം—സയ്യിദ് അമീർ അലി. പുറം 54

സ്ഥലങ്ങളും ഒരുപോലെയാണ്. എവിടെവെച്ചും ഭക്ത ന്മാർക്കു പ്രണമിക്കാവുന്നതാണ്. ഇസ്ലാമിനെസ്സംബന്ധിച്ചി ടത്തോളം പ്രാർത്ഥന ഒരു കർമ്മാനുഷ്ഠാനംമാത്രമല്ല, പരിപൂർണ്ണമാ യ ജീവിതവ്യവസ്ഥയെ പ്രതിഫലിപ്പിക്കുന്നതാണ്. അതു കൊണ്ടു് ആദ്യത്തെ പള്ളിതന്നെ മുസ്ലിംസാമൂഹ്യജീവിതത്തി ൻെറ കേന്ദ്രമായി ഉയന്നു. മതത്തിൻെറ അടിസ്ഥാനപ്രമാണ ങ്ങളുമായി യോജിപ്പുള്ള സാമൂഹ്യജീവിതത്തിലെ എല്ലാ ദൈനം ദിനപ്രവത്തനങ്ങളും പള്ളിയിലാണ് കേന്ദ്രീകരിച്ചിരുന്നതു്. വിശ്വാസാചാരനുഷ്ഠങ്ങളെപ്പററിമാത്രമല്ല, നിത്യജീവിതത്തെ അഭിമുഖീകരിക്കുന്ന എല്ലാം പ്രശ്നങ്ങളെപ്പററിയും പ്രവാചകൻ പള്ളിയിൽവെച്ചു പ്രതിപാദിച്ചിരുന്നു. പ്രവാചകൻ സന്ദർ ശകരുമായി കൂടിയാലോചന നടത്തിയിരുന്നതും അവിടെവെ ച്ചുതന്നെയാണ്. സന്ദർശകർക്കു താമസസൗകര്യംപോലും പള്ളിയിൽ അനുവദിച്ചിന്നു. നജ്റാനിൽനിന്നു വന്ന ഒരു ക്രിസ്ത്യൻപ്രതിനിധിസംഘം പ്രവാചകനുമായി സംസാരിച്ചി രിക്കുമ്പോഴാണ് അവരുടെ പ്രാർത്ഥനസ്സു സമയമായതു്. അവ ക്കു ക്രസ്തീയരീതിയിൽ പ്രാർത്ഥിക്കാനുള്ള സൗകര്യം പള്ളി യിൽ ഏർപ്പെടുത്തിക്കൊടുത്തു.

രാജ്യകാര്യങ്ങളെപ്പററി ചച്ചനടത്താനും കററവാളികളെ വിചാരണനടത്താനും പള്ളിയാണുപയോഗിച്ചിരുന്നതു്. നി രാലംബരായ രോഗികളെ പള്ളിയിൽവെച്ചു ശുശ്രൂഷിച്ചിരു ന്നു. ഖന്തക്ക്യുദ്ധത്തിൽ മുറിവേററ സഅദ്ബിനുമുആദിനെ പള്ളിയിൽ കിടത്തിയാണ് ചികിത്സിച്ചതു്. പ്രവാച കൻെറ സാന്നിധ്യത്തിൽ പള്ളിയിൽ കായികാഭ്യാസപ്രകടന ങ്ങൾ നടത്തിയിരുന്നതായി പറയപ്പെടുന്നു. അബ്സീനി യയിൽനിന്നു വന്ന അഭ്യാസികൾ കുന്തവും പരിചയും ഉപ യോഗിച്ചു നടത്തിയ പ്രകടനം പ്രവാചകൻെറ പിന്നിൽ നിന്നു താൻ നിരീക്ഷിച്ചതായി ആയിശ പ്രസ്താവിച്ചിട്ടുണ്ടു്. പള്ളികളിലാണ് കവികൾ തങ്ങളുടെ രചനകൾ ആദ്യമായി അവതരിപ്പിച്ചിരുന്നതു്. ഇസ്ലാംമതത്തെ അപഹസിച്ചു കൊണ്ടെഴുതപ്പെട്ട കവിതകൾക്കു പ്രവാചകൻെറ ആസ്ഥാന കവിയായി പരിഗണിക്കാവുന്ന ഹസ്സൻഇബ്നുസാബിത് ഉരു ളയ്ക്കുപ്പേരി നല്കിയിരുന്നതും പള്ളിയിൽവെച്ചുതന്നെ. അറ ബികളുടെ ജീവിതത്തിലെ ഒരവിഭാജ്യഘടകമായിരുന്ന കാ വ്യമേളകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന കൃതികൾ കഅ് ബയിൽ പ്രദർശിപ്പിച്ചിരുന്നതുകൊണ്ടാണല്ലോ അവക്കു കെട്ടി ത്തൂക്കപ്പെട്ട ഗീതങ്ങൾ എന്ന പേരുണ്ടായതു് (Suspended odes) (മുഅല്ലക്കാത്തു്). മദീനയിലെ പള്ളിയും അതിൻെറ പ്രവത്ത നശൈലിയുമാണ് മററു പള്ളികൾക്കെല്ലാം മാതൃകയായിത്തീ

ന്നു്. ആദ്യകാലത്തെ പള്ളികളെല്ലാം ആരാധനയ്ക്കെന്നപോലെതന്നെ ഭരണനിർവ്വഹണത്തിനും സാംസ്കാരികപ്രവർത്തനത്തിനുമുള്ള കേന്ദ്രങ്ങളായി വളർന്നുവന്നു. പള്ളികളുടെ ഈ സ്വഭാവത്തിന്റെ അംശങ്ങൾ പ്രകാരാന്തരേണയാണെങ്കിലും ഇന്നും നിലനില്ക്കുന്നുണ്ടു്. ഇതിനു പ്രധാനമായ കാരണം പ്രാർത്ഥനയോടുള്ള ഇസ്ലാമിന്റെ സമീപനമാണു്. പ്രാർത്ഥന എവിടെയും നിർവഹിക്കാം, പള്ളിയിൽവെച്ചു നിർവ്വഹിക്കുന്നതാണു് കൂടുതൽ നല്ലതെന്നുമാത്രമേ ചൂണ്ടിക്കാണിച്ചിട്ടുള്ളു. കൂട്ടപ്രാർത്ഥന കൂടുതൽ മേന്മയുള്ളതാണു്. വ്യക്തിയുടെ സ്വഭാവരൂപീകരണത്തിനു നിദാനമാക്കേണ്ട സാമൂഹികബോധത്തിനുള്ള ഒരു പരിശീലനംകൂടിയാണു് കൂട്ടപ്രാർത്ഥന. ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും സമ്മേളനരംഗമാണു് പ്രാർത്ഥനാസ്ഥലം. ദിവസത്തിൽ അഞ്ചുനേരവും (സുബഹി, ളുഹർ, അസർ, മഗ്‌രിബ്, ഇശാഅ) ഒരു നേതാവി (ഇമാമ്)ന്റെ നേതൃത്വത്തിൽ സമൂഹമാകെ ഒന്നിച്ചുകൂടുന്നു. ബുദ്ധിയിലും അറിവിലും സ്വഭാവശുദ്ധിയിലും മററുള്ളവരെക്കാൾ മേന്മ പുലർത്തുന്ന വ്യക്തിയാണു് പ്രാർത്ഥന നയിക്കാറു്. തക്ബീർധ്വനി മുഴങ്ങിയാൽ അബാലവൃദ്ധം ജനങ്ങൾ ധനികദരിദ്രപണ്ഡിതപാമരഭേദമന്യേ പ്രാർത്ഥനയ്ക്കായി അണിനിരക്കുന്നു. ആ പ്രദേശത്തെ പല പ്രശ്നങ്ങളും ചർച്ചചെയ്യാനും പരിഹരിക്കാനുമുള്ള അവസരംകൂടി അങ്ങനെ സൃഷ്ടിക്കപ്പെടുന്നു. എല്ലാ അർത്ഥത്തിലും പള്ളി യഥാർത്ഥത്തിൽ 'നാട്ടുകൂട്ട' (ഗ്രാമകൗൺസിൽ)ത്തിനുള്ള വേദിയായി വർത്തിക്കുന്നു. മുസ്ലീം ഭരണമില്ലാത്ത രാജ്യങ്ങളിൽപ്പോലും സാമൂഹികവും മതപരവുമായ പല പ്രശ്നങ്ങൾക്കും പരിഹാരം തേടുന്നതു പള്ളിയിൽ വെച്ചാണിപ്പോഴും.

''ആരാധനാലയങ്ങൾ ദൈവത്തിന്നുമാത്രമുള്ളതാണു്, അവിടെ ദൈവത്തോടല്ലാതെ മററാരോടും അഭയം തേടരുതെന്നു്'' ഖുർആൻ വ്യക്തമാക്കിയിട്ടുണ്ടു്. വംശവർണ്ണഭാഷാസാമ്പത്തികനിമ്നോന്നതികൾക്കെല്ലാം അതീതമായ പരിഗണനയാണു് പള്ളിയിൽ. സാഹോദര്യത്തിന്റെയും സമഭാവനയുടെയും സമീപനം അക്ഷരത്തിലും അർത്ഥത്തിലും അവിടെ പുലരുന്നു. പള്ളികളിൽ തികഞ്ഞ അച്ചടക്കവും ആദരവും പാലിക്കാൻ നബിയും അനുചരന്മാരും നിഷ്കർഷിച്ചിരുന്നു. ഉച്ചത്തിൽ സംസാരിക്കരുതു് എന്നുപോലും ഉപദേശിച്ചിരുന്നു. പള്ളിയിൽ അഴുക്കാക്കിയവരെ നബി ശാസിച്ചിട്ടുണ്ടു്. മുഷിഞ്ഞ വസ്ത്രവുമായി മുടിയും താടിയും നീട്ടി വികൃതനായി പള്ളിയിൽ കാണപ്പെട്ട ഒരാളെ പുറത്തുപോയി മുടി കത്രിച്ചു കുളിച്ചു വരാൻ നബി നിർബന്ധിച്ചതായി പറയപ്പെടുന്നു.

കൂട്ടപ്രാർത്ഥനയിൽ പങ്കെടുക്കുന്നവർ ''കുളിക്കണം, വായ ശുദ്ധമാക്കണം, മുടിയിൽ എണ്ണ പുരട്ടണം, കഴിയുമെങ്കിൽ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കണം; നല്ല വസ്ത്രങ്ങൾ ധരിക്കണം''[2] എന്നൊക്കെ നബി ഉപദേശിച്ചിരുന്നു.

''എല്ലാ ആരാധനാലയങ്ങളെയും ആദരിക്കുന്ന പാരമ്പര്യമാണ് ഇസ്‌ലാം സൃഷ്ടിച്ചിട്ടുള്ളത്. ദൈവം അനുസ്മരിക്കപ്പെടുന്ന ആശ്രമങ്ങളും ക്രൈസ്തവദേവാലയങ്ങളും പരിരക്ഷിക്കുന്നതിനെപ്പററി വിശുദ്ധ ഖുർ ആനിൽ പരാമർശിച്ചിട്ടുണ്ട് (22:40). യുദ്ധവേളകളിൽ അമുസ്‌ലിംദേവാലയങ്ങൾ പരിരക്ഷിക്കാൻ നബിയും അനുചരന്മാരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രണ്ടാം ഖലീഫയായിരുന്ന ഉമർ അമുസ്‌ലിംദേവാലയങ്ങളുടെ നേരെ അനുവർത്തിച്ച മഹോന്നതമായ സഹിഷ്ണുത പ്രതിഫലിക്കുന്ന ഒരു സംഭവകഥയുണ്ട്. എ. ഡി. 630_ൽ ജേതാവെന്ന നിലയിൽ ജറുസലേമിൽ പ്രവേശിച്ച ഉമറിന് അവിടത്തെ ക്രിസ്ത്യൻപുരോഹിതന്മാർ അവരുടെ ദേവാലയത്തിൽവെച്ചുതന്നെയാണ് വരവേല്പു നല്കിയത്. പ്രാർത്ഥനയ്ക്കു സമയമായപ്പോൾ ഖലീഫയ്ക്കും അനുചരന്മാർക്കും തങ്ങളുടെ ദേവാലയത്തിൽത്തന്നെ അതിനുള്ള സൗകര്യം ഏർപ്പെടുത്താമെന്നു ക്രിസ്ത്യൻപുരോഹിതന്മാർ നിർദ്ദേശിക്കുകയും ചെയ്തു. പക്ഷേ ഖലീഫ ആ നിർദ്ദേശം നിരാകരിക്കുകയാണുണ്ടായത്. താൻ അവിടെ പ്രാർത്ഥിച്ചാൽ അതിൻെറ പേരിൽ പിന്നീട് എന്നെങ്കിലുമൊരു കാലത്തു മുസ്‌ലിംകൾ ആ ദേവാലയത്തിൻെറ മേൽ അവകാശവാദമുന്നയിക്കാൻ ഇടയാകരുതെന്നു കരുതിയാണ് അവിടെ പ്രാർത്ഥിക്കാതിരിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

''ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു. ഞങ്ങൾക്കനാവരണംചെയ്യപ്പെട്ടതെന്തോ, അതിലും വിശ്വസിക്കുന്നു. അബ്രഹാമിനും ഇസ്ഹാക്കിനും ഗോത്രങ്ങൾക്കും അനാവരണംചെയ്യപ്പെട്ടതെന്തോ, അതിലും വിശ്വസിക്കുന്നു. (വി. ഖു)'' എന്ന മനോഭാവമാണ് ഇസ്‌ലാം അന്യമതങ്ങളുടെ നേരെ പ്രകടമാക്കുന്നത്. ''ഒരു ജനതയും ഒരു പ്രവാചകനില്ലാതെ നിയോഗിക്കപ്പെട്ടിട്ടില്ലെ''ന്ന് അർത്ഥശങ്കക്കിടമില്ലാതെ ഖുർ ആൻ വ്യക്തമാക്കുന്നു. ''പേരെടുത്തുപറയാത്ത'' എത്രയോ പ്രവാചകന്മാർ ഭൂമുഖത്തുണ്ടായിട്ടുണ്ടെ''ന്നു അതു ചൂണ്ടിക്കാണിക്കുന്നു. ആർ ദൈവത്തെ സ്മരിക്കുന്നതിനുവേണ്ടി പള്ളിയിൽ കയറി

---

2 റിലീജിയൻ ഓഫ് ഇസ്ലാം— സി. എൻ. അഹമ്മദ് മൗലവി. പുറം—199

വന്നാലും ആ ആളുടെ ആദർശമെന്തായാലും തടയരുതെന്നു ഖുർആൻ ഉപദേശിക്കുന്നു. ''ആരാധന തടയുന്നവരെക്കാൾ അക്രമികൾ ആരുണ്ട്. അവർക്ക് ഈ ലോകത്ത് അപമാനമാണ് വിധിക്കപ്പെട്ടിരിക്കുന്നത്. പരലോകത്ത് പീഡനവും (വി. ഖു. 2:114).'' എല്ലാ ആരാധനാലയങ്ങളെയും മുസ്ലിംകൾ ഒരുപോലെയാണ് പരിഗണിക്കുന്നതെങ്കിലും പഴക്കത്തെയും ചരിത്രത്തെയും മുൻനിർത്തി വിശ്വപ്രശസ്തിയാർജ്ജിച്ചിട്ടുള്ള ചില പള്ളികൾ താഴെ കൊടുക്കുന്നവയാണ്. മക്കയിലെ വിശുദ്ധ കഅ്ബ, മദീനയിലെ ആദ്യത്തെ പള്ളി, ജറുസലേമിലെ മസ്ജിദുൽ അഖ്സ (ബൈത്തുൽ മുഖദ്ദിസ്), ഡമാസ്കസിലെ വലിയ പള്ളി, കെയ്റോവിലെ അംറ ഇബ്നുതുലൂൻ, അൽഅസ്ഹർ, സുൽത്താൻ ഹസ്സൻ, സ്പെയിനിൽ കൊർഡോവയിലെയും ഗ്രാനഡയിലെയും വലിയ പള്ളികൾ, തുർക്കിയിൽ കോൺസ്റ്റാൻറ്നോപ്പിളിലെയും കൊനിയയിലെയും പള്ളികൾ ഇറാനിൻെറ ഇസ്ഫഹാൻ, ശിറാസ്, വെറാമിൻ [3]

വെള്ളിയാഴ്ച ളുഹർ (മധ്യാഹ്നം) സമയത്താണ് ജുമുആ പ്രാർത്ഥന നടത്തുന്നത്. പ്രാർത്ഥന ആരംഭിക്കുന്നതിനുമുമ്പായി ഇമാം അവിടെ കൂടിയവരോടായി കാലോചിതവും ഇഹപരലോകവിജയത്തിനു ആസ്പദമാക്കാവുന്നതുമായ സാരോപദേശങ്ങൾ നല്കുന്നു. ഇതിനു ഖുത്ബ എന്നു പറയുന്നു. നിത്യവും അഞ്ചുനേരങ്ങളിലുള്ള നിർബന്ധനമസ്കാരങ്ങൾക്കു പുറമെ, ഐച്ഛികമായി പരിഗണിക്കപ്പെടുന്ന ചില നമസ്കാരങ്ങളുണ്ട്. സാധാരണയായി നിർബന്ധപ്രാർത്ഥനകളുടെ മുമ്പും പിമ്പുമായാണിവ നടത്തപ്പെടുന്നത്. രാത്രിയുടെ അന്ത്യയാമങ്ങളിൽ നടത്തപ്പെടുന്നവയും വർഷത്തിൽ രണ്ടു പെരുനാളുകളോടു് അനുബന്ധിച്ച നടത്തപ്പെടുന്നവയും റംസാൻകാലത്തു രാത്രി നടത്തപ്പെടുന്ന തറാഫീഹ് നമസ്കാരങ്ങളും ഗ്രഹണം, ആപത്ത്, സന്തോഷംതുടങ്ങിയ അവസരങ്ങളിൽ നിർവ്വഹിക്കുന്നവയും സുന്നത്തുനമസ്കാരങ്ങളാണ്. മരണപ്പെട്ടവർക്കുവേണ്ടിയുള്ളവയാണ് മയ്യത്തുനമസ്കാരം. ഈ നമസ്കാരത്തിൽ പ്രണാമങ്ങളില്ല. പ്രത്യേകനമസ്കാരങ്ങൾ പലതും പള്ളിയിൽവെച്ചാണ് നടത്താറുള്ളത്. ആ നിലയിൽ പള്ളികൾക്കു പ്രാധാന്യം കൂടുന്നു.

നമസ്കാരസമയം ആസന്നമായാൽ നമസ്കാരം നിർവ്വഹിച്ചു ജീവിതവിജയം കൈവരിക്കാൻ ആഹ്വാനംചെയ്യുന്ന 'ആദാൻ' പള്ളികളിൽനിന്നു മുഴങ്ങുന്നു. അതനുസരിച്ച ജന

3 മോസ്ക്സ് ഓഫ് ഇന്ത്യ- സിയാവുദ്ദീൻ ദേശായി പുറം 14

ങ്ങൾ കൂടിക്കഴിഞ്ഞാൽ പ്രാർത്ഥന ആരംഭിക്കുന്നതായി മുന്നറിയിപ്പു നല്കുന്ന 'ഇഖാമത്ത്' കൊടുക്കുന്നു. ''പ്രാർത്ഥന ഇതാ തുടങ്ങാറായി, പ്രാർത്ഥന ഇതാ തുടങ്ങാറായി, ദൈവമല്ലാതെ മറെറാരു ആരാധ്യൻ ഇല്ല, ദൈവമാണ് അത്യുന്നതൻ'' എന്നതാണ് അതിന്റെ പരിസമാപ്തി. ഇസ്ലാമികവീക്ഷണത്തിന്റെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രമാണ് പള്ളി. പ്രവാചകന്റെ കാലത്തുതന്നെ 400 പേർ ഒരവസരത്തിൽ മദീനയിലെ പള്ളിയിൽ പഠിച്ചിരുന്നതായി പറയപ്പെടുന്നു. ഇവരിൽ 70 പേർ അടങ്ങുന്ന ഒരു സംഘത്തെ മതപ്രചരണത്തിനു നിയോഗിച്ചതായി നബിവചനസമ്പാദകനായ ബുഖാരി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇസ്ലാമിന്റെ ആരംഭകാലത്തു മതവിദ്യാഭ്യാസത്തിന് ഉതകുന്ന ഏകഗ്രന്ഥം വിശുദ്ധ ഖുർ ആൻ ആയിരുന്നു. ഖുർ ആന്റെ ഒരു പ്രതി മദീനയിലെ പള്ളിയിലെ പെട്ടിയിൽ സൂക്ഷിച്ചിരുന്നു. ഒരു റഫറൻസ്ഗ്രന്ഥപ്പുരകൂടി പള്ളിയിൽ ഉണ്ടാവുന്നതിന്റെ മുന്നോടിയായിരുന്നു അത്. പിന്നീടു പള്ളികളിൽ ഗ്രന്ഥങ്ങൾ ശേഖരിച്ചുസൂക്ഷിക്കാൻ തുടങ്ങി. അതിർത്തിയിൽ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾപ്പോലും മദീനയിൽ അലിയുടെ നേതൃത്വത്തിൽ വിജ്ഞാനവികാസത്തിന് ഒരു ചെറിയ സംഘം പ്രവർത്തിച്ചിരുന്നതായി പറയപ്പെടുന്നു. ''അവർ തർക്കശാസ്ത്രം, ചരിത്രം, നിയമംമുതലായ വിഷയങ്ങളെക്കുറിച്ചു പഠനം നടത്തുകയും ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തു.[4] പള്ളിയായിരുന്നു പഠനഗവേഷണകേന്ദ്രം. പില്ക്കാലത്തു ബഗ്ദാദിൽ രൂപംകൊണ്ട വിജ്ഞാനവികാസത്തിന്റെ കേന്ദ്രബിന്ദു മദീനയിൽ തുടങ്ങിയ ഈ പ്രസ്ഥാനമായിരുന്നു. ഇന്ത്യയിലും ഈ മാതൃക പിന്തുടർന്നിരുന്നു. ദക്ഷിണേന്ത്യയിലെ ഭാമിനിയിൽപ്പോലും മുഹമ്മദ്ഗവാൻ എന്ന മന്ത്രി 3000 ഗ്രന്ഥങ്ങളുള്ള പുസ്തകശേഖരം ഉണ്ടാക്കി[5]യതായി പറയപ്പെടുന്നു. കേരളത്തിലെ പള്ളികളിലും ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരുന്നു. കിതാബുകൾ പള്ളികൾക്കു ദാനംചെയ്യുന്ന സമ്പ്രദായംകൂടി മുമ്പുണ്ടായിരുന്നു. പൊന്നാനി വലിയ ജുമാഅത്ത്പള്ളിയിൽ വിലയേറിയ പല ഗ്രന്ഥങ്ങളുമുണ്ടായിരുന്നു. അറയ്ക്കൽരാജാവിന്റെ മേൽനോട്ടത്തിലുണ്ടായിരുന്ന പള്ളികളും ഇക്കാര്യത്തിൽ വിഖ്യാതി ആർജ്ജിച്ചിരുന്നു. അറയ്ക്കൽരാജാവ് ഇറക്കുമതിചെയ്തി

4 ഇസ്ലാമികചരിത്രം— കെ. ഹസ്സൻ. പുറം—55

5 ഇൻഫ്ളുവൻസ് ഓഫ് ഇസ്ലാം ഓൺ ഇന്ത്യൻ കൾച്ചർ— ഡി. താരാചന്ദ്. പുറം—42

രുന്ന പ്രധാനചരക്കുകളിൽ മഹദ്ഗ്രന്ഥങ്ങളും ഉൾപ്പെട്ടിരുന്നു. ചിത്രലിപിയിലെഴുതിയ നാഫിയുദ്ദീൻ അഹമ്മദുബിൻഅലാവന്റെ 'കിതാബുൽഫുതൂഹ ഐഐയ്മ' എന്ന ബൃഹദ്ഗ്രന്ഥംപോലും അവിടെ സൂക്ഷിച്ചിരുന്നു. വിശുദ്ധ ഖുർ ആൻ ആദ്യമായി ഭാഷാന്തരപ്പെടുത്തി അറബിമലയാളലിപിയിലെഴുതിയത് അറസ്സൂൽ മായിൻകുട്ടി എളയ ആണല്ലോ. ഹിജറ 121–ൽ ഖുർ ആൻ മനഃപാഠമാക്കിയ ഒമ്പതുപേർ പന്തലായിനിപ്പള്ളിയിലിരുന്നു ഖുർ ആന്റെ പകപ്പെടുത്തതും അറസ്സൂൽരാജാവിന്റെ ചിലവിലായിരുന്നു.

ഇസ്ലാമിന്റെ ആരംഭകാലത്തു മുസ്ലിംകൾ പ്രാത്ഥന നടത്തിയിരുന്നതു തുറന്ന സ്ഥലത്തായിരുന്നു. കൂടുതൽ സൗകര്യപ്രദമായ നിലയിൽ പ്രാത്ഥിക്കുന്നതിന്നുവേണ്ടിയാണ് തുറന്ന സ്ഥലത്തിനു ചുററും മതിൽക്കെട്ടും അതിൽ ഒരു മേൽപ്പുരയും നിർമ്മിച്ചതു്. മതിൽക്കെട്ടിനോടനുബന്ധിച്ച വിശ്രമിക്കാനും മററുമുള്ള മുറികളും ഉണ്ടായിരുന്നു. ഈത്തപ്പനത്തടി നിരത്തി അതിന്റെ പട്ടകൊണ്ടുതന്നെയാണ് മേൽപ്പുര തീത്തിരുന്നതു്.

ഖലീഫമാരുടെ കാലത്തുപോലും ചതുഷ്കോണാകൃതിയിലുള്ള അങ്കണത്തിന്റെ രൂപത്തിന്നു മാററമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും, ആദ്യകാലഖലീഫമാരുടെ ഭരണകാലത്തുതന്നെ അന്നു നിലനിന്നിരുന്ന ശില്പകലാസമ്പ്രദായത്തിന്റെ അംശങ്ങൾ ഉൾച്ചേർക്കാൻ ശ്രമം നടക്കുകയുണ്ടായി. മക്കയിലേയും മദീനയിലേയും പള്ളികൾക്കു ചില മാററങ്ങൾ ഖലീഫാ ഉമർ നിദ്ദേശിച്ചതായി പറയപ്പെടുന്നു. ഇറാൻകാരനായ ഒരു ശില്പിയുടെ സഹായത്തോടെ തൂണുകളും കട്ടകളും ചേർത്തു കൂഫയിലെ പള്ളി അദ്ദേഹം വിപുലപ്പെടുത്തി. മുറിച്ചെടുത്ത കല്ലുകൾ ഉപയോഗിച്ചുണ്ടാക്കിയ ചുമരുകൾ കുമ്മായം തേച്ചതു ഖലീഫ ഉസ്മാന്റെ കാലത്താണ്. പള്ളിയുടെ മേൽപ്പുര പണിയാൻ തേക്കുമരം അക്കാലത്തു് ഉപയോഗപ്പെടുത്തിയിരുന്നതായി പറയപ്പെടുന്നു. (ഈ തേക്കുമരവും കേരളത്തിൽനിന്നു കൊണ്ടുപോയതാവാമെന്ന് ഊഹിക്കുന്നു. മെസ്സൊപ്പൊട്ടോമിയയിലെ ഊർനഗരത്തിന്റെ അവശിഷ്ടങ്ങളിൽ മലബാറിലെ തേക്കിൻതടി കാണാപ്പെട്ടിരുന്നുവല്ലോ)[1] ഈ പരിഷ്കരണങ്ങളൊക്കെ ഖിബ്ലയുടെ ഭാഗത്തുള്ള സ്തംഭങ്ങളിൽ നിത്തിയ ഹാളിനുമാത്രം ബാധിച്ചിരുന്നതുകൊണ്ടു് ആദ്യത്തെ ശില്പമാതൃക അതേപടി നിലനില്ക്കുകയാണുണ്ടായതു്.

ഖലീഫ അൽവലീദി(705–715)ന്റെ കാലത്താണ് മദീനയിലെ പള്ളിയും മററും കാര്യമായ മാററങ്ങൾക്കു വിധേയമായതു്. മദീനയിലെ പള്ളി വലുതാക്കിയപ്പോൾ അതു തൂണുകളിൽ നില്ക്കുന്ന വലിയൊരു തളംമാത്രമായി. ശില്പകല പുരോഗതി പ്രാപിച്ചിരുന്ന രാജ്യങ്ങളിലെ കലാകാരന്മാരുടെ സഹായത്തോടെയാണ് ഈ പരിഷ്കരണങ്ങൾ നടത്തിയതു്. ഇതോടെ പള്ളികളുടെ രൂപം തൂണുകളാൽ വല

1 കേരളകൾച്ചർ–കെ. മാമൻ. പു:ം–99

യംചെയ്യപ്പെട്ട തുറന്ന അങ്കണത്തിന്റേതായി മാറി. ചതുഷ്കോണാകൃതിയിലുള്ള അങ്കണത്തിന്റെ മധ്യത്തിലായി ഒരു ഹൗളും (ജലസംഭരണി) നിർമ്മിക്കപ്പെട്ടു. പള്ളിയോടനുബന്ധിച്ച ഗോപുരങ്ങൾ ഏതാണ്ട് ഇതേ കാലത്താണ് പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. പിന്നീട് ഗോപുരങ്ങളുടെ എണ്ണം കൂടി വന്നു. ആദ്യത്തെ രൂപമാതൃകയിൽ ഇന്നൊരവിഭാജ്യഘടകമായി പരിഗണിക്കപ്പെടുന്ന മിഹ്‌റാബ് വേർതിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. ഏതാണ്ട് 8-ാംനൂററാണ്ടോടെയാണതിന്റെ പ്രാധാന്യം കൂടുതൽ പ്രകടമായത്. മിമ്പറ (പ്രസംഗപീഠം) പ്രവാചകന്റെ കാലത്തുതന്നെ ഉണ്ടായിരുന്നു. കാലാവസ്ഥയുടെയും സാമൂഹികരാഷ്ട്രീയസ്ഥിതിയുടെയും ഒക്കെ മാററം പള്ളികളുടെ നിർമ്മാണകലയിൽ പ്രതിഫലിച്ചു എങ്കിലും അമവ്വിയാ ഖലീഫമാരുടെ കാലത്തുണ്ടായ രൂപമാതൃകതന്നെയാണ് നൂററാണ്ടുകൾക്കുശേഷവും ഈജിപ്ത്, ഇറാൻ, തുർക്കി മുതലായ രാജ്യങ്ങളിൽ നിലനിന്നിരുന്നത്.

നമസ്കാരപ്പള്ളികൾ(ജുമുഅനമസ്കാരം ഇല്ലാത്ത പള്ളികൾ)ക്കുമാത്രമാണ് ചില്ലറ ചില വ്യത്യാസങ്ങൾ കാണപ്പെട്ടത്. ഇവയ്ക്ക് ഒരു പ്രാർത്ഥനഹാളും ഉയരംകുറഞ്ഞ മതിലിനാൽ ചുററപ്പെട്ട ചെറിയ ഒരു അങ്കണവും അതോടനുബന്ധിച്ച ഹൗളും (ജലസംഭരണി) മാത്രമാണുണ്ടായിരുന്നത്. കമാനാകൃതിയിലുള്ള നടപ്പുരകൾ (രിവാഖ്) പിന്നീട് കൂട്ടിച്ചേർത്തതാണ്.

12-ാം നൂററാണ്ടിന്റെ അവസാനത്തോടെമാത്രമേ ഇന്ത്യയിൽ പള്ളികളുടെ ശില്പമാതൃക ഉരുത്തിരിഞ്ഞതായി കാണുന്നുള്ളൂ. 11-ഉം 12-ഉം നൂററാണ്ടുകളിൽ ഉണ്ടായ ഗസ്‌നവിവാഴ്ചയിൽ ഈ തുറയിൽ കാര്യമായ നേട്ടങ്ങളൊന്നും ഉണ്ടായതായി ചൂണ്ടിക്കാണിക്കാൻ ആവില്ല. സുൽത്താൻ മുഹമ്മദ് ഗസ്‌നി ഇസ്ലാംമതപ്രചരണത്തിനെന്നപോലെ പള്ളിനിർമ്മാണത്തിനും കാര്യമായ സംഭാവനയൊന്നും നല്കീട്ടില്ല.

പ്രിഥ്വിരാജന്റെ പതനത്തിനുശേഷം നിലവിൽവന്ന മുഹമ്മദ്ഗോറിഭരണത്തിലാണ് ഇന്ത്യയ്ക്കു പുറത്തുണ്ടായിരുന്ന ഇസ്‌ലാമികരാജ്യങ്ങളിലെ ശില്പകലയുടെ സ്വാധീനം ഇന്ത്യയിലും പ്രകടമാകാൻ തുടങ്ങിയത്. എന്നാലും ഘടനാപരമായും ശില്പകലാപരമായും ഇസ്‌ലാമികശില്പകല അതേപടി പകർത്തുന്നതിനു പല വിഘാതങ്ങളും ഉണ്ടായിരുന്നു. ഇന്ത്യയിലെ കലാകാരന്മാർക്ക് ഇസ്‌ലാമികശില്പകലയെപ്പററി അറിവുണ്ടായിരുന്നില്ലെന്നതാണ് ഒരു പ്രധാനകാരണം. ഇന്ത്യ

യിൽ അക്കാലത്തു കീടയററവും വളച്ച് പ്രാപിച്ചതുമായ മറെറാരു ശില്പകലാസമ്പ്രദായം ഉണ്ടായിരുന്നതാനും. പണിക്ക് ഉപയോഗപ്പെടുത്തേണ്ട സാധനങ്ങളുടെ കാര്യത്തിലും ശില്പമാതൃകയുടെ കാര്യത്തിലും ഇന്ത്യൻശില്പകല മററാക്കും വഴങ്ങാത്ത ഒരു തനിമ പരിരക്ഷിച്ചിരുന്നു. ഇന്ത്യയിൽ പ്രധാനമായും കെട്ടിടപ്പണിക്ക് ഉപയോഗപ്പെടുത്തുന്നതു കല്ലാണല്ലോ. ഇഷ്ടികയും കമ്മായവും ഉപയോഗിച്ചു കെട്ടിടനിർമ്മാണം നടത്തുന്ന രാജ്യങ്ങളിലെ കമാനമോ മറേറാ ഉറച്ചേക്കാനുള്ള ഒഴിവുകഠ ഇന്ത്യൻമാതൃകയിൽ കാണില്ല. ഗോപുരം, ഡോം, അർദ്ധഡോം തുടങ്ങിയവയും ഇന്ത്യയിൽ അപരിചിതമായിരുന്നു. ജന്തുക്കളുടേയും മനുഷ്യരുടേയും രൂപം നിർമ്മിച്ചുവെയ്ക്കുന്നതു മുസ്ലിംകളെസ്സംബന്ധിച്ചിടത്തോളം അനുകരണീയമായിരുന്നില്ല. ചിത്രലിപി(അറബ്സ്ക്യൂ)യും ബഹുവർണ്ണചിത്രങ്ങളുമാണ് പുറംഭാഗം അലങ്കരിക്കാൻ മുസ്ലിംകഠ പയോഗപ്പെടുത്തിയിരുന്നതു്. ആരാധനാലയത്തെസ്സംബന്ധിച്ചുള്ള സങ്കല്പത്തിൽ മുസ്ലിംകളും ഹിന്ദുക്കളും തമ്മിൽ പൊരുത്തപ്പെടാത്ത അകൽച്ചയാണ് ഉള്ളതെന്ന കാര്യം ഇത്തരുണത്തിൽ സ്മരണീയമാണ്.

ഈ വൈരുദ്ധ്യത്തിൽനിന്നാണ് സമന്വയത്തിൻേറതായ ഇന്തോ-ഇസ്ലാമികശില്പകലയുടെ ആദ്യഘട്ടം ആരംഭിക്കുന്നതു്. ഇതു ഭാരതത്തിൻെറ സാംസ്കാരികപാരമ്പര്യത്തെ ധന്യമാക്കുന്നതിനു സഹായകവുമായി. ആദ്യകാലത്തു് അറബികഠ ശില്പകലയിൽ വിദഗ്ദ്ധരായിരുന്നില്ലെങ്കിലും അമവ്വിയ, അബ്ബാസിയാ, ഫാത്തിമിയാ കാലഘട്ടങ്ങളിൽ അഭൂതപൂർവ്വമായ പുരോഗതിയാണ് അവർ ഇക്കാര്യത്തിൽ നേടിയതെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. കൊർഡോവയിലെ പള്ളിയും സമർക്കണ്ടിലെ സമചതുരമൈതാനവും ഡാന്യൂബിന്നക്കരെയുള്ള സംന്യാസിയുടെ ശവകുടീരവും ജറൂസലേമിലെ കുംഭഗോപുരവും അത്യത്കൃഷ്ടങ്ങളായ മാതൃകകളാണ്. പക്ഷേ ഹിന്ദുക്കഠ പ്രതിഷ്ഠിതമായ മാമൂൽനിബന്ധനകളാലും മുസ്ലീംകഠ അഭ്യാസാർജ്ജിതമായ പാരമ്പര്യത്താലും നയിക്കപ്പെട്ടിരുന്നതുകൊണ്ടു[2] ശില്പകലയുടെ കാര്യത്തിൽ സമന്വയം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ വിവിധരൂപത്തിലാണ് പ്രകടിതമായതു്. ഡൽഹിയിലെ ഖുവ്വത്തുൽഇസ്ലാംപള്ളിയും അജ്മീരിലെ അരാഹീ-ദിൻ-കാജോൺപ്രയും ഖുത്തബ്ദീൻ ഐബക് പണിയിച്ചവയാണല്ലോ. ശില്പമാതൃകയിൽ ഇസ്ലാമികമാതൃകയുമായി പൊരുത്തപ്പെടാത്ത പല അംശങ്ങളും

---

2 ഇന്ത്യൻ ആർക്കിടെക്ച്ചർ-പെർസി ബ്രൗൺ. പുറം-32

അവയിൽ പ്രകടമായി കാണാം. അവയിലെ കമാനങ്ങളും ഡോമുകളും ശാസ്ത്രീയമായ രീതിയിലല്ല നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ചതുരാകൃതിയിലുള്ള കെട്ടിടത്തിൽ വൃത്താകൃതിയിലുള്ള ഒരു ഡോം ഇണക്കുന്നതെങ്ങനെയെന്ന് ഇന്ത്യൻശില്പികൾക്ക് അറിവുണ്ടായിരുന്നില്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടുണ്ടായ അനിശ്ചിതത്വത്തിന്റെ മുദ്രകൾ ഈ രണ്ടു പള്ളികളിലും തെളിഞ്ഞുകാണാം. 3 നിർമ്മാണകല ഓരോ കാലഘട്ടത്തിന്റെയും സാമൂഹികസാമ്പത്തികസാംസ്കാരികഘടനയുടെ പ്രതിഫലനമായിരിക്കുമല്ലോ. വാസ്തുശില്പങ്ങൾ മാനവസംസ്കാരത്തിന്റെ പരിച്ഛേദമാണ് എന്ന ലതാബിയുടെ പ്രസ്താവന അക്ഷരത്തിലും അർത്ഥത്തിലും ശരിയാണ്. നടേ പറഞ്ഞ രണ്ടു പള്ളികൾക്കും ഏറെക്കുറെ ഹിന്ദുശില്പമാതൃകയുടെ വ്യക്തിത്വംതന്നെ കൈവരാൻ ഇടയായതു് ഇതുകൊണ്ടൊക്കെയാണ്. അവയിലെ കമാനങ്ങളും ഡോമുകളുംപോലും ഇന്ത്യൻമാതൃകയിൽത്തന്നെയാണ്. ഖുവ്വത്തുൽ ഇസ്ലാം പള്ളിയിൽ ഇതു കുറെക്കൂടി പ്രകടമാണ്. കെട്ടിടനിർമ്മാണത്തിനു കല്ലുകൾകൂടി ഉപയോഗപ്പെടുത്തിയതോടെ അതു് ഏറിയകൂറും ഇന്ത്യൻമാതൃകയിൽത്തന്നെയാണ് രൂപപ്പെട്ടിരിക്കുന്നതു്.

ഇതുകൊണ്ടാണ് വർഷങ്ങൾക്കുശേഷം ഇസ്ലാമികമാതൃകയിലുള്ള ഒരു സ്ക്രീൻ നിർമ്മിക്കാൻ ഭാരവാഹികൾ നിർബന്ധിതരായതു്. ആ സ്ക്രീൻ മനോഹരമാണ്. പക്ഷേ കെട്ടിടത്തിന്റെ ആകൃതിയുടെ തോതനുസരിച്ചല്ല അതിന്റെ നീളവും വീതിയും എന്നാണ് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്. സ്ക്രീനിന്റെ പുറംഭാഗത്തുള്ള അലങ്കാരപ്പണികൾപോലും നാടൻസമ്പ്രദായത്തിലുള്ളതാണ്. 1230-ൽ ഇൽത്തമിഷ് വരുത്തിയ മാററങ്ങൾക്കുശേഷവും അതിൽ കൂടുതലും പ്രകടമാകുന്നതു് ഇന്ത്യൻശൈലിയുടെ സ്വാധീനംതന്നെയാണ്. ഏതാണ്ടു് ഇതേകാലത്തുതന്നെയാണ് അജ്മീർപള്ളിയുടെ കെട്ടിടവും പരിഷ്കരിച്ചതെങ്കിലും അതിൽ ഇസ്ലാമികശൈലി കൂടുതൽ സമർത്ഥമായി പ്രയോജനപ്പെടുത്തിയിട്ടുണ്ടു്. അലാവുദ്ദീൻ ഖിൽജിയുടെ കാലമാകുമ്പോഴേയ്ക്കും പള്ളികളുടെ നിർമ്മാണത്തിൽ ഇസ്ലാമികശൈലിയുടെ ആധിപത്യം കുറെക്കൂടി പ്രകടമാകുവാൻ തുടങ്ങി. 4

ഡൽഹിയിലെ ജമാഅത്ത്ഖാനയാണ് ഇസ്ലാമികരാജ്യങ്ങളുടെ ശില്പമാതൃകയ്ക്കനുസൃതമായി നിർമ്മിക്കപ്പെട്ട ആദ്യ

---

3 മോസ്ക്സ് ഇൻ ഇൻഡ്യ—സിയാവുദ്ദീൻ എ. ദേശായി

4 മോസ്ക്ക്സ് ഇൻ ഇൻഡ്യ—സിയാവുദ്ദീൻ എ. ദേശായി. പുറം—4

ത്തെ പള്ളി എന്നു പറയാം. അതിലെ കമാനങ്ങളും അലങ്കാരങ്ങളുമൊക്കെ ഇന്ത്യൻമാതൃകയ്ക്കു് അന്യമാണു്. മിഹ്റാബുകൾ അതിൽ ഇല്ലതന്നെ. വലിയ ഒരു പ്രാർത്ഥനഹാൾമാത്രമാണുള്ളതു്. തുഗ്ലക്ക്ഭരണകാലത്തും (1320–1413) ഫിറോസ്ഷായുടെ വാഴ്ചയിലും പള്ളികളുടെ നിർമ്മാണമാതൃകകൾ ഇസ്ലാമികവീക്ഷണഗതിക്കു് അനുസരിച്ചു കുറേക്കൂടി മാററങ്ങൾക്കു വിധേയമായി. സയ്യിദ്, ലോദി, സൂർ [1414–44, 1451–1526, 1540–55 എന്നിങ്ങനെ യഥാക്രമം] വാഴ്ചകാലത്തു പള്ളിനിർമ്മാണം കുറെക്കൂടി സ്വതന്ത്രമായ വീക്ഷണഗതിയോടെയായി. തുഗ്ലക്ക്ഭരണകാലത്തുണ്ടായ ബേഗംപുരി, കാലാൻ, കിക്കി, ഷാആലംതുടങ്ങിയ പള്ളികൾ ശ്രദ്ധിച്ചാൽ ഇതു വ്യക്തമാകും. ഗുജറാത്തിൽ ഏതാണ്ടു് ഇതേകാലത്തു തന്നെ നിർമ്മിച്ച ബ്രോച്ച്, കാമ്പേ, ഡോൽക്ക, മൽക്കറോൺ തുടങ്ങിയ പള്ളികൾ ഇതിൽനിന്നൊക്കെ തുലോം വ്യത്യസ്തമാണു്. 1526–ൽ മുഗൾകാലഘട്ടം ആരംഭിച്ചതോടെ പള്ളികളുടെ നിർമ്മാണമാതൃകയുടെ കാര്യത്തിൽ അഭൂതപൂർവ്വമായ പരിഷ്കരണശ്രമങ്ങൾ ഉണ്ടായി. ബാബറുടേയും (1526–30) ഹുമയൂണിൻെറയും (1530, 1555–56) കാലത്തു് എടുത്തുപറയത്തക്ക നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ല. അക്ബർപോലും ഇക്കാര്യത്തിൽ അത്രയേറെ വിഖ്യാതനല്ല. ഫത്തേഹ്പൂർസിക്രിയിലെ ജാമിമസ്ജിദാണു് അദ്ദേഹത്തിൻെറ കാലത്തു നിർമ്മിച്ച പ്രശസ്തമായ പള്ളി. അതിൽ ഇറാനിയൻശില്പകലയുടെ സ്വാധീനമാണു് പ്രകടമാകുന്നതു്. ഡൽഹിയിൽ ഹുമയൂണിൻെറ ശവകുടീരത്തിലാണു് ഇറാനിയൻശൈലി ആദ്യമായി പ്രയോഗിച്ചുകാണുന്നതു്.

ഷാജഹാനാണു് (1627–58) നിർമ്മാണകലയിൽ ശില്പമാതൃകകളുടെ പല ശാഖകളും ഒരുമിപ്പിച്ചതു്. ചുവന്ന വെട്ടുകല്ലിൽനിന്നു മാർബിളിലേയ്ക്കുള്ള മാററംതന്നെ ഇതിനുദാഹരണമാണു്. ആഗ്രയിലെ പേൾപള്ളിയും (മോട്ടി മസ്ജിദ്) ചെങ്കോട്ടയിലെ പള്ളിയും പുതിയ മാതൃകകളുടെ യശഃസ്തംഭങ്ങളാണു്.

ഇസ്ലാമികഭരണം നിലനിന്ന വടക്കൻഭാഗങ്ങളിൽ മാത്രമല്ല പള്ളികളുടെ നിർമ്മാണകലയിലുണ്ടായ മാററങ്ങൾ കാണപ്പെട്ടതു്. ബംഗാൾ, ഡെക്കാൻ, ജോദ്പൂർ, മാൽവ, ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളിലെ പള്ളികളിൽപ്പോലും മുഗൾകാലത്തുണ്ടായിരുന്ന മാററങ്ങളുടെ സ്വാധീനത കാണാം. ബംഗാളിലെ മാൽദാജില്ലയിൽ 1369-ൽ നിർമ്മിച്ച അധീനാപള്ളി മുഗൾശില്പശൈലിക്കു പ്രാദേശികമായ മാററം വരു

ത്തിയ രൂപമാതൃകസ്സുള്ള ഉത്തമോദാഹരണമാണ്. ജോദ്പൂരിലെ അത്തലമസ്ജിദും ലാൽമസ്ജിദും ജാമിമസ്ജിദും തുഗ്ലക്ക്കാലഘട്ടത്തിലെ ശില്പമാതൃകകളിലാണ് നിർമ്മിച്ചിട്ടുള്ളതു്.

ഗുജറാത്തിലെ പള്ളികൾക്കൊക്കെ ഒരൊററ പ്രാർത്ഥനഹാൾ മാത്രമാണുള്ളതു്. ഉയർന്നതും മനോഹരവുമായ മിനാരങ്ങളും കഴിയുന്നത്ര വെളിച്ചം കടന്നുവരാവുന്ന തരത്തിൽ പ്രാർത്ഥനഹാളിൻെറ മധ്യത്തിലുണ്ടാക്കിയിട്ടുള്ള വൃത്താകൃതിയിലുള്ള മുകൾത്തട്ടുമാണ് അവയുടെ സവിശേഷത. കാശ്മീരിലെ പള്ളികളുടെ ചുവരുകൾപോലും മരത്തടികൾകൊണ്ടാണ് തീർത്തിരിക്കുന്നതു്. ശ്രീനഗറിലെ ഷാഹ്മതാൻ, മദനി എന്നീ പള്ളികൾക്കെന്നപോലെ മിക്ക പള്ളികൾക്കും അവിടെ ചതുരാകൃതിയിലുള്ള പ്രാർത്ഥനഹാളുകളാണ് ഉള്ളതു്. കേരളത്തിലെ പള്ളികളുടെ ശില്പമാതൃക ഇവയിൽനിന്നെല്ലാം തീർത്തും വ്യത്യസ്തമാണ്. ഇന്ത്യയിൽ ആദ്യമായി ഒരു മുസ്ലിം പള്ളിയുണ്ടായതു കേരളത്തിലാണല്ലോ. കൊടുങ്ങല്ലൂരിൽ ഹിന്ദുരാജാവു ദാനംചെയ്ത സ്ഥലത്തു നിർമ്മിച്ചതോ അവിടത്തെ ഒരു ക്ഷേത്രം [ബുദ്ധമതക്കാരുടെയോ ജൈനന്മാരുടെയോ വിഹാരമോ] രാജാവിൻെറ സമ്മതത്തോടെ മാററിയെടുത്തതോ ആണ് കേരളത്തിലെ ആദ്യത്തെ പള്ളി. അതിൻെറ അടിത്തറ ഹിന്ദുക്ഷേത്രങ്ങളുടെ കരിങ്കൽഅധിഷ്ഠാനംപോലെയാണ് കാണപ്പെടുന്നതു്. [5]

''ഇന്ത്യയിലെ മററു ഭാഗങ്ങളെ അപേക്ഷിച്ചു വളരെ മുമ്പേ മുസ്ലിംകളുമായി സമ്പർക്കമുണ്ടായ കേരളത്തിനു മുസ്ലിം വാസ്തുവിദ്യഗണ്യമായി സംഭാവന ഒന്നും നല്കീട്ടില്ല. മാലിക് ദീനാർ കൊടുങ്ങല്ലൂർ എ. ഡി. 7–ാം നൂററാണ്ടിൽ സ്ഥാപിച്ചു എന്നു കരുതിപ്പോരുന്ന ആദ്യത്തെ മുസ്ലിംപള്ളിക്കു തനതായ ഒരു വാസ്തുവിദ്യാശൈലി ഉണ്ടെന്നു തോന്നുന്നില്ല. ഓടു മേഞ്ഞ മേൽക്കൂരയോടുകൂടിയ ലളിതമായ ഇരുനിലക്കെട്ടിടമാണതു്. അതിൻെറ അടിസ്ഥാനത്തിനു ഹിന്ദുദേവാലയത്തിൻേറതിൽനിന്നു സാരമായ വ്യത്യാസമൊന്നും ഇല്ല. പ്രാർത്ഥനയ്ക്കായി നടുവിലൊരു ഹാളും നാലു വശങ്ങളിലും ഇടനാഴികകളുമാണതിനുള്ളതു്. ഇതേ മാതൃകയിലാണ് കേരളത്തിലെ മററു പ്രദേശങ്ങളിലെ പള്ളികൾ. ഇസ്ലാംമതപ്രചാരകർക്കു ദാനം കിട്ടിയ സ്ഥലങ്ങളിൽ കെട്ടിടം പണിയുടെ കത്ത

5 സോഷ്യൽ ആൻറ് കൾച്ചറൽ ഹിസ്ററി ഓഫ് കേരള —എ. ശ്രീധരമേനോൻ–പുറം—284

കക്കാരായിരുന്ന ഹിന്ദുക്കളായ ശില്പികരം നിർമ്മിച്ചവയായിരിക്കുമല്ലോ, മിക്ക മുസ്ലിംദേവാലയങ്ങളും. മുസ്ലിംപള്ളികളുടെ നിർമ്മാണശൈലിയിൽ പ്രകടമായ ഹൈന്ദവസ്വാധീനത്തിനുള്ള വിശദീകരണം ഒരുപക്ഷേ ഇതാവാം.

മുസ്ലിംപള്ളികളുടെ ദാരുനിർമ്മിതമായ പ്രസംഗവേദികരം കേരളത്തിലെ വാസ്തുവിദ്യയുടെ സ്വാധീനത്തിൽ ഉള്ളവയാണ്. പാർസി, തുർക്കിശില്പപാരമ്പര്യത്തിൽനിന്നു പ്രചോദനം ഉരംക്കൊണ്ട മുസ്ലിംവാസ്തുവിദ്യാശൈലിക്കു കേരളത്തിലെ പള്ളികളുടെ കാര്യത്തിൽപ്പോലും അടുത്ത കാലംവരെ കാര്യമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടില്ല. ഭൂമിയുടെ കിടപ്പ്, കാലാവസ്ഥ, കാററിൻെറ ഗതി, ശീതോഷ്ണസ്ഥിതി, എന്നിവയുമായി ബന്ധപ്പെട്ടാണല്ലോ വാസ്തുവിദ്യാനിയമങ്ങരം പിറവിയെടുക്കുന്നത്. അറേബിയ ഒരു മരുഭൂപ്രദേശമാണ്. ഖലീഫാഭരണം നിലനിന്ന രാജ്യങ്ങളും മുസ്ലിംഭരണാധികാരികളുടെ വാഴ്ചയുണ്ടായ വടക്കേ ഇന്ത്യപോലും കാലാവസ്ഥയുടെ കാര്യത്തിൽ കേരളവുമായി പൊരുത്തപ്പെടാത്തവയാണ്. അതുമല്ല, പള്ളിപണി ചെയ്യിച്ച "ശില്പകലാവിദഗ്ദ്ധർ മുസ്ലിംകളായിരുന്നു എങ്കിലും പെരുന്തച്ചന്മാരും ആശാരികളുമൊക്കെ" അമുസ്ലിംകളായിരുന്നു[7]വല്ലോ.

കേരളീയജീവിതരീതിയും സംസ്കാരവുമായി ഇഴുകി കലരുന്നതിനോ അവരുടെ വാസ്തുവിദ്യാമാതൃക ഉപയോഗിച്ച് പള്ളികരം പണിയുന്നതിനോ ആദ്യകാലമുസ്ലിംകരംക്കു വിഷമമൊന്നും തോന്നിയിരിക്കാനും ഇടയില്ല. വടക്കേ ഇന്ത്യയിൽനിന്നു വ്യത്യസ്തമായി സമന്വയത്തിൻെറ കൊടിക്കൂറ ഉയർത്തിപ്പിടിച്ച കലർപ്പില്ലാത്ത ഇസ്ലാമികസംസ്കാരത്തിൻെറ ആദ്യകാലപ്രതിനിധികളാണല്ലോ കേരളത്തിലെത്തിയത്. അവർ വിശ്വാസാചാരാനുഷ്ഠാനങ്ങളിലല്ലാതെ മറെറാന്നിലും ഇതരമതസമൂഹങ്ങളുമായി അന്യത്വം പുലർത്തിയിരിക്കാൻ ഇടയില്ല. "സമൂഹത്തെ ശിഥിലീകരിക്കാനല്ല, ഏകീകരിക്കാനാണ് മതം" എന്ന വിശുദ്ധ ഖുർആൻെറ സന്ദേശമാണ് അവർ അക്ഷരത്തിലും അർത്ഥത്തിലും അനുസരിച്ചിരുന്നത്. കേരളത്തിലെ മുസ്ലിംപള്ളികളുടെ രൂപമാതൃകകളും ഇതിനു തെളിവുതന്നെ. ക്ഷേത്രങ്ങരംക്കും ക്രിസ്ത്യൻപള്ളികരംക്കും എന്നപോലെ മുസ്ലിംപള്ളികരംക്കും മരം നിർല്ലോഭം ഉപയോ

---

6 കേരളസംസ്ക്കാരം—എ. ശ്രീധരമേനോൻ. പുറം—142

7 എ സർവ്വേ ഓഫ് ഇന്ത്യൻ ഹിസ്റ്ററി- കെ. എം. പണിക്കർ. പുറം-124

ഗപ്പെടുത്തുന്നു. ഇതുതന്നെ മതഭൂമിയിലെ പതിവിൽനിന്നു വ്യത്യസ്തമാണെന്നു് എടുത്തുപറയേണ്ടതില്ലല്ലോ. ക്ഷേത്രങ്ങൾക്കു ശ്രീകോവിലും പ്രദക്ഷിണത്തിനുള്ള അകത്തളവും ഉണ്ടായിരിക്കും. ആരാധനസ്ഥലമുള്ള മണ്ഡപവും കനത്ത തൂണുകളുള്ള ഭിത്തികൾ ചുററുമുള്ള അങ്കണവും വേറെയും. കേരളത്തിലെ മുസ്‌ലിം പള്ളികൾക്കു ശ്രീകോവിലിൻെറ സ്ഥാനത്തു നടുത്തളമാണുള്ളതു്. അതിനു ചുററുമുള്ള ചരു(ചരിഞ്ഞ വരാന്ത)ദർസിനും (പഠനം)താമസത്തിനും ഉപയോഗിക്കുന്നു. ധാരാളം തൂണുകളും ജനവാതിലുകളും ഇല്ലാത്ത പള്ളികൾ കുറവാണു്. ഇവയ്ക്കുവേണ്ടി മരം നിർലോഭം ഉപയോഗപ്പെടുത്തുന്നു. മുഖപ്പുകൾക്കു കൊത്തുപണിയും ചിത്രമെഴുത്തും സാധാരണമാണു്. ഈ മുഖപ്പും മുകൾത്തട്ടുണ്ടെങ്കിൽ അതിൻെറ മുന്നു ഭാഗവും മരക്രാസികൾകൊണ്ടു മറച്ചിരിക്കും. മേൽപ്പുര വളരെ ഉയരത്തിലായിരിക്കും. അവയ്ക്കു മുമ്പു് ഓടാണു് മേഞ്ഞിരുന്നതു്. ഓലമേഞ്ഞവയും വിരളമല്ല. വളരെ പഴയ പള്ളികളിൽ ചിലതു ചെമ്പുതകിടോ മാറോടോ മേഞ്ഞുകാണാം. കൊത്തുപണികളിൽ പാമ്പു്, പക്ഷി, മൃഗം, ആൾ എന്നീ രൂപങ്ങൾ കാണാറില്ല. വിഗ്രഹാരാധനയിലേയ്ക്കു വഴി തെളിയിച്ചേയ്ക്കാമെന്നു കരുതിയാവാം ഇവ വർജ്ജിക്കുന്നതു്. താമരയും മററു പുഷ്പങ്ങളും മരപ്പണിയിലും ചായംതേയ്ക്കുന്നതിലുമൊക്കെ വരച്ചുകാണിക്കാറുണ്ടു്. പള്ളികളുടെ മിമ്പറകൾ കൊത്തുപണികൾകൊണ്ടു ചിത്രാലംകൃതമായിരിക്കും. ക്ഷേത്രങ്ങളുടെ ഗർഭഗൃഹങ്ങൾ ഉള്ളിൽ കണ്ടുകൊണ്ടാണവ നിർമ്മിച്ചിരിക്കുന്നതു് എന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. പള്ളിയുടെ മോന്തായത്തിൽ ശൂലവും ത്രിശൂലവുമൊക്കെ മുമ്പു തച്ചന്മാർ നിർമ്മിച്ചുവെച്ചിരുന്നു.

ഇന്ത്യയ്ക്കു് അകത്തും പുറത്തുമുള്ള പള്ളികളെപ്പററി പരാമർശിച്ചപ്പോൾ അവയുടെ പ്രധാനഘടകം തുറന്ന അങ്കണവും ചുററിലും തൂണുകളുള്ള വരാന്തയുമാണെന്നു് എടുത്തുപറഞ്ഞിരുന്നുവല്ലോ. വിശ്വാസത്തിൽ പകുതിയും പ്രാർത്ഥനയുടെ താക്കോലുമായ ശരീരശുദ്ധീകരണത്തിനുള്ള ജലസംഭരണി (ഹൗള്) എല്ലാ പള്ളികളോടും അനുബന്ധിച്ചും ഉണ്ടായിരിക്കും. വിശ്രമത്തിനും മററാവശ്യത്തിനും വേണ്ടിയാവണം ചായ്പ്പ് (ചരുവ്) നിർമ്മിച്ചുതുടങ്ങിയതു്. മിഹ്റാബ് ഖിബ്‌ലയെ കാണിക്കുന്നു. മിഹ്റാബിൻെറ ഒരു ഭാഗത്താണു് മിമ്പറയെന്ന പ്രസംഗപീഠം. മുഅസ്സിനു് (മുക്രി) ഉയർന്ന സ്ഥാനത്തുനിന്നു ബാങ്കുവിളിക്കാൻവേണ്ടിയാണു് ഗോപുരങ്ങളും മിനാരങ്ങളും നിർമ്മിക്കാൻ തുടങ്ങിയതു് എന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

പള്ളികൾ ക്ഷേത്രങ്ങളുടെ മാതൃക സ്വീകരിച്ചതിനു ലോഗൻ നല്കുന്ന വിശദീകരണം (മാനുവൽ പുറം 185) ആദ്യത്തെ പള്ളികളിൽ ചിലതെങ്കിലും ക്ഷേത്രങ്ങളുടെ അടിത്തറയിൽത്തന്നെ പടുത്തുയർത്തിയതാണെന്നാണ്. ക്ഷേത്രവസ്തുക്കൾപോലും ക്ഷേത്രങ്ങളോടൊപ്പം പള്ളികൾക്കുവേണ്ടി കൈമാററംചെയ്യപ്പെട്ടിട്ടുണ്ടല്ലോ. ഇസ്ലാംമതം കേരളത്തിൽ പ്രബലമാകുന്നതിനു മുമ്പു തങ്ങൾക്കു കിട്ടിയ ക്ഷേത്രങ്ങൾ മുസ്ലിംകൾ അതേപടി തങ്ങളുടെ പ്രാർത്ഥനയ്ക്കുവേണ്ടി ഉപയോഗിച്ച ഉദാഹരണങ്ങളും വിരളമല്ല. പിൻമുറക്കാർ അതേ ശില്പമാതൃകതന്നെ അനുകരിച്ചു.

പന്തലായനികൊല്ലത്തെ ആദ്യത്തെ മുസ്ലിംപള്ളികളിൽ ഒന്നിൻെറ കട്ടിളപ്പടിയിന്മേൽ കാണാനുള്ള വട്ടെഴുത്തിലുള്ള ലിഖിതങ്ങൾ അതൊരു കാലത്തു ക്ഷേത്രമായിരുന്നു എന്നു തെളിയിക്കുന്നതാണ്. കടൽക്കരയിലുള്ള പടവിന്മേൽ പതിഞ്ഞു കിടക്കുന്ന ഒരു കാലടിപ്പാടുണ്ട്. ഒരു കാലടി അവിടേയും മറെറാന്നു സിലോണിലെ കൊടുമുടിയിലും പതിപ്പിച്ചാണ് മാനവരാശിയുടെ ആദിപിതാവായ ആദം ഭൂമിയിൽ അവതരിച്ചതെന്ന ഒരു ഐതിഹ്യമുണ്ട്. ''സുമാത്രതൊട്ട് ആഫ്രിക്കവരെ ഉൾപ്പെട്ടിരുന്നതും സത്യവ്രതമനുവിൻെറ കാലത്തു ഏറിയ ഭാഗവും കടലെടുത്തുപോയതുമായ''[8] മൃറിയ വൻകരയുമായി ബന്ധപ്പെട്ടതാവാം ആദമിനെപ്പററിയുള്ള ഈ സങ്കല്പമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഈ കാലടിപ്പാട് യഥാർത്ഥത്തിൽ ജൈനമതക്ഷേത്രമായിരുന്നു ആ പള്ളിയെന്നു തെളിയിക്കുന്നതാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ജൈനന്മാർ അവരുടേതായ ക്ഷേത്രനിർമ്മാണകല ഇവിടെ വളർത്തിയെടുത്തിരുന്നുവല്ലോ. കർണ്ണാടകംമുതൽ കന്യാകുമാരിവരെയുള്ള പ്രദേശങ്ങളിൽ ഈ ശില്പകലാശൈലി കാണുന്നതുകൊണ്ടു ചേരരാജ്യത്തിൻെറ വ്യാപ്തി അതുവരെ ഉണ്ടായിരുന്നതായി ഊഹിക്കാമെന്നു ലോഗൻ ചൂണ്ടിക്കാണിക്കുന്നു (പുറം 188). ശില്പകലയിലെ ആര്യൻസ്വാധീനം ഇന്ത്യയിൽ എത്തിച്ചതു തന്നെ അശോകൻെറ കാലത്തെ ജൈനസംന്യാസികളാണെന്ന് ഇന്ത്യൻ ആൻഡ് ഈസ്റ്റേൺ ആർക്കിടെക്ച്ചറിൻെറ ചരിത്രത്തിൽ ഫെർഗൂസൻ വ്യക്തമാക്കിയിട്ടുണ്ട്. 'സാർസനികം' എന്നു സാധാരണ അറിയപ്പെടുന്നതും ഇന്തോ ഇസ്ലാമികമെന്നു പെർസീബ്രൌൺ വിശേഷിപ്പിക്കുന്നതുമായ ശില്പകലയുടെ സ്വാധീനം പള്ളികളുടെ നിർമ്മാണത്തിൽ പ്രകടമാവുന്നതു സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽമാത്രമാണ്. ഇന്തോ

---

8 കേരളഭാഷസാഹിത്യചരിത്രം-ഉള്ളൂർ എസ്. പരമേശ്വരയ്യർ പുറം–7

ഇസ്ലാമികശൈലി കേരളത്തിലെ കാലാവസ്ഥയ്ക്കനുരൂപമായ രീതിയിൽ രൂപപ്പെടുത്തിയതാണ് തിരുവനന്തപുരം പാളയംപള്ളി. 60' × 60' ഉള്ള പ്രധാനഹാളും 60 × 30 ഉള്ള പുറത്തളവുമാണതിനുള്ളത്. 30 ഡയാമീററിൽ ബിജപൂർശൈലിയിൽ വലിയ ഒരു കുംഭഗോപുരം പ്രധാനഹാളിന്റെ മുകളിൽ കാണാം. മുൻവശത്തുള്ള കവാടം സാർസനികമാതൃകയിലുള്ള കമാനങ്ങൾകൊണ്ടലംകൃതമാണ്. അവയ്ക്കു ചുററും ചിത്രലിപിയിൽ ഖുർആൻവചനം രേഖപ്പെടുത്തിയിരിക്കുന്നു. അതിന്നിരുഭാഗവും 100 അടി ഉയരങ്ങളുള്ള രണ്ടു മിനാരങ്ങളാണ്. അവയിൽ താജ്മഹലിന്റേയും ഡൽഹിയിലെ ജുമാമസ്ജിദിന്റേയും മിനാരങ്ങളുടേയും സ്വാധീനം പ്രകടമാണ്. ഡൽഹിയിലേയും ആഗ്രയിലേയും രൂപശില്പങ്ങളെ മാതൃകയാക്കിയാണ് ഗ്രില്ലുകൾ രൂപപ്പെടുത്തിയിരിക്കുന്നത്. തലശ്ശേരി, കോഴിക്കോട്, പാലക്കാട്, ആലുവ, വില്ലിംഗ്ടൺ ഐലണ്ട് തുടങ്ങിയ സ്ഥലങ്ങളിലും ഇതേമാതൃകയിലുള്ള പള്ളികൾ പണിചെയ്തിട്ടുണ്ട്. കോഴിക്കോടു പട്ടാളംപള്ളിക്കു വൃത്താകൃതിയിലുള്ള ഹാളും നൂറ് അടി ഉയരവുമുള്ള മിനാരവുമാണുള്ളത്. ടിപ്പുസുൽത്താൻ പട്ടാളക്കാർക്കുവേണ്ടി നിർമ്മിച്ചതായതുകൊണ്ടാണ് ഈ പള്ളിക്കു പട്ടാളപ്പള്ളി എന്ന പേർ വീണത്. ടിപ്പുവിന്റെ പട്ടാളക്കാർ താവളമടിച്ചിരുന്ന സ്ഥലമാണ് കോഴിക്കോട്ടേ പാളയം എന്ന സ്ഥലം. കോഴിക്കോടു സർവ്വകലാശാലകാമ്പസിലെ കോഹിനൂർ ജുമഅമസ്ജിദ് മുഗൾശില്പവുമായി കേരളമാതൃകയിലുള്ള ചരിഞ്ഞ മേൽപ്പുര കൂട്ടിയിണക്കിയതാണ്. ദക്ഷിണേന്ത്യയിലെ ക്ഷേത്രങ്ങളുടെ താഴെയുള്ള മുഖപ്പിന്റെ നിർമ്മാണത്തിൽ ഈജിപ്പിലെ പിരമിഡിന്റെ മാതൃക പ്രതിഫലിക്കുന്നതായി കാണുന്നു.[9] ആരാധനാലയങ്ങളിലെ നിർമ്മാണകലയിലുള്ള ആദാനപ്രതിദാനപ്രക്രിയയാണ് ഇതു പ്രസ്പഷ്ടമാക്കുന്നത്.

അറബിഗൾഫുനാടുകളുമായി കേരളം ഇന്നു സമ്പർക്കം പുലർത്തുന്നുണ്ട്. ആ രാജ്യങ്ങളിലെ മുസ്ലിംസമ്പന്നർ അവിടെ ജോലി എടുക്കുന്ന കേരളീയർവഴി ഇവിടെ പള്ളികളും വിദ്യാഭ്യാസസ്ഥാപനങ്ങളും അനാഥാലയങ്ങളും മററും പണിയാൻ സഹായിക്കുന്നുമുണ്ട്. ഈ പശ്ചാത്തലത്തിൽ ഗ്രാമങ്ങളിൽപ്പോലും നിർമ്മിക്കുന്ന പള്ളികൾ ഇന്തോ ഇസ്ലാമികശില്പകലാമാതൃകയിലുള്ളവയാണ്.

---

9 ലക്ച്ചേഴ്സ്ഓൺ ഇസ്ലാം-മുഹമ്മദ്മാർ ചഡ്യക് പിക്താൾ.

# IV

ചേരമാൻപെരുമാറം ശൈഖ്സഖിയുദ്ദീൻ എന്ന അറബി സഞ്ചാരിയോടൊപ്പമാണ് മക്കത്തേയ്ക്കു പോയതെന്നാണ് തുഹ്ഫത്തുൽ മുജാഹിദ്ദീൻ അനുമാനിക്കുന്നത്. ''ഊഹത്തിലും ധാരണയിലും മുൻതൂക്കമുള്ളതെ''ന്ന അർത്ഥത്തിലുള്ള അറബി പദമാണ് ഇതു വിവരിക്കുമ്പോറം ശൈഖ്സൈനുദ്ദീൻ പ്രയോഗിച്ചിട്ടുള്ളതു്. സിലോണിൽ പോയിരുന്ന ശൈഖ് കൊടുങ്ങല്ലൂർവഴി തിരിച്ചുവരാമെന്നു പെരുമാറംക്കു വാക്കു കൊടുത്തിരുന്നു. അദ്ദേഹം വന്നപ്പോറം ഒരു കപ്പൽ യാത്രയ്ക്കുള്ള എല്ലാ ഉപകരണങ്ങളോടുംകൂടി ഒരുക്കിനിർത്താൻ പെരുമാറം നിർദ്ദേശിച്ചു. എട്ടു ദിവസങ്ങറംക്കുള്ളിൽ രാജ്യം പങ്കുവെച്ചു കൊടുത്തുകൊണ്ടുള്ള രേഖകറം തയ്യാറാക്കി. അതിനുശേഷം ശൈഖും കൂട്ടുകാരുമായി പെരുമാറം രഹസ്യമായി പന്തലായനി കൊല്ലത്തെത്തി. അവിടെ രാത്രിയിലും പകലും തങ്ങിയശേഷം തലശ്ശേരിക്കടുത്തുള്ള ധർമ്മടം (ധർമ്മപട്ടണം) ദ്വീപിലേയ്ക്കു പോയി. രണ്ടത്തറപ്രദേശവുമായി തൊട്ടുകിടക്കുന്നതാണ് ദ്വീപു്. രണ്ടത്തറയെ ഇന്നും ''പോയനാട്'' എന്നു വിളിച്ചുവരുന്നതു്, പെരുമാറം അവിടെനിന്നു് അറേബ്യയിലേയ്ക്കു പോയതുകൊണ്ടാണെന്നു കരുതപ്പെടുന്നു.[1] മദ്രാസ് ഓറിയൻറൽ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും ചേരമാൻെറ യാത്രയെപ്പററിയുള്ള ഈ അഭിപ്രായം സ്ഥിരീകരിക്കുന്നുണ്ടു്. ''അറബിക്കരയിൽനിന്നു മറെറാരു സമൂഹം വന്നു—ഇസ്ലാം മതക്കാർ. അവരുടെ സംഘത്തിൽ യോഗ്യനും വിദ്വാനുമായ ഒരു ശൈഖ് വന്നിട്ടുണ്ടെന്നുള്ള വിവരം രാജാവു ധരിച്ചപ്പോറം അദ്ദേഹത്തെ കൊട്ടാരത്തിൽ വരുത്തി. സല്ക്കരിച്ചു മുഹമ്മദു നബിയെസ്സംബന്ധിച്ചും ചന്ദ്രൻ പിളൎന്നുകാണിച്ച അദ്ദേഹത്തിൻെറ അത്ഭുതകൃത്യത്തെപ്പററിയും ശൈഖ് വിശദീകരിച്ചു. പിന്നെ രാജാവു ഞാനും നിങ്ങളോടുകൂടി മക്കത്തേയ്ക്കു വന്നു മുഹമ്മദുനബിയെ കാണാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. ബന്തറിലുള്ള കപ്പല്ക്കാരിൽ ഒരാളുമായി മക്കത്തേയ്ക്കുള്ള യാത്രയ്ക്കു വേണ്ട ഏർപ്പാടു ചെയ്തു. അങ്ങനെ മക്കത്തു നടന്നുചെന്നു മുഹമ്മദുനബിയുമായി കൂടിക്കാഴ്ച നടത്തുകയും രാജാവു ദൈവത്തിൻെറ മുമ്പിൽ അനുഗൃഹീതനായിത്തീരുകയും ചെയ്തു'' എന്നാണ് 'മലയാളത്തിലെ മാപ്പിളമാർ' (സി. ഗോപാലൻനായർ) എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നതു്. കൊടുങ്ങല്ലൂർതുറമുഖത്തുനിന്നു കപ്പൽ ഗൂഢമായി കയറി കൊയിലാണ്ടിതുക്കിൽ ഒരു ദിവസം പാർത്തു പിറേറ ദിവസം ധർമ്മപട്ടണത്തെത്തി. ധർമ്മ

1 ലോഗൺസ് മാനുവൽ- പുറം 194

പട്ടണംകോവിലകം രക്ഷിക്കാൻ സാമൂതിരിയെ ഏല്പിച്ചു. കപ്പലിൽപ്പോയി കയറിയശേഷം കൊടുങ്ങല്ലൂർനിന്നു കപ്പൽക്കാരും മററും പോയി പെരുമാൾ കയറിയ കപ്പല്ക്കാരുമായി വളരെ യുദ്ധമുണ്ടായി. പിടികൊടുക്കാതെ ഹർഷർമുഖല്ലാബന്തറിൽ ഇറങ്ങുകയും ചെയ്തു എന്നു ഹെർമൺ ഗുണ്ടർട്ട് പ്രകാശിപ്പിച്ച 'കേരളോല്പത്തി'യിലുമുണ്ട്. ചേരമാൻ ഐതിഹ്യം വീണ്ടും ഉദ്ധരിക്കുന്നതു കേരളത്തിൽ നിർമ്മിച്ച രണ്ടാമത്തെ പള്ളി പന്തലായനികൊല്ലത്താണെന്നനുമാനിക്കാൻ അതു വക നല്കുന്നതുകൊണ്ടാണ്. മാലിക്ദീനാറുടെ സംഘത്തിൽപ്പെട്ടവർ കൊടുങ്ങല്ലൂർനിന്നു നേരെ പന്തലായനിക്കു പോയിരിക്കാനുള്ള സാധ്യത തീർത്തും നിഷേധിക്കാനാവില്ല.

കൊയിലാണ്ടിയിൽനിന്നു് ഒന്നു് ഒന്നര നാഴിക അകലെയാണു് പന്തലായിനികൊല്ലം. പോർത്തുഗീസുകാർ 'പന്താരണീ' എന്നും ഇബ്നുബത്തൂത്ത 'ഫന്തരയിനാ' എന്നും വിളിച്ചുവന്ന ഈ പ്രദേശത്തെപ്പററി വിദേശസഞ്ചാരികളിൽ ആരും പരാമർശിക്കാതിരുന്നിട്ടില്ല. അറേബിയിൽനിന്നും പേർഷ്യൻ ഗൾഫിൽനിന്നും വന്നിരുന്ന കപ്പൽ അതിപുരാതനകാലത്തു തന്നെ നങ്കൂരമിട്ടിരുന്നതു് ഇവിടെയാണ്. മക്കയിലേക്കു ഹജ്ജ്തീർത്ഥാടനക്കാർ ഓടങ്ങളിൽ പുറപ്പെട്ടിരുന്നതും തിരിച്ചെത്തിയിരുന്നതും ഇവിടെയാണെന്നു കരുതുന്നു. മക്കയിലെ വിശുദ്ധദേവാലയത്തിൻെറ മാതൃകയിൽ തീർത്ത പന്തലായനി കൊല്ലത്തുണ്ടായിരുന്ന ഇബ്നുദീനാർപള്ളിയുടെ ചെമ്പുകുംഭഗോപുരം എല്ലാ അറബികപ്പലുകളുടെയും ആചാരപൂർവ്വമായ ബഹുമാനത്തിനു വിധേയമായിരുന്നു.[2] എ. ഡി. 68-ൽപ്പോലും ഇവിടെ ജൂതന്മാർ പാപ്പാക്കിയിരുന്നതായി പറയുന്നുണ്ട്. ഇവിടത്തെ പള്ളിക്കു കഅ്ബയുടെ മാതൃകയിൽ ഒരു ചെമ്പോലമേഞ്ഞ കുംഭഗോപുരമുണ്ട്.

കരയിൽനിന്നു കടലിലേക്കു തള്ളിനില്ക്കുന്ന ഒരു ചളിത്തട്ടാണ്, ഈ തുറമുഖം കപ്പൽയാത്രക്കാരെ ആകർഷിക്കുന്നതിനു് ഇടയാക്കിയതു്. ഈ തട്ടുമൂലം കാററും കോളും ഉയർത്തുന്ന അലകളിൽനിന്നു മാററി സുരക്ഷിതമായ സ്ഥാനത്തു കപ്പൽ നിർത്താൻ ഇവിടെ സൗകര്യമുണ്ട്. 1498-ൽ കാപ്പാട്ട് കപ്പലിറങ്ങിയ വാസ്കോഡഗാമതന്നെ കാലവർഷത്തിൽനിന്നു രക്ഷനേടാൻ കപ്പൽ ഇവിടേക്കു മാററിനിർത്തിയതായി പറയുന്നു. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ മോർണിങ്ങ്സ്റ്റാർ എന്ന ഓടം തകർന്നതും ഇവിടെവെച്ചാണ്. വിദേശികളായ കപ്പൽയാത്രക്കാർക്കു് ഈ തുറമുഖം ഒരു സുരക്ഷിതകേന്ദ്രമായിതോന്നിയിരുന്നു എന്നാണല്ലോ ഇതൊക്കെ കാണിക്കുന്നതു്.

2 കേരളസംസ്കാരം— എ. ശ്രീധരമേനോൻ. പുറം—74

കൊടുങ്ങല്ലൂർപള്ളി സ്ഥാപിച്ച മാലിക് ദീനാർ അവിടെ ഖാസിയായി ചുമതല ഏററതിനുശേഷം മാലിക്ബ്ൻഹബീബിനേയും അദ്ദേഹത്തിന്റെ ഭാര്യ ഖുമരിയയേയും തെക്കൻ കൊല്ലത്തേയ്ക്കയച്ചു എന്നും തെക്കൻകോലത്തിരിയുടെ സഹായത്തോടെ രണ്ടാമത്തെ പള്ളി അവിടെയാണ് സ്ഥാപിച്ചത് എന്നുമാണ് ഇന്നും ഭൂരിപക്ഷം ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നത്. പക്ഷേ ഒരു കയ്യെഴുത്തുരേഖയനുസരിച്ച രണ്ടാമത്തെ പള്ളി വടക്കൻകൊല്ല(പന്തലായിനി കൊല്ലം)ത്തു സ്ഥാപിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന ലോഗൻ ചൂണ്ടിക്കാണിക്കുന്നു (പുറം—196). ഈ അഭിപ്രായം നിരാകരിക്കാനാകാത്തതാണെന്ന വാദത്തിനു് ഉപോല്ബലകമായാണ് പന്തലായിനിയുടെ പശ്ചാത്തലവും പ്രാധാന്യവും വിശദീകരിച്ചത്. മാലിക് ദീനാറുടെ മകൻ മുഹമ്മദായിരുന്നു പന്തലായിനിയിലെ ആദ്യത്തെ ഖാസി.

പയ്യനാട്ടിലെ കൊല്ലംരാജാവിന്റെ തലസ്ഥാനമായിരുന്നു പന്തലായിനി. കീഴരിയൂർ, മേലടി, മേലൂർ, മൂടാടി, വിയ്യൂർ, ചേമഞ്ചേരി, പള്ളിക്കര, അരിക്കുളം, തിരുവങ്ങൂർ എന്നീ പ്രദേശങ്ങളാണ് കൊല്ലംരാജാവിന്റെ വാഴ്ചയിൽ സാമൂതിരി പിടിച്ചടക്കുന്നതുവരെ നിലനിന്നിരുന്നത്. ഈ വടക്കൻകൊല്ലംരാജാവു പെരുമാളിനു നേരിട്ടു ബന്ധമുണ്ടായിരുന്ന കോലത്തിരിയുടെ സാമന്തനാകാനാണ് സാധ്യതയുള്ളതു്. തുഹ്ഫത്തുൽ മുജാഹിദീനിലെ വിവരണം അനുസരിച്ചു് ഒരു ഫർസഖും (3½ നാഴിക) അതിലധികവും പരിമിതിയുള്ള രാജ്യങ്ങളെ ഭരിക്കുന്നവരും 100ഉം അതിനു താഴേയും 200ഉം 300ഉം 1000ഉം 5000ഉം ഒക്കെ സൈനികശക്തിയുള്ളവരും മലബാറിലെ നാടുവാഴികളിൽ ഉൾപ്പെട്ടിരുന്നുവല്ലോ. സ്വന്തം നാണയമോ വീടിനു് ഓടു മേഞ്ഞ മേല്പുരയോ ഇല്ലാത്ത നാടുവാഴികൾപോലും ഉണ്ടായിരുന്നു.

1200—ൽമാത്രമാണ് കോഴിക്കോടിനു വടക്കു പന്തലായിനി ഉൾപ്പടെയുള്ള നാടും തളിപ്പറമ്പുക്ഷേത്രവും കോലത്തിരി സാമൂതിരിയെ ഏല്പിച്ചത്. പെരുമാൾ പുറപ്പെട്ടുപോകുമ്പോൾ ഈ രാജ്യം ഏതായാലും സാമൂതിരിയുടെ കീഴിലല്ല. സാമൂതിരിയുടെ വാഴ്ചയിലുള്ള പ്രദേശങ്ങളിൽ ആദ്യമായി അറബിസഞ്ചാരികൾ സ്ഥാപിച്ച പള്ളികളിൽ ഒന്നും ഉൾപ്പെടുന്നുമില്ല. [3] പന്തലായിനി കൊല്ലത്തു് ഒരു പാറയിൽ പതിഞ്ഞുകിടപ്പുള്ള കാലടിയുടെ കാര്യം മുൻ അധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. അതു മാനവരാശിയുടെ ഉത്ഭവവുമായി

3 ലോഗൻസ് മാന്വൽ—പുറം 245

ബന്ധപ്പെടുത്തി പന്തലായിനിക്കുള്ള സ്ഥാനവും അതു് ഒരു അതിപുരാതനതുറമുഖവുമാണെന്നു തെളിയിക്കുന്നതാണു്.

പന്തലായിനിപ്പള്ളി മക്കത്തെ പള്ളിയുടെ മാതൃകയിൽ പണിയിച്ചതാണു്. ചെമ്പോടു മേഞ്ഞ അതിന്റെ മേൽപ്പുര കണ്ണിൽപ്പെടുമ്പോൾ ആ വഴി കടന്നുപോകുന്ന അറബിക്കപ്പലിലെ യാത്രക്കാർ ആദരവോടെ അഭിവാദനംചെയ്യുക പതിവായിരുന്നു എന്നു കോഴിക്കോടുജില്ലാഗസററിയറിലും കാണുന്നുണ്ടു്. പള്ളിക്കടുത്തു പല ശിലാലിഖിതങ്ങളും കാണാം. മയ്യത്തുകുന്നു് എന്നറിയപ്പെടുന്നതാണു് അവിടത്തെ ശ്മശാനം. വളരെ പഴയ ഖബറുകളും അവശിഷ്ടങ്ങളും അവിടെ കാണപ്പെടുന്നു. മിസാൻ കല്ലുകളിലുള്ള എഴുത്തുകളിലൊന്നു് ''അലി ഇബ്നു അബ്ദുറഹിമാൻ ഹിജ്റ'' 166–ൽ ദിവംഗതനായി എന്നർത്ഥത്തിലുള്ളതായാണു് കാണുന്നതു്. മയ്യത്തുകുന്നിന്റെ നെറുകയിൽ കയറി നോക്കിയാൽ കടലിൽ വളരെ ദൂരം കണ്ണെത്തിക്കാൻ കഴിയും. നശിച്ചുപോയ ഒരു കോട്ടയുടെ അവശിഷ്ടങ്ങൾ അവിടെ കാണാം. ശത്രുവിന്റെ ഗതിവിഗതികൾ മനസ്സിലാക്കാൻ കഴിയുന്ന ഒരു നിരീക്ഷണകേന്ദ്രമായിരുന്നു ആ കോട്ട എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ധാരാളം തോട്ടങ്ങളും അങ്ങാടികളുമുള്ള വലിയ ഒരു പട്ടണമാണു് പന്തലായിനി എന്നു് ഇബ്നു ബത്തൂത്ത രേഖപ്പെടുത്തിട്ടുണ്ടു്: ''ഇവിടെ മുസൽമാന്മാരുടെ മൂന്നു മഹല്ലുകൾ (ഇടവകകൾ) ഉണ്ടു്. ഓരോ മഹല്ലിലും ഓരോ പള്ളിയും. ഇവിടത്തെ ജുമുആമസ്ജിദ് സമുദ്രതീരത്താണു്. അവിടെ നിന്നാൽ നയനാനന്ദകരമായ പ്രകൃതിദൃശ്യങ്ങൾ കാണാം. ഇതിന്റെ ഖത്തിബും ഖാസിയും അമ്മാൻകാരാണു്. പണ്ഡിതനും യോഗ്യനുമായ അദ്ദേഹത്തിന്റെ സഹോദരനും ഇവിടെ പാർക്കുന്നു. ചീനാകപ്പലുകൾ വർഷകാലത്തു് ഇവിടെയാണു് നങ്കൂരമിടുന്നതു്.''

16–ാം നൂററാണ്ടിൽ ഈ മുസ്ലിംകേന്ദ്രങ്ങൾ പറങ്കികൾ ആക്രമിച്ചു. മൂന്നിൽ രണ്ടു ഭാഗം നിവാസികളേയും അവർ കൊന്നൊടുക്കി. കുഞ്ഞാലിമരക്കാർമാരുടെ പ്രധാനകേന്ദ്രമായിരുന്നു പന്തലായിനി. അവർ മയ്യത്തുകുന്നിനു ചുററും ദുർഗ്ഗങ്ങൾ പണിതിരുന്നു.

പന്തലായിനിക്കടുത്ത കൊയിലാണ്ടിയും ഒരു മുസ്ലിം കേന്ദ്രമാണു്. 1770–ൽ സെയ്യിദ് അബ്ദുള്ളഹാജി സ്ഥാപിച്ചതാണു് അവിടത്തെ പ്രധാനപ്പള്ളി എന്നറിയപ്പെടുന്നു. രേഖകളില്ലെങ്കിലും ആ പള്ളിയും ഹിജ്റ ആദ്യനൂററാണ്ടിൽ

ത്തന്നെ നിർമ്മിച്ചതായിരിക്കണമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. പിന്നീടു പുതുക്കി പണിചെയ്തതായിരിക്കണം. ബഫക്കീഹ്, ഹമദാനി എന്നീ പുരാതന അറബിപാരമ്പര്യമുള്ള രണ്ടു കുടുംബങ്ങൾ അവിടെയുണ്ടു്. അറബികളുടെ തനതു കലാരൂപമായ ബൈത്തു് ആലാപനയിൽ നശീദാ, ശാദുലി, ഹള്‌റമി എന്നിങ്ങനെ പല രൂപഭേദങ്ങളുമുണ്ടു്. ഇവയിൽ ഹള്‌റമി എന്ന താളമില്ലാത്ത ബൈത്തിനെ 'കൊയിലാണ്ടിബൈത്തു്' എന്നു പറയപ്പെടാറുണ്ടു്. ഹളർമൗത്തിൽനിന്നു വന്ന അറബികൾ കൊയിലാണ്ടിയിൽ സ്ഥിരം പാർപ്പാക്കിയതുമൂലമാവാം അവരുടെ ബൈത്തിനു് ഈ പേരു വീണതു്. ഇതും കൊയിലാണ്ടി ഒരു അതിപുരാതനമുസ്‌ലിംകേന്ദ്രമാണെന്നു തെളിയിക്കുന്നു.

കോഴിക്കോടുജില്ലയിലെ മറ്റൊരു പ്രധാനമുസ്‌ലിംകേന്ദ്രമാണു് വടകര (വടക്കേകര). കോരപ്പുഴയുടെ വടക്കു സ്ഥിതി ചെയ്യുന്ന ഒരു ചെറുകിട തുറമുഖമാണിതു്. ഇവിടെ ജുമുഅത്തു് പള്ളി ഹിജറ 21-ൽ മാലിക്‌ദീനാർ പണിയിച്ചതാണെന്നു കരുതുന്നവരുണ്ടു്. എടക്കട്ടർ അബ്ദുള്ള മുസ്‌ലിയാരുടെ മേൽനോട്ടത്തിലാണതു പുതുക്കിപ്പണിതതു്. 'അൽഫിയക്കാരൻ' എന്ന പ്രശസ്തപണ്ഡിതൻ അവിടെ ദർസ് (ക്ലാസ്) നടത്തിയിരുന്നു. 1564-ൽ ടിപ്പു പണിയിച്ച കോട്ടയുടെ അവശിഷ്ടങ്ങൾ ഇവിടെ കാണുന്നു. കേരളത്തിന്റെ ഇതിഹാസപുരുഷന്മാരിലൊരാളായ തച്ചോളി ഒതേനന്റെ പ്രവർത്തനകേന്ദ്രമായിരുന്നു വടകരയുടെ അയൽപ്രദേശങ്ങൾ. ലോകനാർകാവിലെ മതിൽക്കെട്ടിനുള്ളിൽ തച്ചോളികുടുംബക്കാർക്കു് ഉത്സവം കാണാനിരിക്കാനുള്ള ഒരു തറയുണ്ടു്. അതിന്നടുത്തുതന്നെ കരകെട്ടി മാപ്പിളയ്ക്കിരിക്കാനുള്ള മറ്റൊരു തറയുണ്ടു്. അന്നു പുലർന്നിരുന്ന സമുദായസൗഹാർദമാണല്ലോ ഇതു കാണിക്കുന്നതു്. തച്ചോളി ഒതേനൻ, കോട്ടക്കൽ മൂത്തമരക്കാരുടെ കാല്ക്കൽ കാണിക്കവെച്ചു് അനുഗ്രഹം വാങ്ങിയശേഷമാണു് കളരി നിലനിർത്തിയിരുന്നതെന്നു ലോഗൻസ് മാനുവലിൽ (പുറം 105) പരിഭാഷപ്പെടുത്തി ചേർത്തിട്ടുള്ള താഴെ കൊടുക്കുന്ന പദ്യത്തിലെ വരികൾ തെളിയിക്കുന്നു:

Took fifteen Fanams and presenting the same
to Kottakkal Ahammal Marakar
Prostrated at his feet–
In the name of Allah; He blessed him
The plot you stand in said he
To Othenan shall be the Kalam
The seat of the God of war.

കഞ്ഞാലിമരക്കാരുടെ ആസ്ഥാനമായിരുന്ന വടകരയ്ക്കടുത്ത കോട്ടയ്ക്കൽ. കോട്ട നദീമുഖത്തായിരുന്നതുകൊണ്ടാണ് കോട്ട പുഴ എന്ന പേർ വീണതെന്ന കരുതപ്പെടുന്നു.

കേരളത്തിലെ ഏററവും പ്രബലമായ മുസ്ലിംകേന്ദ്രമാണ് കോഴിക്കോട്. ''പോർച്ചുഗീസുകാർ ഇന്ത്യയെ കണ്ടെത്തിയിരുന്നില്ലെങ്കിൽ മലബാർ മൂറുകളുടെ കൈകളിൽ ആകമായിരുന്നു'' എന്നു ഡുവാർട്ടേബർബാസയെക്കൊണ്ടു പറയിക്കാൻമാത്രം അവിടെ മുസ്ലിംപ്രാബല്യം പ്രകടമായിരുന്നു. സാമൂതിരിയുടെ വാഴ്ചയിലുള്ള പ്രദേശങ്ങളിലൊന്നും മാലിക്ദീനാറുടെ സംഘത്തിൽപ്പെട്ടവർ സ്ഥാപിച്ച പള്ളികളില്ലെന്നതു ശ്രദ്ധേയമാണ്. എങ്കിലും പെരുമാൾ മക്കത്തേയ്ക്കു പോകുമ്പോൾത്തന്നെ ഖാസിയേയും മുഹമ്മദീയരേയും നിയമിക്കാനും മക്കത്തേയ്ക്കു കപ്പലോടിക്കാനും മാമാങ്കവേല പാലിക്കാനുമുള്ള അവകാശം (കേരളോല്പത്തി) സാമൂതിരിക്കു നല്കിയിരുന്നു എന്നു പറയപ്പെടുന്നതു് അന്നേ അവിടെ മുസ്ലികൾ ഉണ്ടായിരുന്നു എന്നു് ഊഹിക്കാൻ വകതരുന്നതാണ്. ലോകത്തിലെ വലിയ തുറമുഖങ്ങളിൽ ഒന്നാണിതെന്നും രാജാവു ഹിന്ദുവാണെന്നും ഇബ്നു ബത്തൂത്ത രേഖപ്പെടുത്തിയിട്ടുണ്ടു്: ''നഗരത്തിലെ വ്യാപാരത്തലവൻെറ പേർ ഇബ്റാഹീംഷാഹ്ബന്തർ എന്നാണ്. അദ്ദേഹം ബഹറൈൻകാരനാണ്. നല്ല പണ്ഡിതനും ധർമ്മിഷ്ഠനുമായ അദ്ദേഹത്തിൻെറ കൂടെ നാനാഭാഗത്തുനിന്നുമുള്ള വ്യാപാരികൾ ഭക്ഷണം കഴിക്കുന്നു. സത്രത്തിൻെറ മേലധികാരി ശിഹാബുദ്ദീൻ ഗസ്റൂണിയാണ്. ശൈഖ് അബു ഇസഹാക്ക് ഗസ്റൂണിക്കു ഇന്ത്യയിലേയും ചൈനയിലേയും ഭക്തന്മാർ സമ്മാനങ്ങൾ കാഴ്ചവെയ്ക്കുന്നു. നഖൂദാമിസ് ഖാലും ഈ നഗരത്തിലാണ് താമസിക്കുന്നതു്. ഇദ്ദേഹം വലിയ ധനികനും സുപ്രസിദ്ധനുമാണ്. ഇദ്ദേഹത്തിൻെറ കപ്പലുകൾ പൂർവ്വേന്ത്യാദ്വീപുകൾ ചൈന, യമൻ, പേർസ്യ എന്നിവിടങ്ങളിൽ വ്യാപാരത്തിന്നായി പോയ്ക്കൊണ്ടിരിക്കുന്നു.'' 1442–ൽ കോഴിക്കോട്ടു വന്നു അഞ്ചു മാസകാലം താമസിച്ച അബ്ദുറസ്സാഖ് നഗരത്തിലെ ''ജനസംഖ്യയിൽ ഭൂരിഭാഗവും മുസ്ലിംകളാണെ''ന്നു പ്രസ്താവിച്ചിരിക്കുന്നു. അവർ രാജാവിൻെറ സമ്മതത്തോടുകൂടി രണ്ടു ജുമുഅമസ്ജിദുകൾ കോഴിക്കോട്ടു പണിയിച്ചു. മുസ്ലിംകൾക്കുവേണ്ടി ഒരു ഖാസിയെ നിയമിച്ചുകൊടുത്തിട്ടുണ്ടു്. അവിടത്തെ മുസ്ലിംകളിൽ അധികവും ശാഫീ മദ്ഹബ്കാരാണ്.'' കോഴിക്കോടുനഗരത്തിൽ 40 ൽപ്പരം പള്ളികൾ ഉണ്ടെന്നാണ് ജില്ലാഗസ്റ്റിയറിൽ കാണുന്നതു്. അതിൽ ഏററവും പ്രധാനമായ രണ്ടു പള്ളികൾ ശൈഖിൻെറ

പള്ളിയും പഴയ ജുമുഅത്ത് പള്ളിയുമാണ്.'' ഈ രണ്ടു ജുമുഅത്ത്പള്ളികളും കുററിച്ചിറക്കുളത്തിന്റെ രണ്ടു കരകളിലായി സ്ഥിതിചെയ്യുന്നു. ശൈഖിന്റെ പള്ളി ശൈഖ് മാമുക്കോയ എന്ന ഒരു പണ്ഡിതന്റെ സ്മരണയെ ഉണർത്തുന്നതാണ്. അദ്ദേഹത്തിന്റെ ഖബറിടത്തിൽ നിർമ്മിച്ചിരുന്ന പള്ളി കടലെടുത്തുപോവുകയും അതിനുശേഷം ഭൗതികാവശിഷ്ടങ്ങൾ മാററി സ്ഥാപിക്കുകയുമാണുണ്ടായത്. ഹിജ്റ 980_ൽ പറങ്കികൾക്കെതിരായ ചാലിയംസമരത്തിൽ ആ ധീരദേശാഭിമാനി പങ്കെടുത്തിരുന്നു അറേബിയയിൽനിന്നു വന്ന അലാവുദ്ദീൻഹിംസി എന്ന വ്യാപാരിയുടെ പുത്രനായിരുന്നു അദ്ദേഹം. മാതാവു കോഴിക്കോട്ടുകാരിയായിരുന്നു. ഹിജറാ 950_ൽ അശ്ശിയിലേയ്ക്കു താമസം മാററിയ മാമുക്കോയ അവിടത്തെ സുൽത്താൻ അലാവുദ്ദീനുമായി പരിചയപ്പെടുകയും അദ്ദേഹത്തിന്റെ മുമ്പിൽ നടന്ന അസ്ത്രപ്രയോഗമത്സരത്തിൽ പാടവം തെളിയിക്കുകയും ഉണ്ടായി. എന്നിട്ട് അദ്ദേഹം ഹജ്ജ്യാത്രയ്ക്കു ശേഷം കേരളത്തിൽ തിരിച്ചെത്തി സാമൂതിരിയുടെ സൈന്യത്തിൽ സേവനം അനുഷ്ഠിക്കുകയാണുണ്ടായത്. പൊന്നാനി, വെളിയംകോട്, താനൂർ തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹത്തിനു നിരവധി ശിഷ്യന്മാരുണ്ട്. അദ്ദേഹത്തിന്റെ ജാറത്തിൽ നടത്തുന്ന ആഘോഷം അപ്പാണ്യം (അപ്പവാണിഭം) എന്നറിയപ്പെടുന്നു. പലതരത്തിലുള്ള അപ്പങ്ങൾ നിറച്ച കൊട്ടകളുമായാണ് കൊട്ടും വാദ്യവുമായി പള്ളിയിലേയ്ക്കുള്ള വരവുകൾ. ജാതിമതവ്യത്യാസമന്യേ ജനങ്ങൾ ഈ സിദ്ധനെ ആദരിക്കുന്നു. 'ദേശത്തിന്റെ കഥ'യിൽ ശ്രീ. എസ്. കെ. പൊററക്കാട്ട് ഇദ്ദേഹത്തോടുള്ള ആദരവിനെപ്പററി പ്രതിപാദിക്കുന്നതിങ്ങനെയാണ്. കൃഷ്ണൻമാസ്റ്റർ എന്ന കഥാപാത്രം നാലണ നേർച്ചപ്പെട്ടിയിൽ ഇടാൻ നിർദ്ദേശിച്ചപ്പോൾ മകൻ ശ്രീധരൻ സംശയം പ്രകടിപ്പിച്ചു. അപ്പോൾ മാസ്റ്റർ ഉപദേശിച്ചു: ''മോനേ ഇതൊരു സിദ്ധന്റെ സ്ഥലമാണ്. സിദ്ധന്മാർക്കു മാപ്പിളയെന്നോ ഹിന്ദുവെന്നോ ഇല്ല. എല്ലാവരും ഒരേപോലെയാണ്. എല്ലാ മനുഷ്യരും പുണ്യവാളന്മാരെ വന്ദിക്കണം.''

കറുത്തേടം, കുന്നത്ത്, കുഞ്ഞമ്മാരകത്തു തുടങ്ങിയ ഇല്ലപ്പേരോടുകൂടിയ മുസ്ലിംകുടുംബങ്ങൾ സവർണ്ണഹിന്ദുനാടുവാഴികുടുംബങ്ങളിൽനിന്നു കൂട്ടത്തോടെ മതപരിവർത്തനം നടന്നിട്ടുണ്ടെന്നു തെളിയിക്കുന്നു. നഹകുടുംബക്കാരുടെ പൂർവ്വീകനാണ് നഖൂദാമിസ്ക്കാൽ. അദ്ദേഹം പണിയിച്ചതാണ് മിസ്ക്കാൽപ്പള്ളി. തളിയമ്പലത്തിന്റെ അതേ മാതൃകയിലുള്ളതാണ് മുച്ചിന്തിപള്ളി. ഈ പള്ളിയിൽ അകത്തെ മതിലിൽ അറബിയിലും മറെറാരു പ്രാകൃതഭാഷയിലും കൊത്തിയ

ശിലാലിഖിതങ്ങൾ കാണാം. ശിഹാബുദ്ദീൻ എന്ന് ആ ലിഖിതത്തിൽ കാണുന്നു. ഇബ്നു ബത്തൂത്ത പറയുന്ന ശിഹാബുദ്ദീൻ ഗസ്റുനിയുടെ പേരായിരിക്കാം ഇതു്. മുകൾത്തട്ടിൽ അറബിയിൽ ഇബ്രാഹിം സഹ്വത്ത് മകൻ അബ്ദുൾ ഖാദർ എന്നു കാണുന്നു. ഈ പള്ളി ഹിജ്റ 1093–ൽ അററകുററപ്പണികൾ നടത്തിയ ആളായിരിക്കണം ഇദ്ദേഹം. ചാലിയം, കോഴിക്കോടുഖാസിമാർക്ക സാമൂതിരിയുടെ ദർബാറിൽ പ്രത്യേകസ്ഥാനം അനുവദിച്ചിരുന്നു. മുസ്ലിംകുററവാളികൾക്ക് അവർ കല്പിക്കുന്ന ശിക്ഷയാണ് നല്കിയിരുന്നതു്. സാമൂതിരിവംശത്തിന്റെ പഴയ ബന്ധങ്ങളും സമ്പർക്കങ്ങളുമൊക്കെ പ്രതിഫലിപ്പിക്കുന്ന രേഖകൾ മൈസൂർ ആക്രമണകാലത്തു് ഉണ്ടായ തീപ്പിടുത്തത്തിൽ നശിച്ചുപോയി. മുച്ചുന്തിപ്പള്ളിയുടെമേൽ കാണുന്ന വട്ടെഴുത്തിൽനിന്ന് ഉദ്ധരിച്ചെടുത്ത താഴെ പറയുന്ന വാചകങ്ങൾ സാമൂതിരി മുസ്ലിംകൾക്ക നല്കിയിരുന്ന പരിരക്ഷയ്ക്കും പ്രോത്സാഹനത്തിനും അന്നു പുലർന്നിരുന്ന സമുദായമൈത്രിക്കും തെളിവാണ്. സാമൂതിരി മുക്കുവകുടുംബങ്ങളിൽനിന്നും മററും ഒന്നോ രണ്ടോപേർ മുസ്ലിം ആകണമെന്നുപോലും നിർബന്ധിച്ചിരുന്നു. ''പൂന്തുറക്കോന്റെ കല്പനയാണിതു്. സന്നിധിയിലുള്ള ഒരു ഉദ്യോഗസ്ഥൻ ഇതു നടപ്പാക്കണം. മുച്ചുന്തിപ്പള്ളിക്ക് ഒരു നാഴി നിത്യചിലവിനു കൊടുക്കണമെന്നു കല്പിക്കുന്നു. കുന്നമംഗലം പുളിക്കൽനിന്നാണ് ഇതു കൊടുക്കാൻ കല്പിക്കുന്നതു്. ഭാവിയിലും പന്ത്രണ്ടു പറ'' എന്നാണ് മുച്ചുന്തിപ്പള്ളിയുടെമേൽ രേഖപ്പെടുത്തിട്ടുള്ളതു്. രാജാവിനെ 'പൂന്തുറക്കോൻ' എന്നും ഉദ്യോഗസ്ഥനെ 'കേട്ടവിളിയൻ' എന്നുമാണതിൽ കാണിച്ചിട്ടുള്ളതു്. അറബി അക്ഷരങ്ങളിൽ പേരും ഒപ്പും കാണുന്നു.

ഹളർ മൗത്തു സ്വദേശിയും മമ്പുറം സയ്യിദ് അലവിതങ്ങളുടെ മാതുലനുമായിരുന്ന സയ്യിദ് ശൈഖ് ജിഫിരിക്ക കുററിച്ചിറക്കുളത്തിനു തെക്കുവശത്തുള്ള വിശാലമായ ഭൂമി നല്കിയതും സാമൂതിരിപ്പാടാണ്. ശൈയഖ് ജിഫ്രി, ഹസ്സൻ ജിഫ്രി തുടങ്ങിയ ജിഫ്രികുടുംബാംഗങ്ങൾ കോഴിക്കോട്ടെയും അയൽപ്രദേശങ്ങളിലെയും പള്ളികൾ നിർമ്മിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ചവരാണ്. ഇതുപോലെതന്നെ പള്ളിനിർമ്മാണത്തിലും പരിപാലനത്തിലും നേതൃത്വപരമായ പങ്കു വഹിച്ചവരാണ് ഖാസി മുഹമ്മദ് ഒന്നാമൻ, ഖാസി മുഹമ്മദ്, ഖാസി അബൂബക്കർ ശാലിയാത്തി, ഖാസി മുഹിയദ്ദീൻ, ഖാസി അബൂബക്കർകുഞ്ഞി തുടങ്ങിയ പണ്ഡിതവരേണ്യർ.

സാമൂതിരിയും മററു ഹിന്ദുനാടുവാഴികളും പള്ളി നിർമ്മിക്കുന്നതിനും അവ പരിപാലിപ്പിക്കുന്നതിനും ഉദാരമായ സഹായം മുസ്ലിംപണ്ഡിതന്മാർക്ക നല്കിവന്നു. പൊന്നാനിയിൽ മഖദൂംകുടുംബത്തിൽപ്പെട്ട ഗസ്സാലി മുസ്ലിയാർ അകത്തു മമ്മിക്കുട്ടി ഖാസിക്ക സാമൂതിരിപ്പാട്ട തങ്ങളനമ്പ്രം എന്ന തെങ്ങിൻതോപ്പു നല്കിയതായി കാണുന്നു. കോട്ടയംതമ്പുരാൻ അദ്ദേഹത്തിനു കട്ടാടൻനിലമാണ് നല്കിയത്[4]. കോഴിക്കോട്ടെ മിസ്ക്കാൽപ്പള്ളി തുടങ്ങി പല പള്ളികളിലും ഇത്തരം രേഖകൾ കാണാൻ കഴിയും. പഴയ വള്ളുവനാട്ടിൽ പള്ളിക്കുറുപ്പുദേവസ്വത്തിൽനിന്ന് അക്കാലത്തു വലിയൊരു പണ്ഡിതനും സമുദായനേതാവുമായിരുന്ന കോയമൊയ്തീൻ മുസ്ലിയാർക്ക കുറെ ഭൂമി ജന്മം നല്കിയിരുന്നു. ചുര്യോട്ടുപുഴയ്ക്കു പടിഞ്ഞാറേ തീരത്തെ പാറയിൽ അതു രേഖപ്പെടുത്തിയിട്ടുണ്ട്[5].

ശ്രീ. എൻ. വി. കൃഷ്ണവാരിയർ ഈ രേഖ ഉദ്ധരിച്ചിട്ടുള്ളത് (കലോത്സവം പുറം:50) ഇങ്ങനെയാണ്: ''പള്ളിക്കുറുപ്പ് ദേവസ(സ്വ)ത്തൽ(ത്തിൽ)നിന്നു മുസ്ലിയാരെ കഥ കോയമൊയ്തീനായിട്ടുള്ളയെ മ്മ അ (റ) ത്ര (ഇ) രി വരും. മദ്യസ്ഥൻമാരും ദേവസ്വമൻനിന്നു കോയമൊയ്തീനും കൂടി കൊല്ലം 920 മിഥ(ഥു)നം 26-ാംനു- നോക്കി നിച്ചയിച്ച തെക്കടെവിക്കൽനിന്നു പടിഞ്ഞാറു വടക്ക ചന്തവയക്കൽ ഉപയെഗിനെതയഥര (?) ദെവരസരസത്തിൽനിന്നു പടിഞ്ഞാറെ തീകട്ടപൊന്തലയ്ക്കു കിഴക്ക്വടക്കെട്ടു കൊയമയിതീക്ക ആയിറ എന്താനതിനു നടുക്കെ വെട്ടുകല്ല ഇട്ടതിന്നും.''

കേരളത്തിൽ നാട്ടുരാജാക്കന്മാരുടെ കാര്യാലോചനസഭകളിൽപ്പോലും അറബികളും നാട്ടുകാരുമായ മുസ്ലിംകൾക്കുണ്ടായിരുന്ന സ്വാധീനത ചരിത്രപ്രസിദ്ധമാണ്. സാമൂതിരിയെപ്പോലുള്ള ഭരണാധികാരികൾ മതപരിവർത്തനത്തെപ്പോലും പ്രോത്സാഹിപ്പിച്ചിരുന്നു. അവരുടെയും നാട്ടുകാരുടെയും സഹിഷ്ണതയും സന്മനോഭാവവുമാണിവിടെ മതപ്രചരണത്തിനും പള്ളികൾ നിർമ്മിക്കുന്നതിനും പററിയ മണ്ണൊരുക്കിക്കൊടുത്തതെന്നു കാണിക്കാനാണീ ഉദാഹരണങ്ങൾ എടുത്തുകാണിച്ചത്.

---

4 മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം—സി. എൻ. അഹമ്മദ്മൗലവി. പുറം—197

5 അതിൽത്തന്നെ പുറം—226

# V

മലപ്പുറംജില്ലയെപ്പോലെ ഒരേ പ്രദേശത്തു മുസ്ലിംകഠം ഇത്രയേറെ തിങ്ങിപ്പാക്കുന്ന സ്ഥലം ഇന്ത്യയിലെവിടെയും ഇല്ല. സ്വാഭാവികമായും ഏററവുമധികം പള്ളിയുള്ളതും ഈ ജില്ലയിൽത്തന്നെയാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. 'തുഹ്ഫത്തുൽ മുജാഹിദീനി'ലെ വിവരണം അനുസരിച്ചു മാലിക്ദീനാറുടെ മതപ്രചരണകാലത്തു നിമ്മിക്കപ്പെട്ട ഒരു പള്ളിമാത്രമാണ് ഈ ജില്ലയിലുള്ളതു്—ചാലിയം. ജഅഫറിബ്ന സുലൈമാനായിരുന്നു അവിടത്തെ ഖാസി. പെരുമാറം ഐതിഹ്യവുമായി വളരെയേറെ ബന്ധപ്പെട്ട സ്ഥലമാണ് ചാലിയം. ഉമർബ്ന മുഹമ്മദ്സുഹർവർദിയുടെ 'റിഹാലത്തുൽ മുലൂക്കി' (രാജാക്കന്മാരുടെ യാത്ര)ലെ വിവരണമനുസരിച്ചു മാലിക്ദീനാറുടെ നേതൃത്വത്തിൽ വന്ന അറബികളുടെ സംഘത്തിൽ ദീനാറുടെ 12 ബന്ധുക്കളും ഖുർ ആൻ മനഃപാഠമാക്കിയ 20 പേരും ചേരമാൻെറ മരുമകനായ കോഹിനൂർ രാജകുമാരനോടൊപ്പം ബസറയിൽനിന്നുള്ള ചിലരുമാണുണ്ടായിരുന്നതു്. കോഹിനൂർ എന്ന സൈഫുദീൻ മുഹമ്മദലി രാജകുമാരനോടൊപ്പമുണ്ടായിരുന്നവരിൽ ചാലിയത്തുകാരായ ഹാജിമുസ്ലാ മുദക്കാദ്, ഹാജിസാദീബാദ്, ഹാജിനീലിനിഷാദ് ഉസ്സാൻഖാജ, ഹസ്സൻഖാജ എന്നിവരും ഉണ്ടായിരുന്നു. ഇവർ പെരുമാളുടെ മന്ത്രിയായിരുന്ന കൃഷ്ണൻ മുൻജാദിൻെറ (മുസ്ലിമായശേഷം ഹുസൈൻഖാജയായി) ബന്ധുക്കളായിരുന്നു. സ്വാഭാവികമായും ഇവർ സ്വന്തം നാട്ടിൽ മതം പ്രചരിപ്പിക്കാനും പള്ളി സ്ഥാപിക്കാനും ശ്രമിച്ചിരിക്കുമെന്നു തീച്ച്യയാണല്ലോ. അറബികഠം 'ശാലിയാത്തു്'' എന്നു വിളിച്ചുവന്ന ചാലിയം പണ്ടേ അവക്കു സുപരിചിതമായിരുന്നു. അവിടെ ജൂതന്മാരുടെ പാർപ്പിടകേന്ദ്രമുണ്ടായിരുന്നതായി അബുൽ ഫിദാ രേഖപ്പെടുത്തീട്ടുണ്ടു്. റഷീദുദ്ദീനും ഇബ്ന ബത്തൂത്തയും ചാലിയത്തു താമസിച്ചിട്ടുണ്ടു്. ചാലിയം ഏററവും ഭംഗിയുള്ള നഗരമാണെന്നും അവിടെ നല്ല തുണികഠം നിമ്മിക്കുന്നുണ്ടു് എന്നും ഇബ്ന ബത്തൂത്ത പ്രസ്താവിക്കുന്നു. ''ചാലിയത്തു് അബ്ദുറം ഖാദർ സാനിയുടെ മകൻ നൂറുദീൻ ശൈഖിൻെറ ഖബറിടമുണ്ടു്.'' ചാലിയം മുസ്ലിംകളുടെ ഒരു ശക്തികേന്ദ്രമായിരുന്നു. ജുമാ അത്ത് പള്ളി കേന്ദ്രമാക്കിയുള്ള അറബികളുടെ നഗരസംവിധാനരീതിയുടെ അവശിഷ്ടങ്ങഠം ഇന്നും ചാലിയത്തു കാണാം. പറങ്കികഠം നടത്തിയ ആക്രമണത്തിൻെറ ഫലമായി ആദ്യകാലത്തു നിമ്മിക്കപ്പെട്ട പള്ളി പറങ്കികഠം തകത്തു് അതിൻെറ അവസാനത്തെ കല്ലുപോലും പറങ്കികളുടെ കോട്ടയ്ക്കുവേണ്ടി ഉപയോഗിക്കു

കയും ചെയ്തു. പിന്നീട് സാമൂതിരിയുടെ നാവികസൈന്യം മരക്കാർമാരുടെ നേതൃത്വത്തിൽ പറങ്കികളെ തോല്പിച്ചു. പറങ്കികളുടെ കോട്ട പൊളിച്ചെടുത്ത സാധനങ്ങൾ ഉപയോഗിച്ചു ജമുഅത്ത്പള്ളി പുതുക്കിപ്പണിയാൻ സാമൂതിരി അനുവദിച്ചു. അവശേഷിച്ച സാധനങ്ങൾമാത്രമാണ് കോഴിക്കോട്ടേയ്ക്കു കൊണ്ടുപോയത്. ''ആദ്യകാലത്തു നിർമ്മിച്ച പള്ളിയുടെ സ്ഥാനത്ത് ഇന്നു കാണുന്നത് ഓലമേഞ്ഞതും ജീർണ്ണിച്ചതുമായ കെട്ടിടമാണെ''ന്നു (കേരള മുസ്‌ലിംഡയറക്ടറി 1960-ൽ) കാണുന്നു. ഇന്നു ചാലിയത്തുള്ള എല്ലാ പള്ളികളും പല മാററങ്ങൾക്കും വിധേയമായിട്ടുണ്ട്. പുതുക്കിപ്പണിയലുകൾക്കുശേഷം പഴയതേതു പുതിയതേത് എന്നു നിർണ്ണയിക്കാൻ ആവാത്തമട്ടിലാണുള്ളത്.

'റിഹാലത്തുൽ മുലൂക്കി'ലെ വിവരണമനുസരിച്ചു മലപ്പുറം ജില്ലയിലെ താനൂർ, തിരൂർ, പരപ്പനങ്ങാടി, പൊന്നാനി, പുതുപൊന്നാനി എന്നിവിടങ്ങളിലും ആദ്യഘട്ടത്തിൽത്തന്നെ പള്ളികൾ സ്ഥാപിച്ചിരുന്നു. താനൂർ, തിരൂർ, പരപ്പനങ്ങാടി എന്നീ പള്ളികളിലെ ഖാസി അലി ഇബ്ന് ജുബൈറും പൊന്നാനി, പുതുപൊന്നാനി എന്നീ പള്ളികളിലെ ഖാസി അബ്ദുമജീദിബ്ന് മാലിക്കുമായിരുന്നു. മതവിദ്യാഭ്യാസം ചെയ്യുവർ കുറവായതുകൊണ്ട് അറബികളുടെ സംഘത്തിൽനിന്നുതന്നെ പല പള്ളികൾക്കുകൂടി ഒരു ഖാസിയെ നിയമിക്കുകയാണ് അന്നു ചെയ്തിരുന്നത്.

''ഒരു മുസ്‌ലിം പാഠ്യകേന്ദ്രമെന്ന നിലയിൽ പതിനഞ്ചാം നൂററാണ്ടുവരെ പൊന്നാനി പ്രാധാന്യം അർഹിച്ചിരുന്നില്ലെ''ന്നാണ് പറയപ്പെടുന്നത് (PONANI A BRIEF HISTORICAL ACCOUNT-PROF. K. V. ABDUL RAHIMAN). മഖ്ദൂം കുടുംബത്തിന്റെ ആഗമനത്തോടെയാണ് പൊന്നാനി ശ്രദ്ധേയമായത്. യമനിലെ മഅ്ബറിൽനിന്നാണവർ വന്നത്[1]. സൈനുദീനിബ്ന് അലി എന്ന ആദ്യത്തെ മഖ്ദൂം ആണ് വലിയ ജുമുഅത്ത്പള്ളി കേന്ദ്രമാക്കി മതസാംസ്കാരികപ്രവർത്തനങ്ങൾ ആരംഭിച്ചത്. വളരെ പുരാതനകാലത്തു നിർമ്മിക്കപ്പെട്ടതാണീ പള്ളി എന്നു പറയപ്പെടുന്നു. ശൈഖ് അബ്ദുൽഖാദർ ജൈലാനിയുടെ പ്രശസ്തശിഷ്യനായിരുന്ന ഹരീദ്ദീനിബ്ന് അബ്ദുൽഖാദർ ഖുറാസാനി എട്ടു നൂററാണ്ടുകൾക്കു മുമ്പു പൊന്നാനിയിലും പരിസരപ്രദേശങ്ങളിലും മതപ്രചരണം നടത്തുകയുണ്ടായി. അക്കാലത്തു പൊന്നാനി, പുതുപൊന്നാനി,

---

1 മഅ്ബർ എന്ന പദത്തിനു നദീതടം എന്നർത്ഥം.– മഖ്ദൂമികൾ അറേബിയായിൽനിന്ന് ആദ്യമായി എത്തിയതു ചോഴമണ്ഡലക്കരയിലായിരുന്നു.

വെളിയങ്കോട്ടുതുടങ്ങിയ പല സ്ഥലങ്ങളിലും പള്ളികൾ നിർമ്മിച്ചു. ഫരീദ്ദുദ്ദീൻ ശൈഖിനെ കാഞ്ഞിരമുററത്താണ് മറവടക്കിയതെന്നു വിശ്വസിക്കപ്പെടുന്നു. പക്ഷേ അദ്ദേഹത്തിന്റെ സ്മരണ ഉണർത്തുന്നതും അദ്ദേഹത്തിനു നേർച്ച കൊടുക്കാനെന്ന പേരിൽ ചിരട്ട കൂട്ടിയിട്ട ദീപം കൊളുത്തിവെച്ചതുമായ സ്ഥലങ്ങൾ ഇന്നും കേരളത്തിൽ പലയിടങ്ങളിലും കാണാം.

മഖ്ദൂംമാരുടെ പ്രവർത്തനമാരംഭിച്ചതോടെ പൊന്നാനി ഒരു 'ചെറുമക്ക'യായി മാറി. പ്രശസ്തമായ ഈ മതപഠനകേന്ദ്രത്തിലേയ്ക്കു കേരളത്തിന്റെ നാനാഭാഗത്തുനിന്നും ദ്വീപുകളിൽ നിന്നും മാത്രമല്ല, ജാവാ, സുമാത്ര എന്നീ ദൂരപൗരസ്ത്യദേശങ്ങളിൽനിന്നുപോലും വിദ്യാർത്ഥികൾ ഒഴുകാൻ തുടങ്ങി. ഹിജ്റ 871–ൽ ജനിച്ച ശൈഖ്സൈനുദ്ദീനിബ്നു അലി ആണ് പൊന്നാനിയിൽ പ്രവർത്തനം ആരംഭിച്ച ആദ്യത്തെ മഖ്ദൂം. ഇസ്ലാമികതത്ത്വശാസ്ത്രത്തെക്കുറിച്ചു നിരവധി ഗ്രന്ഥങ്ങളെഴുതിയിട്ടുള്ള സൈനുദ്ദീൻ ഹിജ്റ 988–ൽ മരിച്ചു. അദ്ദേഹത്തിന്റെ മകൻ അബ്ദുൾ അസീസാണ് പിന്നീട ഖാസിയായത്. അബ്ദുൾ അസീസിന്റെ സഹോദരപുത്രനാണ് ശൈഖ് സൈനുദ്ദീൻ എന്ന പേരിൽ അറിയുന്ന സൈനുദ്ദീനിബ്നു ഗസ്സാലി മഖ്ദൂം. എല്ലാ ചിത്രകാരന്മാരും ആധാരമാക്കാറുള്ള കേരളത്തിന്റെ ആദ്യത്തെ ചരിത്രഗ്രന്ഥമായതു ഹ്ഫത്തുൽ മുജാഹിദീൻ അദ്ദേഹമാണ് രചിച്ചത്. മിക്ക ഭാഷകളിലേയ്ക്കും അതു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചാംനൂററാണ്ടുമുതൽ പൊന്നാനിയും അവിടത്തെ ജുമുഅത്ത്പള്ളിയും "വടക്കു മുൽക്കിമുതൽ തെക്കു തേങ്ങാപട്ടണംവരെയുള്ള തീരപ്രദേശങ്ങളുടനീളം ഇസ്ലാമികവിശ്വാസകർമ്മശാസ്ത്രങ്ങളുടെ മേഖലയിൽ" വലിയ സ്വാധീനത ചെലുത്തിയിരുന്നു.[2] മഖ്ദൂം നടത്തിയിരുന്ന കലാലയത്തിലെ വിദ്യാർത്ഥികളെ നഗരവാസികളാണ് പോററുന്നത്. ഒരോ വീട്ടും രണ്ടുപേക്കുവീതം ചിലവിനു കൊടുക്കുന്നതാണ് വഴക്കം...... ബിരുദമെടുക്കുന്നതിനുമുമ്പ് അവരെ 'മൊല്ല' എന്നു വിളിക്കുന്നു. മുസ്ലിയാർ എന്ന ബിരുദമെടുക്കുന്നതുവരെയുള്ള പഠനത്തിനു വ്യവസ്ഥയൊന്നുമില്ല; പരീക്ഷയുമില്ല. പ്രാപ്തരായ മൊല്ലമാർ മഖ്ദൂമിനെ സമീപിച്ച് അദ്ദേഹത്തോടൊപ്പം ജുമുഅത്ത്പള്ളിയിലെ വലിയ വിളക്കത്തിരുന്ന് ഓതാനുള്ള അനുമതി നേടുന്നു[3] എന്നാണ് മേജർ ഹാളൻറ് ഈ വിദ്യാഭ്യാസരീതിയെ വിവരിക്കുന്നത്. (മൊല്ല എന്നതു്

2 ഇസ്ലാം ഇൻ കേരള—പ്രൊ. സെയ്ദു മൊയ്തീൻഷാ. പുറം–43

3 മോപ്പിളാസ് ഓർ മാപ്പിളാസ്—മേജർ. വി ഹോളൻറ് പ്രീയർ. പുറം–54

ഒരു പേർഷ്യൻപദമാണ്) രണ്ടുമുക്കാൽ നാഴികമാത്രം വിസ്തീർണ്ണമുള്ള പൊന്നാനിപ്രദേശത്തു നാല്പത്തിരണ്ടിൽ അധികം പള്ളികളുണ്ട്. ഇതിൽ രണ്ടേക്കർ സ്ഥലത്തു നിലകൊള്ളുന്നതും കേരളീയശില്പകലയിൽ മകുടത്തെ മാതൃക കലർത്തിയതുമായ വലിയ ജുമുഅത്ത്പള്ളിയാണ് ഏറ്റവും പ്രധാനമായതു്. 50 ചാക്ക് അരിയെങ്കിലും ഉപയോഗിച്ചാണ് അവിടെ ആണ്ടു മൗലീദിനോടു് അനുബന്ധിച്ച് അന്നദാനം നടത്തുന്നതു്.

പൊന്നാനിയിലുള്ള മിക്ക പള്ളികൾക്കും അവിടത്തെ നാടുവാഴിയായിരുന്ന തിരുമനശ്ശേരിത്തമ്പുരാൻ സ്വത്തും സാമ്പത്തികസഹായവും നല്കിയിരുന്നതായി പറയുന്നു. ആ ഔദാര്യവും സഹായവും പിന്നീടു സാമൂതിരി നിലനിർത്തിപ്പോന്നു.

മഖ്ദൂംകുടുംബങ്ങളിൽ പലരും സാമൂതിരിയുടെ ഉപദേശകന്മാരായിരുന്നു. മുസ്ലിംരാജ്യങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നതിനുവേണ്ടി സാമൂതിരി അവരെ നിയോഗിച്ചതായി പറയപ്പെടുന്നു. സൈനുദീൻ മഖ്ദൂം രണ്ടാമൻ ബീജാപ്പൂർഭരണാധിപനായിരുന്ന സുൽത്താൻ അലി ആദിൽഷായുമായി സുഹൃദ്ബന്ധം പുലർത്തിയിരുന്നു. സാമൂതിരിപ്പാടിനുവേണ്ടി മുസ്ലിംരാഷ്ട്രങ്ങളുമായി അറബിഭാഷയിൽ കത്തിടപാടു നടത്തിയിരുന്നതു ശൈഖ്സൈനുദീൻ ആയിരുന്നു.[4] പറങ്കികളുമായി സമരംചെയ്യാനും പള്ളികൾ രക്ഷിക്കാനും പൊന്നാനിയിലെ മുസ്ലിംകൾ പ്രകടമാക്കിയ ആവേശം കേരളോല്പത്തിയിൽ ഗുണ്ടർട്ടു വിവരിക്കുന്നതിങ്ങനെയാണ്: ''സകലപറങ്കികളെയുംകൊണ്ടു (1507 നവ. 23) കപ്പലുകളിൽ കരേറി പൊന്നാനിവരെ ഓടിച്ചു നങ്കൂരമിട്ടപ്പോൾ പല മാപ്പിളമാരും സഹീദായി മരിപ്പാൻ പള്ളിയിൽ വന്നു''കൂടി.

സാമൂതിരി പൊന്നാനിയെ ഒരു രണ്ടാംതലസ്ഥാനമായിട്ടാണ് കരുതിവന്നിരുന്നതു്. സാമൂതിരിയുടെ നാവികസൈന്യത്തെ നയിച്ച മരക്കാന്മാരിൽ പലരും പൊന്നാനിയിൽ പാർപ്പാക്കിയിരുന്നു. അറബിപേർഷ്യൻപൊൻനാണയങ്ങൾ വന്നുനിറയുന്ന നാടായതുകൊണ്ടാണ് പൊന്നാനി എന്ന പേർ വീണതെന്നു പറയുന്നതും പൊന്നാനി ഒരു പുരാതനമുസ്ലിംകേന്ദ്രമാണെന്നു സൂചിപ്പിക്കുന്നു.

ശൈഖ് ഫരീദുദ്ദീൻ ഇബ്നു അബ്ദുൽഖാദർ ഖുറസാനിയാണ് പൊന്നാനിയിൽ തോട്ടുങ്ങൽപ്പള്ളി സ്ഥാപിച്ചതെന്നാ

---

4 ചരിത്രകേരളം— പി. എ. സെയ്തുമുഹമ്മദ്

ണറിയുന്നതു്. വലിയ ജുമുഅത്ത്പള്ളി ഉണ്ടാകുന്നതിനുമുമ്പ് പൊന്നാനിക്കാർ ജുമുഅ നടത്തിയിരുന്നതു തോട്ടുങ്ങൽപ്പള്ളിയിലായിരുന്നു.

ഉമർ ഖാസിയുടെ (1752-1852) പ്രവർത്തനകേന്ദ്രമായിരുന്ന വെളിയംകോട്ടു്, മാറഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിലെ പള്ളികൾ വളരെ പഴക്കമുള്ളവയാണു്. മാലിക്ദീനാറുടെ കാലത്തു് ഇസ്ലാംമതപ്രചാരകനായിരുന്ന ഹസ്സൻ സാബിത ഉമർ ഖാസിയുടെ പൂർവ്വികനാണു്.

പെരുമ്പടപ്പുപുത്തൻപള്ളിയിലാണു് കൊടിയത്തൂക്കാരൻ കുഞ്ഞഹമ്മദ് മുസലിയാർ എന്ന സിദ്ധനെ മറവടക്കിയിട്ടുള്ളതു്. പെരുമ്പടപ്പുപള്ളിയിലെ വെള്ളവും മന്ത്രച്ചരടും വിഷബാധയ്ക്കു സിദ്ധൗഷധമാണെന്നു ഭക്തന്മാർ വിശ്വസിക്കുന്നു. നിത്യവും ധാരാളം വഴിപാടുകൾ ഇവിടെ വരുന്നു. ഈ പള്ളിയോടനുബന്ധിച്ച് ആശുപത്രി, സ്കൂൾ (ഇംഗ്ലീഷ് മീഡിയം) തുടങ്ങിയവ നടക്കുന്നുണ്ടു്.

പരപ്പനങ്ങാടിയിൽ പരപ്പനാട്ടുരാജാവിന്റെ സഹായത്തോടെയാണു് ആദ്യത്തെ പള്ളി കടപ്പുറത്തു സ്ഥാപിച്ചതു്. അറബികളെ ആദരിച്ചിരുത്തിയശേഷം അമ്പലക്കുളത്തിൽ നിന്നു കുളിച്ചുവരുന്ന സ്ത്രീകളിൽ ആരെ തൊട്ടാലും അവരെ വിവാഹം കഴിച്ചുകൊടുക്കാമെന്നു രാജാവു് അറബികളോടു വാഗ്ദാനംചെയ്ത കഥ പ്രസിദ്ധമാണു്. അറബി സ്പർശിച്ചതു രാജാവുമായി ബന്ധമുള്ള സ്ത്രീയെയാണു്. രാജാവു വാക്കു പാലിക്കുകയും ചെയ്തു. ആ യുവതിയും അറബിയുമായുള്ള ബന്ധത്തിലെ സന്തതികളാണു് നഹകുടുംബത്തിന്റെ പൂർവ്വികരെന്നറിയുന്നു. അന്നത്തെ സമുദായസൗഹാർദ്ദത്തിന്റെ പശ്ചാത്തലത്തിലാണു് അവിടെ ആദ്യത്തെ പള്ളി നിർമ്മിച്ചതു്. ആദ്യമായി സ്ഥാപിച്ച പള്ളികൾ കടലെടുപ്പു മൂലം കേടുപററി. ഒരു ഗരുഡൻ പറന്നുവന്നു പരപ്പനങ്ങാടി ക്ഷേത്രത്തിന്മേലും പള്ളിയിന്മേലും ഇരുന്നതു രാജാവിന്റെ കണ്ണിൽപ്പെട്ടു എന്നും അതിനെ തുടർന്നു രണ്ടു കെട്ടിടങ്ങളും രാജാവുതന്നെ സ്വന്തം ചിലവിൽ പുതുക്കി പണിയിച്ചു എന്നുമാണു് പറഞ്ഞുവരുന്നതു്. പ്രശസ്തപണ്ഡിതനും നഹാതറവാട്ടുകാരുടെ ഒരു പൂർവ്വികനുമായിരുന്ന അവുക്കോയ മുസ്ലിയാരെ (ഹിജറ 1222-ൽ അന്തരിച്ചു) ഈ പള്ളിയിലാണു് ഖബറടക്കിയിട്ടുള്ളതു്. തരീഖത്തിനെസ്സംബന്ധിച്ചു് (ഒരു ശയിഖിനെ പിന്തുടരുന്ന മാർഗ്ഗം) അദ്ദേഹം നല്കിയ ഫത്വാ (മതവിധിയെസ്സംബന്ധിച്ചുള്ള നിഗമനം) കേരളമൊട്ടുക്കു മാനിക്കപ്പെട്ടിരുന്നു. കിഴക്കെപ്പള്ളി, ഹൈദ്രോസപ്പള്ളി എന്നിവയാണു്

പരപ്പനങ്ങാടിയിലെ മററു പ്രധാനമായ പള്ളികരം. ഖിബ്'ല ശരിയാക്കി നിർമ്മിച്ച ''കോമുട്ടികാക്കാൻെറ പള്ളി''യെപ്പററി നേരത്തെ പരാമർശിച്ചിട്ടുണ്ടല്ലോ.

താനൂരിൽ ആദ്യമായി നിർമ്മിച്ച ജമാഅത്ത്പള്ളി പല പുതുക്കിപ്പണിയലുകരംക്കും വിധേയമായിട്ടുണ്ട്. തിരൂരങ്ങാടിയിൽ മുസ്ലിംഭടന്മാർ അറിയാതെ അമ്പലക്കുളത്തിലിറങ്ങി പ്രാർത്ഥനക്കുവേണ്ടി ദേഹശുദ്ധി വരുത്തി(വുളു എടുത്തു) യതറിഞ്ഞ സാമൂതിരി ആ ക്ഷേത്രവും കുളവും പള്ളിയാക്കി മാററാൻ അനുവദിക്കുകയാണുണ്ടായത്. വേങ്ങരകച്ചേരിപ്പടിക്കലുള്ള ജുമുഅത്ത്പള്ളി ഇല്ലിക്കൽ-നെല്ലാട്ടുതൊടുതറവാട്ടുകാർ ദാനംചെയ്ത സ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നത്.

കടലുണ്ടിപ്പുഴയുടെ തീരത്തുകൂടി കാലവർഷക്കെടുതി അന്വേഷിക്കാൻ പോയ സാമൂതിരിയുടെ മന്ത്രിയായിരുന്ന പാററനമ്പിയുടെ താക്കോൽ വെള്ളത്തിൽ വീണുപോയതുമായി ബന്ധപ്പെട്ടതാണ് അവിടത്തെ ഹാജിയാർപള്ളിയുടെ ഉദ്ഭവകഥ. താക്കോൽ എടുത്തുകൊടുക്കുന്നവക്ക് എന്തു സഹായവും നല്കാമെന്നു നമ്പി വാഗ്ദാനംചെയ്തു. ഒരു മുസ്ലിമാണതു കണ്ടെടുത്തതു്. അവിടെ ഒരു പള്ളി ഉണ്ടാക്കിക്കൊടുക്കണമെന്നാണ് അയാരം ആവശ്യപ്പെടുന്നതു്. ഒരു ക്ഷേത്രം പള്ളിയാക്കി മാററാൻ നമ്പി അനുവാദം കൊടുത്തു. ആ ക്ഷേത്രത്തിൽനിന്നു് ഒരു ശംഖൊഴിച്ച് മററെല്ലാം എടുത്തു മാററാനും നിർദ്ദേശിച്ചു.

പാററനമ്പിയുടെ സൈന്യവുമായി മുസ്'ലിംകരം ഒരു യുദ്ധം നടത്തേണ്ടിവന്നതു മലപ്പുറം ജുമുഅത്ത്പള്ളി നശിപ്പിക്കുമെന്ന ആശങ്കകാരണമാണ്. പക്ഷേ ആ പള്ളിതന്നെ സ്ഥാപിച്ചതും വിപുലീകരിച്ചതുമൊക്കെ പാററനമ്പിയുടെ സഹായത്തോടും സഹകരണത്തോടും കൂടിയാണെന്നതു് അനുസ്മരണീയമാണ്. ബ്രിട്ടീഷ്ഭരണം വേരുറയ്ക്കാൻ തുടങ്ങിയതോടെ നാടുവാഴികരം നികുതിപിരിവുകാരുടെ സ്ഥാനത്തേയ്ക്കു തരം താഴുകയാണല്ലോ ഉണ്ടായതു്. പാററനമ്പിയുടെ കീഴിൽ കരം പിരിച്ചിരുന്ന ആലിമരക്കാരെന്ന ഒരാരം പാററനമ്പിയുടെ ചാർച്ചക്കാരനെത്തന്നെ പീഡിപ്പിച്ചതിനെ തുടർന്നാണ് മലപ്പുറം അസ്വാസ്ഥ്യം ആരംഭിച്ചതു്. ആലിമരക്കാരും അനുയായികളും വധിക്കപ്പെട്ടു. മുസ്'ലിംകളെ കൂട്ടത്തോടെ ഒഴിപ്പിക്കാൻ തുടങ്ങി. കോട്ടക്കൽതമ്പുരാനുമായുണ്ടായ യുദ്ധത്തിൽ നമ്പിയുടെ പിറകിൽ ഉറച്ചുനിന്നു യുദ്ധംചെയ്ത മുസ്'ലിംകരംക്കെതിരെയാണ് ഈ നടപടികളെല്ലാം ഉണ്ടായതു്. ഹിജറ 1141 ശഅബാൻ 9-ാംനു- പള്ളി അഗ്നിക്കിരയാക്കി. മൃതദേഹങ്ങരം

പള്ളിക്കരികിൽ കൂട്ടിയിട്ടു. പള്ളിയിലേയ്ക്കു വെള്ളം കൊണ്ടു പോയിരുന്ന ചാൽ നശിപ്പിച്ചു. കലാപത്തെപ്പററികേട്ട വള്ളുവനാട്ടരാജാവു കുപിതനായി. അദ്ദേഹവും അദ്ദേഹത്തിൻെറ സൈന്യാധിപനായിരുന്ന ജമാലുദ്ദീൻകുട്ടിമൂപ്പനും സ്ഥലത്തെത്തി. മൃതദേഹങ്ങൾ ഉചിതമായി സംസ്കരിക്കുന്നതിനേർപ്പാടു ചെയ്തു. മുസ്ലിംകളോടൊപ്പം സമരംചെയ്തു മരിച്ചവരിൽ ഒരു തട്ടാനും ഉൾപ്പെട്ടിരുന്നു. പ്രസിദ്ധമതപണ്ഡിതനായിരുന്ന കുട്ടി ഹസ്സൻഖാസി പുതുക്കിപ്പണിതതാണിപ്പോഴത്തെ ജുമുഅത്ത്പള്ളി. ആ പള്ളിയുടെ മുൻവശത്തുള്ള തറയിലാണ് അന്നു മരിച്ചവരുടെ കബറിടങ്ങളുള്ളതു". പാറനമ്പിയും മുസ്ലിംകളും പിന്നീടു പശ്ചാത്തപിച്ചു ''അലിമരക്കാരും കൂട്ടരും ചെയ്ത കുററത്തിനു തങ്ങളെ ശിക്ഷിക്കരുതെ''ന്നു മുസ്ലിംകളും ആപൽശങ്കളാതെ ''മുസ്ലിംകൾക്കു മലപ്പുറത്തു സ്വതന്ത്രമായി ജീവിക്കാം''മെന്നു പാറനമ്പിയും പരസ്പരം വിട്ടുവീഴ്ചചെയ്തു. മലപ്പുറംപാട്ടിൽ മോയിൻകുട്ടിവൈദ്യർ അവിടത്തെ പള്ളിയെ വർണ്ണിക്കുന്നതിങ്ങനെയാണ്: ''താലം ജനങ്ങൾ കൺതടികൽബും കുളുപ്പിക്കും – താഹിർജലവും ഹൗളതൃപ്പാദത്താലെ ഉണ്ടു തട്ടുകൾ പണി മസ്ജിദ് അതൃപ്പം കെട്ടുകൾ തരമതിൽ അധികം ഉയപ്പം.''

ഒരു മഹാദേവക്ഷേത്രം ഉണ്ടായിരുന്ന സ്ഥലമാണിന്നത്തെ മമ്പുറംപള്ളി എന്നറിയുന്നു. ആ ക്ഷേത്രത്തെ നിദാനമാക്കി മഹാദേവപുരം എന്നാണീ സ്ഥലം അറിഞ്ഞിരുന്നതു്. പിന്നീടു ലോപിച്ചു മമ്പുറമായിത്തീർന്നു. ആ ക്ഷേത്രമാണ് പിന്നീടു പള്ളിയായി മാറിയതു്. ചെറിയ നമസ്കാരപ്പള്ളി ഇന്നത്തെ പള്ളിയാക്കി വിപുലീകരിച്ചതു മമ്പുറംതങ്ങന്മാരാണ്. ഇവരിൽ ആദ്യത്തെ തങ്ങൾ 18–ാംനൂററാണ്ടു് ആദ്യത്തിൽ അറേബിയിൽനിന്നു വന്ന സെയ്യദ്ഹസ്സൻ ഇബ്നു അലി ജിഫരി തങ്ങളാണ്. മമ്പുറത്തുവെച്ചു ഹജറ 1169–ൽ അദ്ദേഹം അന്തരിച്ചു. അദ്ദേഹത്തിൻെറ മരുമകൻ സയ്യദ്അലവിഇബ്നുമുഹമ്മദാണ് മമ്പുറം കേന്ദ്രമാക്കി പിന്നീടു പ്രവത്തനം തുടന്നതു്. ഈ തങ്ങന്മാരുടെ സാന്നിധ്യം മമ്പുറത്തെ തീർത്ഥാടനകേന്ദ്രമാക്കി മാററി. ഇന്നും ആ സ്ഥിതി നിലനില്ക്കുന്നു. ''മമ്പറത്തെ പള്ളി മലബാർമുസ്ലിംകളുടെ മൂലസ്ഥാനമാണ്. അതു ബ്രിട്ടീഷ്പട്ടാളം വെടിവെച്ചു വീഴ്ത്തിയാൽ പിന്നീട് അവക്കു ജീവിച്ചിരുന്നിട്ടു കാര്യമില്ലെന്നുള്ള നൈരാശ്യത്തോടും ആവേശത്തോടുംകൂടി ക്ഷോഭിച്ചിളകിമറിഞ്ഞ ജനക്കൂട്ടത്തോടൊപ്പം പള്ളി വെടിവെച്ചു വീഴ്ത്തി എന്നു കേട്ടിട്ടാണ് താൻ പുറപ്പെട്ടതെന്ന് അതിൻെറ നേതാവായ കുഞ്ഞിക്കാദർ പറഞ്ഞതായി'' ശ്രീ. മൊഴികുന്നം 'ഖിലാഫത്തു്' എന്ന പുസ്തകത്തിൽ

പ്രസ്താവിച്ചിട്ടുണ്ട്. മമ്പുറം തങ്ങന്മാർ കോഴിക്കോട്ടേയും കൊയിലാണ്ടിയിലേയും തങ്ങന്മാരുടെ ബന്ധുക്കളും സഹപ്രവർത്തകരുമായിരുന്നു. മലപ്പുറത്തെ തങ്ങന്മാർക്ക പൊന്നാനി ജാറത്തിങ്ങൽ തങ്ങന്മാരുമായാണ് കൂടുതൽ അടുപ്പം ഉണ്ടായിരുന്നതു്. കൊണ്ടോട്ടി, പയ്യോളി, തലശ്ശേരി, പൊന്നാനി തുടങ്ങിയ പ്രദേശങ്ങളും പുരാതനമുസ്ലിംകേന്ദ്രങ്ങളായിരുന്നു എന്നു് ഇന്നസ്സ് (മലബാർജില്ലാഗസററിയർ) രേഖപ്പെടുത്തിയിട്ടുണ്ട്. കല്യാണിലെ കർദ്ദാൻസ്വദേശിയും മുഖദംവംശക്കാരനുമായ ഫഖീർ മുഹമദ്ഷാ തങ്ങളുടെ ആഗമനത്തോടെയാണ് കൊണ്ടോട്ടി കൂടുതൽ ശ്രദ്ധേയമായ മുസ്ലിംകേന്ദ്രമായിത്തീർന്നതു്. ഇന്നത്തെ കൊണ്ടോട്ടി ഖുബ്ബ, തക്യാ, ജുമുഅത്ത്പള്ളി എന്നിവയെല്ലാം സ്ഥിതിചെയ്യുന്ന സ്ഥലം പ്രസിദ്ധമുസ്ലിംധനാഢ്യനായിരുന്ന കീടക്കാട്ട് പുത്തൻപീടികക്കൽ കുഞ്ഞറമ്മുട്ടിയുടേതായിരുന്നു. അദ്ദേഹം അതു മുഹമ്മദ്ഷാകുടുംബത്തിനു ദാനംചെയ്യുകയാണുണ്ടായതു്. ടിപ്പുവിൻെറ പ്രേരണയിലാണ് മുഹമ്മദ്ഷാ മലബാറിലെത്തിയതു്. മഞ്ചേരി അത്തൻകുരിക്കൾ, മണത്തലഹൈദ്രോസ്കുട്ടി മൂപ്പൻ തുടങ്ങിയ മുസ്ലിംപ്രമാണിമാർ ടിപ്പുവിൻെറ കാർഷികപരിഷ്കരണങ്ങൾക്കെതിരായി സ്വരമുയർത്തിയതിനെ തുടർന്നാണിതു്. തരീഖത്തുപ്രസ്ഥാനംവഴി മുസ്ലിംകളെ ടിപ്പുവിൻെറ പിന്നിൽ അണിനിരത്താനാണ് മുഹമ്മദ്ഷാ നിയോഗിക്കപ്പെട്ടതെന്നനുമാനിക്കേണ്ടിയിരിക്കുന്നു. ''മുഹമ്മദ്ഷാ കൊച്ചിയിൽനിന്നു തൃശ്ശൂർവഴി പാലക്കാട്ടെത്തി. അടുത്ത ബന്ധു ശിറജുദ്ദീൻഷായെ പുതുനഗരത്തു താമസിപ്പിച്ചു. മററൊരാളെ മുള്ള്യൻ കുർശ്ശിയിലും താമസിപ്പിച്ചു. അദ്ദേഹം യാത്ര തുടന്നു. അവസാനം അരീക്കോടുപുഴയ്ക്കു് അക്കരെ സ്ഥിതിചെയ്യുന്ന ഉത്തുംഗമായ ഒരു കുന്നിൽ ധ്യാനനിമഗ്നനായി ഇരുന്നു. മൈസൂർകൊട്ടാരത്തിൽ വളർത്തിയിരുന്ന ഒരു നരിയും കൂടെ ഉണ്ടായിരുന്നു''[5] അത്ഭുതപുരുഷനായി പ്രത്യക്ഷപ്പെട്ട ഇദ്ദേഹത്തിനു് അനുയായികൾ ഏററി ഏററി വന്നു. പക്ഷേ അദ്ദേഹത്തിൻെറ തരീഖത്തുപ്രസ്ഥാനത്തെ പൊന്നാനിയിലേയും മററും മതപണ്ഡിതന്മാർ എതിർത്തു. ഇതിനെ തുടന്നാണ് ഒച്ചപ്പാടുണ്ടാക്കിയ 'പൊന്നാനി—കൊണ്ടോട്ടികൈത്തർക്കം' ആവിർഭവിച്ചതു്. ഏതെങ്കിലും ഒരു ഷെയ്ഖിൻെറ കൈക്കാരനാവുക (പിന്തുടരുക) എന്നതാണിതിൻെറ പൊരുൾ. മുഹമ്മദ്ഷായുടെ കാലത്തു കൊണ്ടോട്ടിയിലെ മുസ്ലിംകളെയെല്ലാം പഴയങ്ങാടിപള്ളിയിലാണ് ജുമുഅക്ക് പോയിരുന്നതു്.

---

5 മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം — സി. എൻ, അഹമ്മദ മൗലവി പുറം: 192

കൈത്തക്കത്തെ തുടന്ന് 'പൊന്നാനി കൈക്കാർ' ഖാളിയാരകംപള്ളി നിമ്മിച്ചു. നീണ്ട കാലത്തെ കേസ്സിനുശേഷമാണ് മദ്രാസ്ഹൈക്കോടതി പഴയങ്ങാടിപള്ളിയുടെ 'മുതവല്ലി' (നോക്കിനടത്തിപ്പുകാരൻ) സ്ഥാനം മുഹമ്മദുഷാവിഭാഗത്തിന്നു നല്കിയതു്. കൊണ്ടോട്ടിതങ്ങന്മാക്കു ടിപ്പു നല്കിയ ഇനാംദാർ സ്ഥാനം ബ്രിട്ടീഷ്ഗവമ്മേണ്ടും നിലനിത്തിയിരുന്നു. ''എ. ഡി. 10-ാംനൂററാണ്ടിൽപ്പോലും കൊണ്ടോട്ടി ഒരു മുസ്ലിംകേന്ദ്രമായിരുന്നു. നൂററാണ്ടുകൾക്കുമുമ്പു് ഇന്നാട്ടിലെ മുസ്ലിംകൾ തിരൂരങ്ങാടിയിലേയ്ക്കാണ് ജുമുഅക്ക് പോയിരുന്നതു്. പഴയങ്ങാടി ജുമുഅത്ത്പള്ളി ഇന്നത്തെ രൂപത്തിൽ പുനരുദ്ധരിച്ചതു ഹിജറ 10-ാംനൂററാണ്ടിലാണ്. പള്ളിയുടെ ഉത്തരത്തിന്മേൽ ആലേഖനംചെയ്തിട്ടുള്ള അറബികവിതയിൽനിന്ന് അതു മനസ്സിലാക്കാം.''[6] ഈ കവിത രചിച്ച മമ്മിക്കുട്ടി ഖാസിയെപ്പററി നടെ പരാമശിച്ചിട്ടുണ്ടു്. ഇദ്ദേഹം കൊണ്ടോട്ടി, തിരൂരങ്ങാടിപള്ളികളിലെ ഖാസിയായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. കൊണ്ടോട്ടിപ്പള്ളിയുടെ കുബ്ബ മുഹമ്മദുഷായുടെ പിൻഗാമികളാണ് തീപ്പിച്ചതു്. കരിങ്കല്ലുകൊണ്ടുള്ള കുബ്ബയുടെ ശില്പികൾ തമിഴരായിരുന്നു. അങ്ങനെ കെട്ടിപ്പൊക്കുന്ന സമ്പ്രദായം അനിസ്ലാമികമാണെന്ന ആക്ഷേപംപോലും ഉയന്നിരുന്നു.

കുടിയാന്മാരും അനുയായികളും കൊണ്ടുവരുന്ന വഴിപാടുകൾ സ്വീകരിക്കുന്ന സമ്പ്രദായത്തോടനുബന്ധിച്ചാണ് കൊണ്ടോട്ടിപ്പള്ളിയിലെ ആണ്ടുനേർച്ചാഘോഷം ആരംഭിച്ചതു്. ഈ ആഘോഷത്തിൽ ജാതിമതവ്യത്യാസമെന്യേ ജനങ്ങൾ പങ്കെടുക്കുന്നു. നേർച്ചയുടെ ഒരു മാസംമുമ്പു കൊടികയററം നടക്കും. പീരങ്കി പൊട്ടിക്കുന്ന (തോക്കെടുക്കൽ) ഒരു ചടങ്ങുണ്ടു് തുടക്കത്തിൽ. പണ്ടാരക്കുടിഞ്ഞിൽ എന്ന സ്ഥലത്താണ് വരവുകളിലെ അരിയും മററും സ്വീകരിക്കുന്നതു്. പണ്ടാരം എന്ന പദംതന്നെ ക്ഷേത്രവുമായി ബന്ധപ്പെട്ടതാണല്ലോ. വള്ളുവനാട്ടിലെ വള്ളാട്ടിരിക്കാരുടെ വരവോടെയാണ് എഴുന്നള്ളത്തുകൾ ആരംഭിക്കുന്നതു്. കൊണ്ടോട്ടി സാമിമാക്കാരുടെ തട്ടാപ്പെട്ടിയോടെ അവസാനിക്കുന്നു. വണ്ണാലങ്കാരവേഷഭൂഷണങ്ങളണിഞ്ഞ തങ്ങളുടെ പ്രതിനിധി വരവുകളെ എതിരേററു ഖുബ്ബയിലേയ്ക്കാനയിക്കുന്നു. കുതിരപ്പുറത്തായിരിക്കും ഈ പ്രതിനിധി. നഗാറ എന്ന പെരുമ്പറയടിച്ചുകൊണ്ടാണ് വരവുകാരെ സ്വാഗതംചെയ്യുന്നതു്. ഇതൊരു പേർസ്യൻവാദ്യോപകരണമാണ്. വരവുകളിലെല്ലാം അറവന, കോൽക്കളി, പലിശമുട്ടു്, കൈക്കൊട്ടിക്കളി, മുട്ടുംവിളി (ഡോലക്കിൻേറയും

6 അതിൽത്തന്നെ പുറം 191

ശാഹ്നായിയുടേയും വകഭേദം) എന്നിവ ഉണ്ടായിരിക്കും. ഏറനാട്ടിലെ എട്ടു ഗ്രാമക്കാരുടെ വരവാണ് എട്ടുതറക്കാരുടെ വരവ്. തങ്ങളും പരിവാരവും തക്കിയാവിൽനിന്ന ഖുബ്ബയിലേക്കു വരുന്ന ഘോഷയാത്രയിൽ ചന്ദനക്കുടവും പ്രസാദവും കൊണ്ടുവരുന്നു. ആരംഭത്തിലെന്നപോലെ മൂന്ന വെടി അവസാനത്തിലും മുഴങ്ങുന്നു. ഇതിനുശേഷം ശീരണി (പേർസ്യൻപദം) വിതരണം നടത്തുന്നു. [മുഹമ്മദുഷായുടെ പൂർവ്വികന്മാർ പേർസ്യയിൽനിന്ന വന്നവരാണെന്ന ശീരണിയും നഖാരവും മററും തെളിയിക്കുന്നു]. കൊണ്ടോട്ടി മേലങ്ങാടി പള്ളി, മൈസൂർസുൽത്താന്മാരുടെ പട്ടാളക്കാർക്കും ചുങ്കം ഉദ്യോഗസ്ഥന്മാക്കുംവേണ്ടി നിർമ്മിച്ചതാണ്. പ്രകാരന്തരേണയാണെങ്കിലും ചന്ദനക്കുടവും നേർച്ച്ആഘോഷവും മമ്പുറം, മലപ്പുറം, വെളിയംകോട്, പെരുമ്പടപ്പ തുടങ്ങി മലപ്പുറംജില്ലയിലെ പ്രധാനമായ ഏഴ പള്ളികളിലുമുണ്ട്. മലപ്പുറംപള്ളിയിൽ നടക്കുന്ന ആണ്ടുനേർച്ച രക്തസാക്ഷികളെ അനുസ്മരിക്കുന്നതിന്നാണ്. മലപ്പുറംഖാസി വലിയ തങ്ങളുടേയും കാരണവന്മാരുടേയും മേൽനോട്ടത്തിലാണ് ആഘോഷം. അതു നിശ്ചയിച്ചു കഴിഞ്ഞാൽ പള്ളിയിൽ വാദ്യാഘോഷങ്ങൾ ആരംഭിക്കും. നേർച്ചദിവസം പെട്ടികളുടെ വരവാണ്. അതിൽ ഹിന്ദുക്കളുടെ പെട്ടികളും ഉൾപ്പെടുന്നു. ഇത്തരം ആഘോഷങ്ങൾ അനിസ്ലാമികമാണെന്ന് ഒരു വിഭാഗം മുസ്ലീംകൾ വിശ്വസിക്കുന്നു. മഞ്ചേരികോവിലകക്കാർ സംഭാവനയായി നൽകിയ സ്ഥലത്താണ് മഞ്ചേരിയിലെ മേലാക്കംപള്ളി നിർമ്മിച്ചിട്ടുള്ളത്. സയ്യിദ്ഫസൽപൂക്കോയ തങ്ങളാണീ പള്ളിക്കു തറക്കല്ലിട്ടത് അസ്സൈയ്ഫുബത്താർ (കടുത്ത മൂർച്ചയുള്ള വാൾ) എന്ന മമ്പുറം തങ്ങളുടെ ലഘുലേഖ ബ്രിട്ടീഷ്വിരുദ്ധയുദ്ധത്തിന് ആഹ്വാനംചെയ്യുന്നതായിരുന്നു. തങ്ങളുടെ അനുയായികളും വെള്ളപ്പട്ടാളവും തമ്മിൽ 1842-ൽ ചേറൂർവെച്ച് ഏററുമുട്ടി. മരണമടഞ്ഞ മുസ്ലിംകളുടെ മൃതദേഹം പട്ടാളക്കാർ തീയിട്ടു കത്തിച്ചു. ഈ രക്തസാക്ഷികളുടെ സ്മരണ മുൻനിർത്തിയാണ് ചേറൂർപള്ളി നിർമ്മിച്ചത്. പള്ളി രണ്ടു പ്രാവശ്യം കളക്ടറുടെ നിർദ്ദേശാനുസരണം പൊളിച്ചുനീക്കി. വീണ്ടും നിർമ്മിക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തരം ഈ പള്ളി പുതുക്കിപ്പണിയുകയുണ്ടായി. മുട്ടിയറക്കൽവെച്ചു നടന്ന ഏററുമുട്ടലും പള്ളി നശിപ്പിക്കപ്പെടുമെന്ന ആശങ്കയിൽനിന്നുടലെടുത്തതാണ്. എട്ടു മുസ്ലിംകളാണ് യുദ്ധത്തിൽ പങ്കെടുത്തത്. അവരെ നേരിടാൻ വന്നതു മദിരാശി അഞ്ചാം ബെററാലിയനിലെ അറുപതു ഭടന്മാരായിരുന്നു. ഈ സമരത്തിൽ ഒരു സുബേദാറും മൂന്നു പട്ടാളക്കാരും കൊല്ലപ്പെട്ടു. ഒരു സായ്വിനും അഞ്ചു ഭടന്മാർക്കും ഏഴു താലൂക്കുശിപായിമാർക്കും പരിക്കുപററി. മാപ്പിളമാരെ താലൂക്കുശിപായി

മാരും അംശം ഉദ്യോഗസ്ഥന്മാരും ചേർന്നാണ് വെടിവെച്ചത്. മരിച്ചവരുടെ മൃതദേഹം തിരൂരങ്ങാടി ആശുപത്രിയിൽ തീയിടാൻ ഒരുങ്ങി. ജനങ്ങൾ[7] ചെറുത്തു എന്നാണ് പറയപ്പെടുന്നത്.

രണ്ടര നൂററാണ്ടുമുമ്പ് മമ്പുറം സെയ്യിദ് അലവി തങ്ങൾ ശിലാസ്ഥാപനം നടത്തിയതാണ് പെരിഞ്ചേരിപ്പള്ളി. അതിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് തിരിച്ചുവരുമ്പോൾ തങ്ങൾ ഒഴൂരിലെത്തി. മഞ്ചലിൽനിന്നിറങ്ങി. പടിഞ്ഞാട്ട തിരിഞ്ഞുനിന്ന് അവിടെ പള്ളിയുണ്ടാക്കണമെന്ന നിർദ്ദേശിച്ചു. അതിനെത്തുടർന്ന ഹിന്ദുക്കളുടെ സഹായത്തോടെ പള്ളി നിർമ്മിച്ചു. കരിങ്കപ്പാറ, ആതൃശ്ശേരിതുടങ്ങിയ പള്ളികൾ ജനങ്ങളുടെ ചിലവിൽ നിർമ്മിച്ചവയാണ്.

നിലമ്പൂർകോവിലകത്തെ ഒരു തമ്പുരാട്ടിക്കുണ്ടായ കണ്ണിൽക്കേട് കരിക്കാംബാപ്പ എന്നറിഞ്ഞിരുന്ന ഒരു മുസ്‌ലിംവൈദ്യർ ചികിത്സിച്ച് മാററിയതിനെ തുടർന്നാണ് അരീക്കോട്ട താഴത്തെ അങ്ങാടിപ്പള്ളി നിർമ്മിച്ചതെന്ന പറയപ്പെടുന്നു. കോവിലകത്തുനിന്ന സ്വർണ്ണവും പണവും നല്കിയപ്പോൾ കരിക്കാംബാപ്പ സ്വീകരിച്ചില്ല. പള്ളിക്കും നാല്പതു പുരയിടത്തിനും സ്ഥലം അനുവദിച്ചാൽ മതി എന്നദ്ദേഹം അപേക്ഷിച്ചു. അതനുസരിച്ച് തമ്പുരാട്ടി ദാനംചെയ്ത സ്ഥലത്താണ് പള്ളി നിർമ്മിച്ചത്. കരിക്കാംബാപ്പ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും ആരാധ്യനായിരുന്നു. എല്ലാവരും സഹകരിച്ച് പണം പിരിച്ചാണ് പള്ളിയുണ്ടാക്കിയത്. ഇന്ന പള്ളിയിൽനിന്ന് അശരണക്ക ചികിത്സാസഹായം നല്കിവരുന്നുണ്ട്. കിഴക്കൻ ഏറനാട്ടിലെ പയ്യനാട്ടപള്ളി സാമൂതിരിപ്പാടിന്റെയും നിലമ്പൂർകോവിലകത്തിന്റെയും സഹായത്തോടെ മഞ്ചേരികരിക്കാം പണിചെയ്യിച്ചതാണ്. ബൈത്താൻ മുഹമ്മദ മുസലിയാർ എന്ന പ്രശസ്തപണ്ഡിതൻ ഈ പള്ളിയിൽ ദർസ്(ക്ലാസ്)നടത്തിയിരുന്നു. ആറു നൂററാണ്ടുമുമ്പ് മഞ്ചേരിയിൽ പാപ്പാക്കിയവരാണ് കരിക്കാംമാർ. അവർ ഭാഗംപിരിഞ്ഞ് ഒരു വിഭാഗം പയ്യനാട്ട പാപ്പാക്കിയിരുന്നു. സാമൂതിരിപ്പാടിന്റേയും നിലമ്പൂർകോവിലകത്തിന്റേയും സഹായത്തോടെ കരിക്കാംതറവാട്ടുകാരാണ് പയ്യനാട്ട പള്ളി ഉണ്ടാക്കിയത്.

ബ്രിട്ടീഷുഭരണകാലത്തു മലബാർപ്രദേശത്തുണ്ടായ കലാപങ്ങളിൽ മിക്കതും ഇന്നത്തെ മലപ്പുറംജില്ലയിൽപ്പെടുന്ന പ്രദേ

---

7 മാപ്പിളലഹളകൾ—ആർഡിബെട്ടൺ
(ജർണൽ ഓഫ് ദ യുണൈററഡ് സർവ്വീസസ്)

ങ്ങളിലാണ് നടന്നതു്. 1881 ഫിബ്രു 5-ാംനു- കലാപങ്ങളുടെ യഥാർത്ഥകാരണമെന്തെന്നു മനസ്സിലാക്കാൻ ജില്ലാകലക്ടർ മി. ഡബ്ലിയു. ലോഗൻ നിയോഗിക്കപ്പെട്ടു. ഹിന്ദുക്കളും മുസ്ലിംകളും തമ്മിലുള്ള വിയോജിപ്പിനു പള്ളികളുടെയും ശ്മശാനങ്ങളുടെയും പ്രശ്നങ്ങൾ എത്രമാത്രം കാരണമാകുന്നുണ്ടെന്നു മനസ്സിലാക്കണമെന്നും പള്ളികൾക്കും ശ്മശാനങ്ങൾക്കും എത്ര സ്ഥലം അനുവദിക്കണമെന്നതിനെപ്പററി ഒരു ധാരണ ഉണ്ടാക്കണമെന്നും മി. ലോഗനോടു നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കലാപങ്ങൾ മിക്കതും കൃഷിക്കാരുടെ അവശതകളിൽനിന്നു് ഉടലെടുത്തതാണെന്നായിരുന്നു ലോഗൻെറ നിഗമനം. പള്ളി നില കൊള്ളുന്ന സ്ഥലങ്ങൾ ഒഴിപ്പിച്ചെടുക്കാനുള്ള ജന്മികളുടെ നടപടികളും മതവികാരം കലരുന്നതിനിടയാക്കിയിട്ടുണ്ടെന്നു് അദ്ദേഹം രേഖപ്പെടുത്തി. ഒരു ഉദാഹരണമിതാ: 1841 നവം. 13-നു- കൈതോട്ടിപ്പറമ്പിൽ മൊയ്തീൻകുട്ടിയും മററു് ഏഴുപേരും ഒരു താച്ചപ്പണിക്കരെ കൊന്നു; ഒരു ശിപായിയെയും. ശിപായിയെ കൊന്നതിനു കാരണം പറഞ്ഞതു പള്ളിയിൽനിന്നു് ഒരു മുസ്ലിമിനെ വലിച്ചു പുറത്തിട്ടു എന്നതാണു്. താച്ചപ്പണിക്കരുടെ സഹായത്തോടെയാണിതു ചെയ്തതു്. താച്ചപ്പണിക്കർ കൊല്ലപ്പെടുന്നതിനുണ്ടായ കാരണം ഇരുപതു വർഷം മുമ്പു കാണച്ചാർത്തു വാങ്ങിയ സ്ഥലത്തു നിർമ്മിക്കപ്പെട്ട പള്ളിക്കുചുററും ഒരു മതിൽ നിർമ്മിക്കുന്നതു തടഞ്ഞതായിരുന്നു...... ഒരു പള്ളി നിർമ്മിക്കുന്നതിനെ എതിർത്തതിൻെറ പേരിലാണു് പ്രബലനായ ഒരു ജന്മിയായിരുന്ന കളത്തൂർവാരിയർ കൊല്ലപ്പെട്ടതു് (ലോഗൻസ് മാനുവൽ-പുറം 568). 1921 ആഗസ്റ്റ് 18-നു- പട്ടാളം തിരൂരങ്ങാടിപ്പള്ളി വളഞ്ഞതിനെപ്പററി 'എത്ര എത്ര സ്ഥലങ്ങൾ, എന്തെന്തു സംഭവങ്ങളി'ൽ (കാട്ടാക്കട ദിവാകരൻ) വിവരിക്കുന്നതിങ്ങനെയാണു്: ''തിരൂരങ്ങാടിയിൽ പള്ളി വളഞ്ഞ വാർത്ത പരന്നു. അയൽപ്രദേശങ്ങളിൽ നിന്നു മാപ്പിളമാർ ഇരച്ചുകയറി. പ്രക്ഷുബ്ധമായ അന്തരീക്ഷം. ആലിമുസ്ലിയാർ കീഴടങ്ങാൻ വെള്ളക്കൊടി കാട്ടി. പട്ടാളമേധാവി ഇരിക്കാൻ പറഞ്ഞു. വെടിയുണ്ടകൾ ചീറിയടുത്തു. ആവേശം ബാധിച്ച മുസ്ലിംകൾ കയ്യിൽക്കിട്ടിയ ആയുധങ്ങളുമായി മുന്നേറി. അനേകംപേർക്കു മാരകമായ മുറിവുകളേററു. പിന്നെ ഭ്രാന്തമായ മുന്നേററം. ഗത്യന്തരമില്ലെന്നു കണ്ടു കലക്ടറും പോലീസ് സൂപ്രണ്ടും നിറതോക്കൊഴിച്ചുകൊണ്ടു മൈലുകൾ അകലെ ഫറോക്കുവരെ പിൻമാറി.''

ആരാധനാലയങ്ങളോടുള്ള മുസ്ലിംകളുടെ ആദരവും കൂറും കാണിക്കാനാണീ ഉദാഹരണങ്ങൾ എടുത്തുപറഞ്ഞതു്. മലപ്പുറംജില്ലയിൽ 1900-നുമുമ്പുണ്ടായിരുന്ന മിക്ക പള്ളികളും

ഇന്നു തിരിച്ചറിയാൻ വയ്യാത്ത തരത്തിൽ ആർഭാടപൂർണ്ണമായ പുതുക്കിപ്പണിയലുകൾക്കു വിധേയമായിരിക്കുന്നു. ആദ്യമായി നിർമ്മിച്ചതു് ഏതു കൊല്ലത്തിലാണെന്നറിയാനുള്ള രേഖകൾ ഒരു പള്ളിയിലുമില്ലതാനും. കോഴിക്കോടു്, മലപ്പുറംജില്ല കളിലെ പള്ളികളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു. ഇവ യിൽ ഇന്നു വയനാട്ടുജില്ലയിൽ ഉൾപ്പെടുന്ന പഴയ കോഴിക്കോട്ടു ജില്ലയിലെ പള്ളികളും പെടും.

മുഹയിദ്ദീൻ ജമാഅത്ത്പള്ളി
കുറുവങ്ങാട്ടു് ജമാഅത്ത്പള്ളി
മാടാക്കര ജമാഅത്ത്പള്ളി
മാടാക്കര ജമാഅത്ത്പള്ളി
മുണ്ടിക്കുന്നി ജമാഅത്ത്പള്ളി
കീഴരിയൂരു ജമാഅത്ത്പള്ളി
നന്നിയിൽ ജമാഅത്ത്പള്ളി
കടലൂർ ജമാഅത്ത്പള്ളി
തിക്കോടി, പാലൂർ ജമാഅത്ത്പള്ളി
മേത്തലപള്ളി
പള്ളിക്കര ജമാഅത്ത്പള്ളി
തിക്കോടിതാഴെ ജമാഅത്ത്പള്ളി
കോടിക്കൽ ജമാഅത്ത്പള്ളി
അയനിക്കാട്ടു് (മേപ്പാടി) ജമാഅത്ത്പള്ളി
പയ്യോളി(തുറയൂർ)ജമാഅത്ത്പള്ളി
പൊറക്കാട്ടു്(തോട്ടത്തിൽ) ജമാഅത്ത്പള്ളി
നമ്പിയാടത്തു് ജമാഅത്ത് പള്ളി
കീഴ്പയ്യൂരു് ജമാഅത്ത് പള്ളി
മോപ്പൂർ ജമാഅത്ത്പള്ളി
എളമ്പിലാട്ടു് ജമാഅത്ത് പള്ളി
ചാവട്ടു് ജമാഅത്ത്പള്ളി
ചെറുവണ്ണൂർ ജമാഅത്ത്പള്ളി

മുയിപോത്തു ജമാഅത്ത് പള്ളി
കട്ടോത്തു് ജമാഅത്ത്പള്ളി
ചങ്ങരോത്തു് ജമാഅത്ത് പള്ളി
കൈപ്പുറം ജമാഅത്ത്പള്ളി
ആവള ജമാഅത്ത്പള്ളി
പെറൂർ ജമാഅത്ത്പള്ളി
കടിയങ്ങാട്ടു് ജമാഅത്ത് പള്ളി
പാലേരി ജമാഅത്ത്പള്ളി
കൂത്താളി ജമാഅത്ത്പള്ളി
പേരാംപ്ര ജമാഅത്ത്പള്ളി
ചേനോളി ജമാഅത്ത്പള്ളി
കായണ്ണ ജമാഅത്ത്പള്ളി
കിഴക്കംപേരാംപ്ര(ചേനായ) ജമാഅത്ത്പള്ളി
മേപ്പയൂരു് ചങ്ങാരൻവെള്ളി
എലങ്കൽ ജമാഅത്ത്പള്ളി
നെച്ചാട്ടു് ജമാഅത്ത്പള്ളി
കാവിൽപറമ്പ്കാട്ടു് (പുത്തൻ) പള്ളി
മുള്ളമ്പത്ത് ജമാഅത്ത് പള്ളി
കൊളക്കാട്ടു് ജമാഅത്ത് പള്ളി
കൊല്ലം ജമാഅത്ത്പള്ളി
കാപ്പാട്ടു് ജമാഅത്ത്പള്ളി
പൂക്കാട്ടു് ജമാഅത്ത്പള്ളി
ചേലിയ ജമാഅത്ത്പള്ളി

ചിനിച്ചേരി ജമാഅത്ത് പള്ളി
അത്തോളി (കനിയിൽ) ജമാഅത്ത്പള്ളി
നടേരി ജമാഅത്ത്പള്ളി
മലയിൽ ബദർ ജമാഅത്ത് പള്ളി
നടുവത്തൂർ ജമാഅത്ത്പള്ളി
അരിക്കുളം ജമാഅത്ത്പള്ളി
തലയാട്ട് ജമാഅത്ത്പള്ളി
എകരൂർ ജമാഅത്ത്പള്ളി
ഉണ്ണിക്കുളം (പെംപൊചിറ) ജമാ അത്ത്പള്ളി
വള്ളി ഓത്തു് ജമാഅത്ത് പള്ളി
കാന്തപുരം ജമാഅത്ത്പള്ളി
കപ്പുറം ശിവപുരം ജമാഅത്ത് പള്ളി
മങ്ങാട്ട് ജമാഅത്ത്പള്ളി
മടത്തുപൊയിൽ ജമാഅത്ത് പള്ളി
ഇയ്യാട്ട് ജമാഅത്ത്പള്ളി
പഴേടത്ത് (വനക്കാട്ട്) ജമാഅത്ത്പള്ളി
തച്ചംപൊയിൽ (കിനാലൂർ) ജമാ:പള്ളി
ശിവപുരം (മറേരി മഠത്തിൽ) ജമാ: പള്ളി
തോരായി ജമാഅത്ത്പള്ളി
കന്നത്തറ ജമാഅത്ത്പള്ളി
ഉള്ളൂർ ജമാഅത്ത്പള്ളി
തുരുത്ത്യാട്ട് ജമാഅത്ത്പള്ളി
കൊക്കല്ലൂർ ജമാഅത്ത്പള്ളി
എരമങ്ങലം ജമാഅത്ത് പള്ളി
ബാലുശ്ശേരി ജമാഅത്ത് പള്ളി
അത്തിഓടി ജമാഅത്ത് പള്ളി

കൊയിലാണ്ടി ജമാഅത്ത് പള്ളി
പാലോളി ജമാഅത്ത്പള്ളി
പൂനത്തു് ജമാഅത്ത്പള്ളി
കന്നാരംവെള്ളി ജമാഅത്ത് പള്ളി
കിഴക്കോട്ട് ജമാഅത്ത്പള്ളി
കക്കംചേരി മീതിൻ പള്ളി ജമാഅത്തു്
മുണ്ടോത്തു് ജമാഅത്ത്പള്ളി
ഉള്ളേരി ജമാഅത്ത് പള്ളി
വടകര ടൗൺ ജമാഅത്ത് പള്ളി
മോരാട്ട് ജമാഅത്ത്പള്ളി
പാലിയാട്ട് ജമാഅത്ത് പള്ളി
ചീന്നംപീട്ട് ജമാഅത്ത് പള്ളി
ഇഴിത്തലക്കൽ ജമാഅത്ത് പള്ളി
മുട്ടുങ്ങൽ ജമാഅത്ത്പള്ളി
അഴിയൂർ (ഇഞ്ചാംപീടിക) ജമാഅത്ത്പള്ളി
അഴിയൂർ (സ്റ്റേഷൻപടി)
അഴിയൂർ (പനാട) ജമാഅത്ത് പള്ളി
കാരക്കാട്ട് ജമാഅത്ത്പള്ളി
ചോറോഡു് (കക്കാട്ട്) ജമാഅത്ത്പള്ളി
ഓക്കിട്ടിരി ജമാഅത്ത്പള്ളി
പാറമ്മൽ ജമാഅത്ത്പള്ളി
കെടങ്ങൽ (എടച്ചേരി) ജമാഅത്ത്പള്ളി
പുതിയങ്ങാടി (എടച്ചേരി) ജമാഅത്ത്പള്ളി
ഏത്യപള്ളി
നാദാപുരം ജമാഅത്ത്പള്ളി
ഒലിപ്പിൽ ജമാഅത്ത്പള്ളി
കല്ലാച്ചി ജമാഅത്ത്പള്ളി

ചേലക്കാട്ട് ജമാഅത്ത്
പള്ളി
അത്രൂർ ജമാഅത്ത്പള്ളി
പെരുമുണ്ടശ്ശേരി ജമാഅത്ത്
പള്ളി
കന്നമ്മൽ ജമാഅത്ത്പള്ളി
ചീകോത്തു് ജമാഅത്ത്
പള്ളി
നമ്പിയത്തുകണ്ട് ജമാഅത്ത്
പള്ളി
കായകൊടി ജമാഅത്ത്
പള്ളി
കൊടക്കൽ ജമാഅത്ത്പള്ളി
നരിക്കൂട്ടംചാൽ ജമാഅത്ത്
പള്ളി
നെട്ടൂർ ജമാഅത്ത്പള്ളി
തൊട്ടവളപ്പിൽ ജമാഅത്ത്
1009_ൽ ഒരു പേർസ്യൻകപ്പലോട്ടക്കാരനായ ബുസുർ ഇബ്നു നശഹ്രിയാർ നഖു ദാഫാർമസി അദ്ദേഹത്തിന്റെ അജാബുൽഹിന്ദ് എന്ന ഗ്രന്ഥത്തിൽ കൊല്ലത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ഖൽഅ (കോട്ട) എന്ന പദത്തിൽനിന്നാണ് കൊല്ലം എന്ന പേരുണ്ടായതെന്ന അഭിപ്രായം ഇവിടെ അനുസ്മരണീയമാണ്. മർവാർശാഹ് എന്ന ഒരു ഇറാൻകാരൻ പത്നിയോടും മകനോടും ഒപ്പം ഇരുപതുവട്ടമെങ്കിലും കൊല്ലത്തുണ്ടായിരുന്നതായി പറയപ്പെടുന്നു. ഏ. ഡി. 822_നുമുമ്പുതന്നെ കൊ

---

1 മാപ്പിളമുസ്ലിംസ് ഓഫ് കേരള—ആർ. മില്ലർ— പുറം 43

2 കേരളമുസ്ലിം ഡയറക്ടറി (1960) - പുറം 432

ല്ലത്ത മുസ്ലിംകളുണ്ടായിരുന്നതായി അനുമാനിക്കാനാണി തൊക്കെ വകതരുന്നതു്. മാലിക്ദീനാറുടെയും സംഘത്തി ൻെറയും മതപ്രചരണകാലത്തു് ഇസ്ലാംമതത്തിൻെറ സന്ദേശം കൊല്ലത്തു് എത്തിയിരിക്കുമെന്നു് അനുമാനിക്കേണ്ടിയിരിക്കു ന്നു. മാലിക്ഇബ്നുഹബീബും ഭാര്യ ഖുമരിയ്യയും കുട്ടികളു മാണു് കൊടുങ്ങല്ലൂരിൽനിന്നു കൊല്ലത്തേയ്ക്കു പോയതു്. അവര വിടെ തെക്കൻകോലത്തിരിയുടെ സഹായത്തോടെ ഒരു പള്ളി പണിയിച്ചു. കേരളത്തിലെയും ഒരുപക്ഷേ ഇന്ത്യയിലെയും രണ്ടാമത്തെ പള്ളിയാണിതെന്നു കരുതുന്നു. നൂററാണ്ടുകൾക്കു മുമ്പെ ആ പള്ളി കടലെടുത്തുപോയി.

വിഴിഞ്ഞത്തു പാണ്ഡ്യന്മാരാൽ തോല്പിക്കപ്പെട്ട ആയി രാജക്കന്മാർ എ. ഡി. 824-ലോ 825-ലോ ആണു് കൊല്ലം ആസ്ഥാനമാക്കി ഭരിക്കാൻ തുടങ്ങിയതു് എന്നു പറയപ്പെടുന്നു ണ്ടല്ലോ. അതുവരെ കൊല്ലം വേണാട്ടുരാജവംശത്തിൻെറ ആധി പത്യത്തിലായിരുന്നു.[3] വേണാട്ടുരാജവംശം (തെക്കൻ കോല ത്തിരി) മക്കത്തു പോയ പെരുമാക്കളുടെ ബന്ധുവും സാമന്തനുമാ യിരുന്നു എന്നാണു് അറിയുന്നതു്. കുലശേഖരപ്പെരുമാളുടെ മക്കത്തായവഴിക്കുള്ള അവകാശികളായിരുന്നു വേണാടു് (തിരുവി താംകൂർ) എന്നൊരഭിപ്രായമുണ്ടു്. അതല്ല, പെരുമാക്കളുടെ ഭാഗിനേയരായിരുന്നു തിരുവിതാംകൂർ ഭരിച്ചിരുന്നതെന്നു കരു തുന്നവരുണ്ടു്. കേരളത്തിലെ അവസാനത്തെ പെരുമാൾ തെ ക്കൻകോലത്തിരിവംശത്തിൽപ്പെട്ട ഒരു സ്ത്രീയുമായുണ്ടായ ബ ന്ധത്തിൻെറ പിൻതാവഴിയാണു് തെക്കൻ കോലത്തിരി എന്നാണു് ലോഗൻെറ പക്ഷം. പെരുമാൾ കേരളം വിട്ടപ്പോൾ വടക്കൻകോലത്തിരിക്കെന്നപ്പോലെ തെക്കൻകോലത്തിരിക്കും 350000 നായർപ്പടയാളികളെ ദാനംചെയ്തു. കല്ക്കുളംകോട്ടയുടെ തെക്കുവശത്തുള്ള പുതിയ രാജാവിൻെറ ഓമനക്കൊട്ടാരത്തിലെ സേവകന്മാരാക്കാനാണവരെ നല്കിയതു്. എന്നിട്ടു് അദ്ദേഹ ത്തെ ഭരണാധികാരിയാക്കി വാഴിക്കയും ചെയ്തുവെന്നാണു് ലോഗൻ[4] വിശദീകരിക്കുന്നതു്.

കാലാവസ്ഥ അനുകൂലമാണെങ്കിൽ ഒരു മാസംകൊണ്ടു കൊല്ലത്തെത്താമെന്ന സുലൈമാൻെറ പ്രസ്താവന അറബികൾ ക്കു കൊല്ലവുമായി സന്തതസമ്പർക്കമുണ്ടാകാനുള്ള സാധ്യത സൂ ചിപ്പിക്കുന്നു. മസ്കററിൽനിന്നു കപ്പലുകൾ നേരിട്ടുവരുന്നതു കുലംമാലി (കൊല്ലം) യിലാണെന്നു് ഇബ്നുഫഖീഹ് (902) രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

3 കേരളചരിത്രനിഘണ്ടു: പ്രൊഫ. എസ്. കെ. വസന്തൻ

4 ലോഗൻസ് മാനുവൽ – പുറം 242.

നാലു നൂററാണ്ടുകൾക്കു ശേഷമാണെങ്കിലും (1343–ലാണ് അദ്ദേഹം കൊല്ലത്തെത്തിയത്.) ഇബനുബത്തുത്തയുടെ പര്യടനാനുഭവങ്ങൾ കൊല്ലം അതിപുരാതന മുസ്ലിംകേന്ദ്രമായിരുന്നുവെന്നു വ്യക്തമാക്കുന്നു— "കൊല്ലത്തു ചെന്നപ്പോൾ അവിടെ വിപുലമായ നിലയിൽ ഓണാഘോഷങ്ങൾ നടക്കുന്നതായി കണ്ടു...മതപരമായ യാതൊരു വ്യത്യാസവും ആഘോഷത്തെ ബാധിച്ചിരുന്നില്ല. മുസ്ലിം പ്രബലന്മാരേയും... ഉൾപ്പെടുത്തിക്കൊണ്ടാണ് ആഘോഷങ്ങൾ നടന്നിരുന്നതെന്ന്." അദ്ദേഹം രേഖപ്പെടുത്തുന്നു. "കൊല്ലത്തെ രാജാവിൻെറ പേർ തിരുവടി എന്നാണ്. അദ്ദേഹം മുസ്ലിംകളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ...കൊല്ലത്ത് ഒരു മുസൽമാനുണ്ട്. അദ്ദേഹത്തെ അവിടത്തുകാർ നബിജിയെന്നുവിളിക്കുന്നു. അദ്ദേഹം അധികസമയവും ദൈവാരാധനയിൽ മുഴുകിയിരിക്കുകയാണ്. പാമ്പു കടിച്ചവർ അദ്ദേഹത്തിൻെറ അടുത്തുചെന്നാൽ വിഷമിറക്കിക്കൊടുക്കും. കപ്പലുകളിലെ ചരക്കുകൾ ഒന്നായി വിലയ്ക്കെടുക്കുകയും അവരുടെ സ്ഥലങ്ങളിൽ വില്പനയ്ക്കുവെയ്ക്കുകയും ചെയ്യുന്ന മുസ്ലിംവ്യാപാരികൾ അവിടെയുണ്ട്. അവരിൽ പ്രധാനി അലാവുദ്ദീൻ അവുജിയാണ്. അദ്ദേഹം ഷിയയാണ്. അദ്ദേഹത്തിൻെറ പങ്കുകാരനും ആമദ് ഹബുകാരനാണ്. ഈ നഗരത്തിലെ ഖാസികസ്വീനിലെ ഒരു പണ്ഡിതനാണ്. മുസൽമാൻമാരിൽ പ്രധാനി മുഹമ്മദ് ഷാബന്തർ ആണ്. അദ്ദേഹത്തിൻെറ സഹോദരൻ തഖിയുദ്ദീനും ഒരു നല്ല പണ്ഡിതനാണ്." എന്നുതുടങ്ങിയ വിശദാംശങ്ങൾ പല തലമുറകളായി അവിടെ മുസ്ലിംകളുണ്ടെന്ന് ഊഹിക്കാൻ വക നല്കുന്നതാണ്. ഖാജാമുഹദ്ദബ ഇവിടെ ഒരു വലിയ ജുമുഅത്ത്പള്ളി പണിയിച്ചു." ഈ പള്ളി ഇപ്പോൾ കടലെടുത്തുപോയി എന്നുകൂടി ഇബനുബത്തുത്ത എഴുതിയിട്ടുണ്ട്. ഹബീബ് ഇബനുമാലിക് സ്ഥാപിച്ച പള്ളി ഇതല്ലെന്നു വിശദീകരണത്തിൽ സ്പഷ്ടമാണല്ലോ. ഹബീബ് ഇബനുമാലിഖ് പണിയിച്ച പള്ളി ഇന്നും ജോനകപ്പുറം പള്ളിയെന്നാണറിയപ്പെടുന്നതു്. പള്ളി കേന്ദ്രമാക്കി അവിടെ ഒരു മുസ്ലിംകോളണി വളർന്നുവന്നു. ഇതാവണം പിന്നീട് ജോനകപ്പുറം' ആയിത്തീർന്നതു്. ജോനകമാപ്പിളമാരുടെ പാർപ്പിടകേന്ദ്രമെന്ന് അർത്ഥമാണല്ലോ ജോനകപ്പുറത്തിനുള്ളതു്.

കൊല്ലം വിദേശികളും നാട്ടുകാരുമായ മുസ്ലിംകൾ ധാരാളമുള്ള സ്ഥലമായിരുന്നു എന്നു വ്യക്തമാക്കുന്ന ഇബനുബത്തൂത്തയുടെ ചില പരമാർശങ്ങൾകൂടിയുണ്ട്. "ധനാഢ്യനും അസ്സാമ്യോസക്കാരനുമായ ഒരിറാക്കുകാരൻ മററൊരു ഇറാക്കുകാരനെ വധിച്ചു. കൊലയാളിയായ ധനാഢ്യൻ ആവുജിയുടെ വീട്ടിൽ

അഭയം തേടി. മുസ്ലിംകൾ ശവശരീരം മറവുചെയ്യാൻ ചോദിച്ചപ്പോൾ രാജാവിന്റെ പ്രതിനിധി തടഞ്ഞു. ഘാതകനെ സർക്കാരിനു് ഏല്പിച്ചുകൊടുത്താലല്ലാതെ ശവം മറവുചെയ്യാൻ പാടില്ലെന്നു വിലക്കി. ശവശരീരം പെട്ടിയിലാക്കി ആവുജിയുടെ വീടിനുമുമ്പിൽ വെയ്ക്കുകയുംചെയ്തു. മാപ്പുകൊടുക്കണമെന്ന അപേക്ഷയോടെ അവുജി ഘാതകനെ സർക്കാരിനു് ഏല്പിച്ചുകൊടുത്തു. എന്നാൽ രാജാവു ഘാതകനു വധശിക്ഷയാണു് നല്കിയതു്.'' ആദ്യത്തെ പള്ളിയുടെ തുടർച്ചയാണിന്നുള്ള ജോനകപ്പുറത്തുള്ള പള്ളിയെന്നു താഴെകൊടുക്കുന്ന വിശദീകരണത്തിൽ വ്യക്തമാണു്.'' ജോനകപ്പുറത്തു് ഇപ്പോൾ പുതുതായി പണിതീർന്നുകൊണ്ടിരിക്കുന്ന പള്ളിയുടെ സ്ഥാനത്തുണ്ടായിരുന്ന പഴയപള്ളിക്കു് ഏതാണ്ടു് 350-ൽപരം വർഷങ്ങളുടെ പഴക്കമുണ്ടായിരുന്നു. പഴയ പള്ളിയുടെ ഒരു ഭാഗത്തായി പള്ളിക്കെട്ടിനോടുചേർത്തു് അടക്കിവെച്ചിരുന്ന പഴക്കംചെന്ന ഏതാനും വെള്ളനിറത്തിലുള്ള പാറക്കല്ലുകൾ അതിനുമുമ്പു നിർമ്മിക്കപ്പെട്ടിരുന്ന പള്ളിയുടെ അവശിഷ്ടങ്ങളിൽ ഉൾപ്പെടുന്നവയാണു്. ആയിരം വർഷങ്ങളിലേറെ പഴക്കമുള്ള ഒരു പള്ളി കൊല്ലം കടലോരത്തുണ്ടായിരുന്നതായും അതിനു സമീപത്തായി ഒരു ക്രിസ്ത്യൻദേവാലയം സ്ഥിതിചെയ്തിരുന്നതായും കടലാക്രമണത്തിൽപെട്ടതിനെത്തുടർന്നു് അന്നുണ്ടായിരുന്ന പള്ളിയുടെ അവശിഷ്ടങ്ങൾ ഉപയോഗിച്ചു മുമ്പത്തെ പള്ളിയുടെ തുടർച്ച എന്ന നിലയ്ക്കു പള്ളികൾ പണിതുയർത്തിയതായും പറയപ്പെടുന്നു. കൊല്ലത്തെ ആദ്യത്തെ പള്ളിയായി അറിയപ്പെടുന്ന ജോനകപ്പുറത്തെ ഈ മുസ്ലിംപള്ളി കൊല്ലം വലിയപള്ളിയെന്നാണറിയപ്പെടുന്നതു്. ഇപ്പോൾ പുതുക്കി പണിയുന്ന വലിയ പള്ളിയുടെ സ്ഥാനത്തു നിന്നിരുന്ന പഴയപള്ളി മൂന്നാമത്തെ തുടർച്ചയായി കണക്കാക്കപ്പെടുന്നു. പ്രസ്തുത പള്ളിയിൽ സൂക്ഷിക്കപ്പെടുന്ന പാറക്കല്ലിൽ കൊത്തിയിരിക്കുന്ന അറബിലിഖിതങ്ങളും പുഷ്പലതാദികളും ചിത്രങ്ങളും മഹത്തായ പാരമ്പര്യത്തിന്റെ ദൃശ്യങ്ങളാണു്.[5] മുതിരപ്പറമ്പു്; തട്ടാമല; കൊല്ലൂർവിള കിളികൊല്ലൂർ തുടങ്ങിയ പള്ളികളൊക്കെ ജനങ്ങളേറിവന്നപ്പോൾ ജോനകപ്പുറം മഹല്ലിൽനിന്നു പിരിഞ്ഞുപോയവയാണു്. ഇപ്പോൾ കൊല്ലം താലൂക്കിൽമാത്രം 55—ൽപരം മഹല്ലുകളുണ്ടു്.

തട്ടാമലപള്ളിയുടെ ശ്മശാനത്തിലാണീയിടെ ദ്രവീകരണലാഞ്ചനപോലുമേല്ക്കാതെ കിടന്നിരുന്നതും അറുപതിൽപ്പരം

5 കൊല്ലം നബിദിന സോവനീർ—1975 എ. എ. റഹീം (മുൻകേന്ദ്രമന്ത്രി)

കൊല്ലം പഴക്കമുള്ളതുമായ ഒരു മയ്യത്തു കാണപ്പെട്ടതു്. നാഷ ണൽ ഹൈവേയ്ക്കരികിലാണു് ഈ പള്ളിയും ശ്മശാനവും. ഹാ ളിനുള്ള തൂണിനുവേണ്ടി കുഴിവെട്ടിക്കൊണ്ടിരുന്ന തൊഴിലാ ളികളാണു് അറിയാതെ കബർ തുറന്നുപോയതു്. കഫൻചെയ്ത (പൊതിഞ്ഞിരുന്ന) തുണിക്കുപോലും കേടുപററാത്തനിലയി ലാണു് മയ്യത്തു കാണപ്പെട്ടതു്. കബർ മൂടിയിരുന്ന പലകകളും ദ്രവിച്ചിരുന്നില്ല. തട്ടാമലമൈതീൻകുഞ്ഞി എന്ന ഒരു ഭക്ത ൻേറതാണീ മൃതദേഹമെന്നു തിരിച്ചറിഞ്ഞതായി പറയപ്പെടു ന്നു. മയ്യത്തു പുറത്തെടുത്തു പരിശോധിക്കുന്നതു ശരിയല്ലെന്നു പണ്ഡിതന്മാർ ഉപദേശിച്ചതനുസരിച്ചു കല്ലും സിമൻറും ഉപ യോഗിച്ചു കബർ മൂടി. തട്ടാമല തറവാട്ടുകാർ വഖഫ്ചെയ്ത സ്ഥലത്തുതന്നെയാണീ പള്ളി നിലകൊള്ളുന്നതു്. ബ്രിട്ടീഷ് പട്ടാളത്തിലെ മുസ്ലിംഉദ്യോഗസ്ഥന്മാർ മതപരമായ ആവശ്യ ങ്ങാംക്കുവേണ്ടി ഉപയോഗപ്പെടുത്തിയ സ്ഥലമാണു് കർബല മൈതാനമെന്നറിയപ്പെടുന്ന സ്ഥലം.

പ്രവാചകൻെറ പൗത്രനും അലിയുടെ പുത്രനുമായ ഹുസൈ നേയും കുടുംബത്തേയും കൂട്ടക്കൊലനടത്തിയ സ്ഥലമാണു് കർ ബല. ആ സംഭവം കർബലയിലെ രക്തക്കളമായി അറിയ പ്പെടുന്നു. പ്രവാചകൻെറ പിൻതുടർച്ചാവകാശം അലിക്കും സ ന്തതിപരമ്പരയ്ക്കും ലഭിക്കേണ്ടതാണെന്നു വിശ്വസിക്കുന്ന ഷീ യാവിഭാഗക്കാർ കർബലയിലെ യുദ്ധംനടന്ന മുഹർമാസം പ ത്തിനു പുലിവേഷം കെട്ടിയും സ്വർണ്ണത്തിലോ വെള്ളിയിലോ തീർത്ത കൈപ്പടം ഉയർത്തിപ്പിടിച്ചും മാറത്തടിച്ചു വിലപിച്ചും ദുഃഖാചരണം നടത്തുന്നു. കൊല്ലത്തു് ഈ ചടങ്ങു നടന്നിരുന്ന സ്ഥലമാണു് പിന്നീടു കർബലാമൈതാനമായിത്തീർന്നതെന്നു് അനുമാനിക്കപ്പെടുന്നു. കേരളത്തിൽ ഷീയാവിഭാഗക്കാർ കുറ വാണല്ലോ. അതുകൊണ്ടു വടക്കെ ഇന്ത്യയിൽനിന്നു വന്ന പട്ടാ ളക്കാർതന്നെയാവണം ആഘോഷത്തിനു തുടക്കം കുറിച്ചതെന്ന നുമാനിക്കേണ്ടിയിരിക്കുന്നു. കർബലാമൈതാനത്തിനടുത്തു സ്ഥിതിചെയ്യുന്ന മക്കാനിപള്ളിയും വളരെ പഴക്കം കാണിക്കു ന്നതാണു്. അതിനടുത്തും നിരവധി കബറിടങ്ങളുണ്ടു്.

കൊല്ലത്തുനിന്നാണു് ഇസ്ലാം തിരുവിതാംകൂറിൻെറ തെ ക്കൻഭാഗങ്ങളിലേയ്ക്കു പ്രചരിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. കുഴിത്തുറ ആറെന്നു് അറിയപ്പെടുന്ന താമ്രപർണ്ണിയുടെ തീരപ്ര ദേശങ്ങളിൽ അറബികഠംക്കു പണ്ടേ സമ്പർക്കമുണ്ടായിരുന്നു. തേക്കു്, വീട്ടി മുതലായ മരത്തടികഠം ഇവിടെനിന്നാണു് കയററിക്കൊണ്ടുപോയതെന്നു കരുതുന്നു.

അഞ്ചുവണ്ണക്കാരെന്നറിയപ്പെടുന്ന നെയ്ത്തുകാരുടെ പൂർവ്വികന്മാർ അറബിദേശത്തുനിന്നു വന്നവരായിരുന്നു എന്നു തമിഴ്ചരിത്രകാരനായ ഗോവിന്ദസ്വാമിപ്പിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോടിനടുത്ത ചാലിയം നെയ്ത്തിനും തുണിക്കും പ്രശസ്തമായിത്തീർന്നതും അറബികൾ മൂലമാവാം. കോഴിക്കോട്ടെ കൈത്തറിവ്യവസായത്തിന്റെ ഉത്ഭവം ചേരമാൻ പുരാണവുമായി ബന്ധപ്പെട്ട കാലത്താണെന്നും പറയുന്നുണ്ടല്ലോ. പൂഞ്ഞാറിൽ ഈയിടെ ഹിജറ 118(എ.ഡി. 736) എന്നു രേഖപ്പെടുത്തിയ അറബിനാണയങ്ങൾ കണ്ടുകിട്ടിയതിനെപ്പററി കോഴിക്കോട്ട് സർവ്വകലാശാല ആർക്കിയോളജി ലക്ചറർ ജോൺ ഓച്ചന്തുരുത്ത് പ്രസ്താവിച്ചതും ഇത്തരുണത്തിൽ സ്മരണീയമാണ്.

ദക്ഷിണകേരളത്തിൽ തമിഴ്നാടിന്റെ കിഴക്കൻതീരത്തുനിന്നുകൂടി ഇസ്ലാമിന്റെ സന്ദേശം പ്രചരിക്കാൻ സാദ്ധ്യതയുണ്ടെന്നു കാണിക്കാനാണ് ഇത്രയും പറഞ്ഞത്. ഹജാജ്ഇബനുയൂസഫിന്റെ മർദ്ദനവാഴ്ചയിൽ പൊറുതിമുട്ടിയ അറബികൾ ബട്കലിലും കന്യാകുമാരിയിലും വന്നിറങ്ങിയതായി അറിയുന്നു. ഇവർ നാട്ടുകാർ വിളിച്ചാൽ വിനീതമായി ലബൈക്കും(ഞാൻ ദാസൻ) എന്നു വിളികേൾക്കുവാനും തുടങ്ങി. ഇവരിൽനിന്നാണ് ലബ്ബമാരുടെ ഉത്ഭവം എന്നുപറയപ്പെടുന്നു. ക്രിസ്താബ്ദം 11ഉം12ഉം നൂററാണ്ടുകളിൽ കൊററൽമണ്ഡൽ പ്രദേശത്തെ കായൽപട്ടണത്തിൽ വ്യാപാരാർത്ഥംവന്ന അറബിവംശക്കാരാണ് ലബ്ബമാർ. കുറച്ചുകാലംകഴിഞ്ഞപ്പോൾ ഇവിടെ നാട്ടുകാരായ സ്ത്രീകളെ ഇവർ വിവാഹം കഴിച്ചുവന്നു. ഈ അറബികളുടെ സന്താനങ്ങളാണ് ലബ്ബമാർ[6] എന്നാണ് മറെറാരഭിപ്രായം.

കൊല്ലത്തു തട്ടാമല പള്ളിക്കുവേണ്ടി സ്ഥലം കൊടുത്ത തറവാട്ടുകാർ ലബ്ബമാരാണ്. കൊല്ലത്തും അതിനു തെക്കുഭാഗത്തും ദേശങ്ങളിലുമാണ് ലബ്ബമർ ഉള്ളത്. ലബ്ബമാരെപ്പോലെത്തന്നെ പാണ്ഡിദേശത്തുനിന്നു വന്നവരാണ്റാവുത്തർമാർ. ഇവരും ദക്ഷിണകേരളത്തിലാണധികവും. ഇതൊക്കെ കാണിക്കുന്നത്. തമിഴ നാടുവാഴിയും ദക്ഷിണകേരളത്തിൽ ഇസ്ലാംമതം പ്രചരിച്ചിട്ടുണ്ടെന്നാണല്ലോ. സൂഫി സന്ന്യാസിമാരും പുലവന്മാരുടെ ഭക്തിഗീതങ്ങളുമൊക്കെ ഇതിനു സഹായകമായിട്ടുണ്ട്. മുഹ്യിദ്ദീൻ അബ്ദുൾഖാദർ ജൈലാനി എന്ന വിഖ്യാതനായ സിദ്ധൻ കായങ്കുളത്തു വന്നി

6 മുസ്ലീം ഉപവർഗ്ഗങ്ങൾ—വി. അബ്ദുൾഖയ്യൂം (കേരള മുസ്ലീം ഡയറക്ടറി) പുറം 429

ട്ടുണ്ടെന്ന വിശ്വസിക്കപ്പെടുന്നതുതന്നെ ഇതിനു തെളിവാണ്. അദ്ദേഹത്തിൻെറ ശിഷ്യനായി ഒരു ഫരീറുദ്ദീൻ ഖുറാസാനിയാണ് ശബരിമലശാസ്താവിൻെറ കൂട്ടുകാരനായ വാവരെ മനസാന്തരപ്പെടുത്തിയതെന്നു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ഫരീദുദ്ദീനാണ് കഞ്ഞിരമുററത്തു മറവടക്കിയിട്ടുള്ള ഫരീദ് ഔലിയ. സൂഫീസന്ന്യാസികളുടെ പ്രവർത്തനം തമിഴ്നാടിൻെറ കിഴക്കൻ തീരത്താണ് കൂടുതലും നടന്നതു്.

കായങ്കുളത്തും കരുനാഗപള്ളിയിലും നൂററാണ്ടുകളോളം പഴക്കമുള്ള പള്ളികളുണ്ടുള്ളതു്. കരുനാഗപള്ളിയിൽ ഹിന്ദുക്കൾ കഴിഞ്ഞാൽ രണ്ടാമത്തെ സമുദായംതന്നെ മുസ്ലിംകളാണ്. യമനിൽനിന്നുവന്ന ശെയ്ഖ് ഇബ്നു അലി എന്ന മുസ്ലിംദിവ്യനാണിവിടെ പള്ളി പണിയിച്ചതും മതപ്രചരണം നടത്തിയതും എന്നു പറയപ്പെടുന്നു. കരുനാഗപ്പള്ളിയിലെ രാജാവിനോടു സഹായമഭ്യർത്ഥിച്ചുകൊണ്ടെത്തിയ അദ്ദേഹത്തിനു കരിനാഗത്തിൻെറ ആവാസകേന്ദ്രമാണത്രേ ദാനമായി കിട്ടിയതു്. ആ വിഷപ്പാമ്പിനെ മെരുക്കി കൂടയിലാക്കി നാടുവാഴിയുടെ കൊട്ടാരത്തിലെത്തിയ ദിവ്യൻ ജനങ്ങളെ അദ്ഭുതപരതന്ത്രരാക്കി. ഇതിനെ തുടർന്നാണ് നാടുവാഴി കരമൊഴിവാക്കി ഭൂമി നല്കിയതു്. ഇതോടെ കരുനാഗപ്പള്ളി എന്ന പേരും വീണു.

തിരുവല്ലായിൽ ഒരു സൈനുദ്ദീൻ മഖ്ദൂം (പൊന്നാനിയിലെ പ്രസിദ്ധരായ ആ രണ്ടു സൈനുദ്ദീൻ മഖ്ദൂംമാരല്ല) ഹീബ്രുവും സുറിയാനിയും പഠിപ്പിക്കാൻ അറബി മലയാളത്തിൽ രണ്ടു ഗ്രന്ഥങ്ങൾ എഴുതി പ്രചരിപ്പിച്ചതായി പറയപ്പെടുന്നു.[7] തിരുവല്ല ഒരു ക്രൈസ്തവകേന്ദ്രമായതുകൊണ്ടാവണം ഹീബ്രുവിനും സുറിയാനിക്കും പ്രാധാന്യം നല്കാൻ അദ്ദേഹം പ്രേരിതനായതു്. അതെന്തായാലും മഖ്ദൂമിൻെറ ഈ ശ്രമം മലയാളത്തിനു ശരിയായ ലിപിപോലുമില്ലാത്ത പശ്ചാത്തലത്തിലായിരിക്കണമെന്നനുമാനിക്കേണ്ടിയിരിക്കുന്നു. തിരുവല്ലയിൽ അന്നേ മുസ്ലിംകളും പള്ളികളും ഉണ്ടായിരുന്നു എന്നു് ഊഹിക്കാനാണല്ലോ ഇതു വക തരുന്നതു്.

ദക്ഷിണതിരുവിതാംകൂറിൽ ഇസ്ലാംമതത്തിൻെറ സ്വാധീനത വ്യാപിക്കുന്നതിനു 1680-ൽ നടന്ന ഒരു സാധാരണ മുഗൾ സർദാറിൻെറ ആക്രമണവും കാരണമായിട്ടുണ്ടെന്നും അനു

---

7 മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം.
സി. എൻ. അഹമ്മദുമൗലവി—പുറം 42

മാനിക്കുന്നതിൽ തെററില്ല. 'മുഗിലൻപടയ്' എന്നു പറയപ്പെടുന്ന ഈ സംഭവത്തിനുശേഷം കടലോരത്തു വക്കലെ മുതൽ വിളവങ്കോടുവരെയുള്ള ശൂദ്രർ ചില ആചാരങ്ങളും സമ്പ്രദായങ്ങളും അനുഷ്ഠിക്കാൻ നിർബ്ബന്ധിതരായി നാഗവയ്യ തിരുവനന്തപുരം സ്റ്റേററ് മാനുവയിൽ പറയുന്നു. (വാല്യം 1 പുറം 313) പുരുഷന്മാർ പുറത്തിറങ്ങുമ്പോൾ ശിരസ്സു മറയ്ക്കണം. സ്ത്രീകൾ മാറു മറയ്ക്കണം, ആൺകുട്ടികൾ ചേലാകർമ്മം നടത്തണം, സദ്യകളിൽ എല്ലാവരും ഒരേ പാത്രത്തിൽ ഉണ്ണണം, കുട്ടികൾ തലയിൽ ഉറുമാൽ കെട്ടണം. സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ അരയ്ക്കു മീതെ മറയ്ക്കണം എന്നിവയാണ് ആചാരങ്ങൾ.[8]

കന്യാകുമാരി മുഹമ്മദാലി എന്നൊരു നവാബിന്റെ ഭരണത്തിൽപെട്ടിരുന്ന സ്ഥലമായിരുന്നു എന്നും തിരുവിതാംകൂർ രാജാവു രണ്ടു ലക്ഷം രൂപയും രണ്ടാനയും കൊടുത്തിട്ടാണ് ഈ പ്രദേശം വാങ്ങിയതെന്നും തിരുവനന്തപുരം ഹജൂർകച്ചേരി രേഖകളിൽ ഉണ്ടെന്നു സർദാർ കെ. എം. പണിക്കർ വെളിപ്പെടുത്തി[9]യിട്ടുണ്ട്. ഇതു ശരിയാണെങ്കിൽ ഈ വഴിയും തെക്കൻ തിരുവിതാംകൂറിൽ ഇസ്ലാമിന്റെ സ്വാധീനത വ്യാപിച്ചിരിക്കാനിടയുണ്ടല്ലോ. ഏതായാലും മുമ്പു തിരുവിതാംകൂറിൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ തമിഴനാട്ടിൽപ്പെടുന്നതുമായ പ്രദേശങ്ങളിലാണ് തിരുവനന്തപുരം ഭാഗത്ത് ആദ്യമായി പള്ളികൾ സ്ഥാപിക്കപ്പെട്ടതെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

ഖഞ്ചിരാജവംശത്തിന്റെ ഒരു ശാഖ പതിനാറുപതിനേഴു നൂററാണ്ടുവരെയെങ്കിലും കല്കുളത്തുണ്ടായിരുന്നു. കല്കുളം കൊട്ടാരം മാർത്താണ്ഡവർമ്മയാണ് പുതുക്കി പണിതത്. പത്മനാഭപുരം എന്ന പേരും നല്കി. ധർമ്മരാജാവാണ് തലസ്ഥാനം പത്മനാഭപുരത്തേയ്ക്കു മാററിയതു്.[10] സക്കാർഗസററിൽപോലും മുമ്പു തിരുവിതാംകോട്ട് എന്നു രേഖപ്പെടുത്തിയിരുന്നു വല്ലോ. ഈ പേർതന്നെ ഒരു പള്ളിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായതാണെന്ന് ഒരഭിപ്രായമുണ്ട്. പത്മനാഭപുരത്തുനിന്നു രാജാവു മുസ്ലിം അംഗരക്ഷകരുടെ അകമ്പടികളോടെ ഒരുനാൾ സവാരി പോകുകയായിരുന്നു. റോഡരികിലുള്ള ഒരു കുററിക്കാട്ടിൽ നിന്നു പൊങ്ങിവന്ന ഒരസാധാരണ ശബ്ദം രാജാവിന്റെ ശ്രദ്ധയാകർഷിച്ചു. സേവകർ കുററിക്കാട്ടിൽ പരതിനോക്കിയപ്പോൾ തെളിഞ്ഞുകിടക്കുന്ന രണ്ടു മെതിയടി

---

8 ഗസററിയർ ഓഫ് ഇൻഡ്യ — എ. ശ്രീധരമേനോൻ പുറം 173

9 കേരള മുസ്ലിംഡയറക്ടറി (1960) പുറം 432

10 കേരള ചരിത്രനിഘണ്ടു —പ്രൊഫ: എസ്. കെ. വസന്തൻ

പ്പാടുകളും നനഞ്ഞ തറയും കാണപ്പെട്ടു. നമസ്കാരസമയമറിയിക്കുന്ന ബാങ്ക്ശബ്ദമാണ് താൻ നേരത്തെ കേട്ടതെന്നു രാജാവ് ഊഹിക്കുകയും ആ സ്ഥലത്തിനു 'തിരുവാങ്കോട്'' എന്നു നാമകരണം ചെയ്യുകയുംചെയ്തു എന്നാണ് ഐതിഹ്യം.

രാജാവ് അവിടെ ഒരു പള്ളി പണിയിക്കുകയും കുറെ ഭൂമി കരമൊഴിവാക്കി പള്ളിക്കു ദാനംചെയ്യുകയും ചെയ്തു എന്നാണ് ഐതിഹ്യം[11]. പല സൂഫിസന്ന്യാസിമാരും അജ്ഞാതരായി കഴിഞ്ഞുവന്നിരുന്നതായി പറയപ്പെടുന്നുണ്ടല്ലോ. ഇബനുബത്തൂത്തയുടെ പര്യടനാനുഭവങ്ങളിൽത്തന്നെ ഇത്തരം അവധൂതന്മാരെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. അവരോടുള്ള ആദരവും സഹിഷ്ണുതയും മൂലമാവാം രാജാവു പള്ളിപ്പണിയാൻ തീരുമാനിച്ചതു്.

തിരുവാങ്കോടുപള്ളി ഹൈന്ദവമാതൃകയിലുള്ളതാണ്. മാലിക്മുഹമ്മദിൻെറ പേരിൽ ഇവിടെ നേർച്ച നടത്തുന്നു. ഈ മാലിക്മുഹമ്മദ് ഏതായാലും മാലിക്ദീനാറുടെ സംഘത്തിൽപ്പെട്ട ആളല്ല. അവർ നിർമ്മിച്ച ആദ്യത്തെ പള്ളികളിലൊന്നും കൊല്ലത്തിനപ്പുറമുള്ള തെക്കൻതിരുവിതാംകൂറിലില്ലതാനും. കീഴ്ക്കര, മാന, മധുരതുടങ്ങിയ തമിഴ്പ്രദേശങ്ങളിൽനിന്നു കുടിയേറിപാർത്തവരാണ് തെക്കൻ തിരുവാങ്കോടുപ്രദേശത്തെ മുസ്ലിംകളധികവും. അൽസയ്യിദ്, ബുഖാരിമൗലാ പണിയിച്ച മററൊരു പള്ളികൂടി തിരുവാങ്കോട്ടുണ്ടെന്നു മുമ്പൊരദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. തിരുവിതാംകൂർ രാജാവിൻെറ സഹായത്തോടെയാണ് ആ പള്ളിയും പണിയിച്ചതു്. അതിനു മുന്നൂറോളം വർഷത്തെ പഴക്കമേ പറയപ്പെടുന്നുള്ളൂ.

കുളച്ചൽ ഒരു മുസ്ലിംകേന്ദ്രമായിരുന്നുവെന്ന് ഇബനുബത്തൂത്തയുടെ വിവരണങ്ങളിൽനിന്നു മനസ്സിലാക്കാം. അവിടത്തെ മുസ്ലിംകരം മാട്ടിറച്ചി തിന്നുന്നതിനെപ്പററിപോലും അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്. അറബികളുമായി സമ്പർക്കമുണ്ടായിരുന്ന കുളച്ചലിലെ പഴയ പള്ളിയുടെ തൂണിൽ 'യഫത്താഹ്' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അറബിസംഖ്യാശാസ്ത്രമനുസരിച്ച ഫത്താഹ് എന്നതിനർത്ഥം ഹിജറ 500 എന്നാണ്. തലശ്ശേരി കോയമാർക്കിവിടെ ഭൂസ്വത്തുണ്ട്. പണ്ടേ അവർക്കിവിടെ വ്യാപാരബന്ധമുണ്ടായിരുന്നു. ടിപ്പുവിൻെറ വാഴ്ചക്കാലത്തുണ്ടായ ചില നടപടികരം കച്ചവടക്കാരുടെ താത്പര്യത്തിനു വിരുദ്ധമായിരുന്നതുകൊണ്ടാണ് കയററുമതിക്കാരായ കോയി

11 കേരള മുസ്ലിംഡയറക്ടറി (1960) പുറം 44

മാർ അവരുടെ പ്രവത്തനകേന്ദ്രം തിരുവിതാംകൂറിലേക്കു മാററിയതെന്നാണ് പറയപ്പെടുന്നതു്.

താമ്രപർണ്ണിയുടെ മുഖത്തുള്ള തേങ്ങാപട്ടണത്തിലെ ചുത്തുബാപ്പള്ളി ശിലാനിർമ്മിതവും വളരെ പഴക്കമുള്ളതുമാണ്. പള്ളിയുടെ ഒരു നാഴിക കിഴക്കായി സേന്നിന്റെ പാറ എന്നൊരു സ്ഥലമുണ്ട്. ഒരു മുസ്ലിം സിദ്ധൻ അജ്ഞാതനായി താമസിച്ച സ്ഥലമാണിതെന്നും ശെയ്ഖിന്റെ പാറ ലോപിച്ചു സേന്നിന്റെ പാറയായതാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ആളൂർ, തിട്ടവിള, തക്കല തുടങ്ങിയ പള്ളികളും ക്ഷേത്രമാതൃകയിൽ നിർമ്മിച്ചവയാണ്. തക്കലയിൽ പീരുമുഹമ്മദ് എന്ന അവധൂതൻ പാർപ്പാക്കിയിരുന്നു. ഇവിടെ മക്കായിപാളയം, അഞ്ചുവണ്ണം എന്നീ മഹല്ലുകളുണ്ട്. കോട്ടാറിലെ മൂന്നു മഹല്ലുകളിൽ ആലിപുലവരുടെ ഐതിഹ്യത്തിനാസ്പദമായ വേമ്പള്ളിപ്പള്ളി ഉൾക്കൊള്ളുന്നു. പള്ളിയുടെ മുഅസ്സിൻ (മുക്രി) ആയിരുന്നു ആലി. അദ്ദേഹം പ്രവാചകന്റെ മിഅ്റാജിനെപ്പററി (സ്വർഗ്ഗയാത്ര) ഒരു മാലപ്പാട്ട് രചിച്ചു. നാട്ടുകാർ കവിയെന്ന നിലയിൽ ആദരിക്കാത്തതുകൊണ്ടുള്ള നിരാശയുമായി കഴിഞ്ഞുവന്ന ആലിപ്പുലവരെ ഒരു ദിവസം അർദ്ധരാത്രി ആരോ തട്ടിവിളിച്ചുണർത്തി. പള്ളിയിൽ മാല കേൾക്കാൻ ജനങ്ങൾ തടിച്ചുകൂടിയിരിക്കയാണെന്നറിയിച്ചു. ആലിപുലവർ പള്ളിയിൽ പോയിരുന്നു. ഉച്ചത്തിൽ മാല ആലപിക്കുന്നതിനിടയിൽ ഒരു സുന്ദരൻ പ്രത്യക്ഷപ്പെട്ട് എന്തോ അന്വേഷിച്ചുവെന്നും മുഹമ്മദുനബി തനിക്കു ദർശനമരുളിയതാണെന്നും വിശ്വസിച്ച പുലവർ പിന്നീട് ഒന്നും കാണരുതെന്നുറപ്പാക്കി കർപ്പൂരംവെച്ചു കണ്ണുകളടച്ചു എന്നുമാണ് പറയപ്പെടുന്നതു്. ഈ സ്മരണയെ മുൻനിർത്തി ആഘോഷിക്കപ്പെട്ടിരുന്ന നേർച്ചയോടനുബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടാവുകയും അതു കോടതിയിലെത്തുകയുമുണ്ടായി. ശെയ്ഖ്തമ്പിപുലവർ എന്ന പണ്ഡിതൻ ഇവിടെയാണ് ജീവിച്ചിരുന്നതു്.

കോട്ടാറിലെ ഒരു മഹല്ലിൽ തിരുനൽവേലിയിൽനിന്നും പുലിമാക്കുളത്തുനിന്നും കുടിയേറി പാർത്ത ധനികരായ മുസ്ലിംകളാണുള്ളതു്. ഇവിടുത്തെ പള്ളിയും മഖ്ബറയും കേരളീയരീതിയിലല്ല. പഴയ തിരുവിതാംകൂറിലെ തമിഴ്നാടു പ്രദേശങ്ങളിലാണ് ആദ്യകാലത്തു മുസ്ലിംകളും പള്ളികളും ഉണ്ടായതെന്ന് ഊഹിക്കാനാണിതൊക്കെ വകതരുന്നതു്.

മാർത്താണ്ഡവർമ്മയുടെ വാഴ്ചയിലാണ് ഇസ്ലാം ദക്ഷിണകേരളത്തിൽ വ്യാപകമായ രീതിയിൽ പ്രചരിച്ചതെന്നുമാ

നിക്കേണ്ടിയിരിക്കുന്നു. കേരളീയനായ വേറൊരു രാജാവിനും കഴിഞ്ഞിട്ടില്ലാത്ത ശാശ്വതമായ രാജ്യസ്ഥാനപ്രശസ്തിയാണല്ലോ മാർത്താണ്ഡവർമ്മ ആർജ്ജിച്ചതു്. രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം കിട്ടാവുന്ന ഒരു കല്ലും തിരിക്കാതിരുന്നില്ല. അദ്ദേഹം 1726–ൽ കർണ്ണാടകനവാബിന്റെ സഹായംപോലും തേടി. നവാബിന്റെ സൈന്യം അനുസരണക്കേടു കാണിച്ചപ്പോൾ മറവപ്പട രൂപീകരിച്ചു. ആരുവാമൊഴി, പത്മനാഭപുരം, വെടിമരുന്നു, ഉദയഗിരി തുടങ്ങിയ കോട്ടകൾ നിർമ്മിച്ചതദ്ദേഹമാണു്. ഇത്തരം വികസനപ്രവർത്തനങ്ങളിൽ തൊഴിൽക്കാരായും മററും തമിഴ്നാട്ടിൽനിന്നും വടക്കേ ഇൻഡ്യയിൽനിന്നുപോലും മുസ്ലിംകൾ വരാൻ ഇടയായിട്ടുണ്ടു്. വക്കലെ ഇടവാ തുടങ്ങിയ തീരപ്രദേശങ്ങളിൽ മുസ്ലിം പാർപ്പിടപ്രദേശങ്ങളും പള്ളിയും ഉയർന്നുവന്നതിങ്ങനെയാണെന്നനുമാനിക്കേണ്ടിയിരിക്കുന്നു. രാമകഥാപ്പാട്ടിന്റെ കർത്താവായ അയ്യിപ്പിള്ള ആശാന്റെ ജന്മസ്ഥലമായ ആ പാട്ടതറയുടെ കടലോരപ്രദേശത്തുള്ള പുല്ലുക്കോണംപള്ളി ഇതിനൊരുദാഹരണമാണു്. കടലോരത്തേയ്ക്കു നീണ്ടുകിടക്കുന്ന റോഡിന്റെ വലതുവശത്തു സ്ഥിതിചെയ്യുന്ന മതിപ്പുറംവാനിലെ പള്ളി പണ്ടു ഹിന്ദുദേവാലയമായിരുന്നുവെന്നൂഹിക്കപ്പെടുന്നു. പറങ്കികളുടെ ആഗമനത്തിനുമുമ്പു സാമൂതിരി ചെയ്തിരുന്നപോലെ വാണിജ്യാഭിവൃദ്ധിക്കും സൈന്യത്തെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി മാർത്താണ്ഡവർമ്മ മുസ്ലിംകളെയും ഉപയോഗപ്പെടുത്തി എന്നൂഹിക്കാൻ വക തരുന്നതാണു് ആലപ്പുഴയിലേയും മററും അനുഭവങ്ങൾ. വാണിജ്യാഭിവൃദ്ധിക്കുവേണ്ടി അവിടെ പല മുസ്ലീംവർത്തകരേയും ക്ഷണിച്ചുവരുത്തി പാർപ്പിച്ചു എന്നാണു് അറിയുന്നതു്... ഇതിനെത്തുടർന്നാണു് ആലപ്പുഴയിലെ പ്രശസ്തമായ ലജ്നത്തുൽപള്ളി നിർമ്മിച്ചതു്. തൃക്കുന്നപ്പുഴ, ആറാട്ടുപുഴ, അമ്പലപ്പുഴ, തുടങ്ങിയ സ്ഥലങ്ങളിൽ മുസ്ലീംകൾ പാർപ്പാക്കിയതും അവിടെ പള്ളികളുണ്ടായതും മാർത്താണ്ഡവർമ്മയുടെകാലത്താണു്.

നാടുവാഴി ചാർത്തിക്കൊടുത്ത സ്ഥലത്താണു് പാലത്തറ വരവുകോടുപള്ളി സ്ഥിതിചെയ്യുന്നതു് ചാത്തംകരിയിലെ ബ്രാഹ്മണകുടുംബങ്ങളുടെ മതപരിവർത്തനമാണത്രേ പുതിയങ്ങര പള്ളിക്കടിത്തറയായതു്. തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ പഴയ പള്ളികളെല്ലാം സമുദായസൗഹാർദ്ദത്തിന്റെയും സഹവർത്തിത്വത്തിന്റെയും ആരോഗ്യകരമായ പ്രവണതകൾ പ്രതിഫലിപ്പിക്കുന്നവയാണു്. തിരുവനന്തപുരം പട്ടണത്തിലെ പാളയംപള്ളിതന്നെ സൈനികരുടെ ആവശ്യത്തിനുവേണ്ടി രാജാവു തീർപ്പിച്ചുകൊടുത്തതാണല്ലോ.

പൂന്തുറ, വിഴിഞ്ഞം, ഭീമാപള്ളി തുടങ്ങിയ പഴയ പല പള്ളികളും തീരപ്രദേശങ്ങളിലാണ്.

മക്കയിൽനിന്നും മകൻ മാഹിൻഅബൂബക്കറോടൊപ്പം വന്ന ബീമാബീവിയെ മറവടക്കിയ സ്ഥലമാണ് ബീമാപള്ളിയെന്നു പറയപ്പെടുന്നു. മകൻ മാഹിൻഅബൂബക്കറേയും അവിടെ മറവടക്കിയിരുന്നു. ബീമാപള്ളിയിലെ ആണ്ടുനേർച്ച വാദ്യാഘോഷങ്ങളോടും എഴുന്നള്ളത്തുകളോടുംകൂടിയാണ് നടത്തുന്നത്. വിവിധജാതിമതക്കാർ അതിൽ പങ്കെടുക്കാറുണ്ട്. കൊളുത്തി കുത്തിനിർത്തിയ ചന്ദനത്തിരിയും മൂടികെട്ടിയ കുടങ്ങളുമായുള്ള എഴുന്നള്ളത്തുകളാണ് ഈ ഉത്സവത്തിന്റെ സവിശേഷത.

പ്രശസ്തമായ ഈ പള്ളി എന്നാണ് സ്ഥാപിച്ചതെന്നു തിട്ടപ്പെടുത്തി പറയാവുന്ന ആധികാരികമായ രേഖകളൊന്നും പള്ളിയിലില്ല. പല മാററങ്ങൾക്കും പുതുക്കിയണിയലുകൾക്കും വിധേയമായവയായതുകൊണ്ടാണ് ആദ്യം സ്ഥാപിച്ചതേതെന്നു തിട്ടപ്പെടുത്തിപ്പറയാനാവാത്തത്. തിരുവനന്തപുരം കൊല്ലം, കോട്ടയം, ആലപ്പുഴ ജില്ലകളിലെ പള്ളികളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു. മുമ്പു തിരുവിതാംകൂറിൽ പെട്ടിരുന്നതും ഇപ്പോൾ തമിഴനാട്ടിൽപ്പെടുന്നവയുമായ പുരാതനകാലത്തുണ്ടാക്കിയ പള്ളികൾ ഈ പട്ടികയിലില്ല.

## തിരുവനന്തപുരംജില്ല

ജമാഉൽ ജദീദ് പള്ളി
പാലോട്ട് പുത്തൻപള്ളി
പ്ലാമൂട് പുത്തൻപള്ളി
ഏടക്കോട്ട് പള്ളി
ഹിദായത്തുൽ ഇസ്ലാം മുസ്ലിംപള്ളി
ആററിങ്ങൽ ജമാഅത്ത് പള്ളി
ഇളംപാവാസുദേവപുരം പള്ളി
അവനാവഞ്ചേരിപള്ളി
പാവല്ലാ ജമാഅത്ത്പള്ളി
കാട്ടുമുറാക്കൽ തക്ലാപള്ളി
വലിയ ജമാഅത്ത്പള്ളി
പാണ്ടകശാല ജമാഅത്ത് പള്ളി
ഇളപ്പിൽ പഴയപള്ളി
മൂത്തോട്ടുകര പള്ളി
നഗരൂർ പള്ളി
അലംകോട്ട് ജമാഅത്ത് പള്ളി
മണ്ടൂർഭാഗം പള്ളി
കടുവെയിൽ പള്ളി
അരിനല്ലൂർ പള്ളി
വലിയ പള്ളി
തൊളിക്കുഴി ജമാഅത്ത് പള്ളി
പട്ടപ്പാറ ജമാഅത്ത്പള്ളി
ചുട്ടയിൽ ജമാഅത്ത്പള്ളി
പാപ്പാല ജമാഅത്ത്പള്ളി
മഞ്ഞപ്പാറ ജമാഅത്ത്പള്ളി
അരൂർപള്ളി
ചാറയം ജമാഅത്ത്പള്ളി
താഴെഭാഗത്തു് ജമാഅത്ത് പള്ളി
അലയകോണം ജമാഅത്ത് പള്ളി
ബന്ദിച്ചിറ ജമാഅത്ത്പള്ളി

മാത്തയിൽ ജമാഅത്ത്പള്ളി
മടവൂർ ജമാഅത്ത്പള്ളി
ഇലവൂർകോണത്ത് ജമാഅത്ത്പള്ളി
പള്ളിക്കൽ വടക്കെ ജമാഅത്ത്പള്ളി
പള്ളിക്കൽ തെക്കേ ജമാഅത്ത്പള്ളി
കായൽപ്പുറം ജമാഅത്ത് പള്ളി
മുഹ്യിദ്ദീൻപള്ളി
ബറക്കാത്തുൽ മുസ്ലിം ജമാഅത്ത്പള്ളി
കിഴക്കെപ്പുറം ജമാഅത്ത് പള്ളി
പലവക്കോട്ട് ജമാഅത്ത് പള്ളി
പൂന്നോട്ട് ജമാഅത്ത്പള്ളി
കൊട്ടുവേലിക്കോണത്തു ജമാഅത്ത്
നാവായ്ക്കുളം പള്ളി
ഞാറേകോണം പള്ളി
കടപൂർ ജമാഅത്ത്പള്ളി
(വടശ്ശേരി) പേരൂർപള്ളി
വടശ്ശേരി കോന്നംപള്ളി
വക്കം കിഴക്കെ ജമാഅത്ത് പള്ളി
വക്കം ജമാഅത്ത്പള്ളി
കുളംമുട്ടം ജമാഅത്ത്പള്ളി
നിലയ്ക്കാമുക്ക് ജമാഅത്ത് പള്ളി
കായൽവാരം ജമാഅത്ത് പള്ളി
മണനാക്ക് ജമാഅത്ത്പള്ളി
ദാറുൽസലാം ജമാഅത്ത് പള്ളി
പാലാംകോണം ജമാഅത്ത് പള്ളി

പാലച്ചിറ ജമാഅത്ത്പള്ളി
കവലയൂർ ജമാഅത്ത്പള്ളി
ഓടയം ജമാഅത്ത്പള്ളി
ചിലക്കൂർ ജമാഅത്ത്പള്ളി
ബട്ടൂർ ജമാഅത്ത്പള്ളി
വടക്കേപള്ളി ജമാഅത്ത്
ചെറുകുന്നം ജമാഅത്ത്പള്ളി
നടയാ ജമാഅത്ത്പള്ളി
ചെമ്മരുതിപള്ളി
മുഹയിദ്ദീൻപള്ളി
പുത്തൻപള്ളി
ചേയാട്ട് ജമാഅത്ത്പള്ളി
മുഹയിദ്ദീൻപള്ളി
പുത്തൻപള്ളി
ചേയാട്ട് ജമാഅത്ത്പള്ളി
മുഹയ്ദ്ദീൻപള്ളി
പനത്തുറ മുസ്ലിംപള്ളി
പാച്ചല്ലൂർ പുത്തൻപള്ളി
മുഹ്യിദ്ദീൻ പുത്തൻപള്ളി
വിഴിഞ്ഞം മുസ്ലിം ജമാഅത്ത്പള്ളി
നേമം മുസ്ലിംപള്ളി
കർവാണിപള്ളി
മീരാസാഹിബ്പള്ളി
കോട്ടപ്പുറം ജമാഅത്ത്പള്ളി
വലിയപള്ളി
നെയ്യാററിൻകരപള്ളി
ചാരത്തടി ജമാഅത്ത്പള്ളി
പൂച്ചാർ ജമാഅത്ത്പള്ളി
മീരാസാഹിബ് ആണ്ടവർ പള്ളി
ചെങ്ങവിള ജമാഅത്ത്പള്ളി
കോവല്ലൂർ (കടപ്പനമൂട്) ജമാഅത്ത്പള്ളി
വലിയപള്ളി
കളിയിക്കവിള ജമാഅത്ത് പള്ളി
പാറശ്ശാല ജമാഅത്ത്പള്ളി
ഹിദായത്തുൽ ഇസ്ലാം ജമാഅത്ത്പള്ളി
മുഹ്യ്ദീൻപള്ളി
പള്ളിച്ചവീട്ടുകര
കന്നംപുറത്തുപള്ളി
മുഹ്യിദ്ദീൻപള്ളി (കഠിനകുളം)
ജാമി ഇൽ അബ്ഫർ ജമാഅത്ത്പള്ളി
ദാദ്ദൽ ഇസ്ലാം കയ്യാവ് പള്ളി
വെയിലൂൽ പുത്തൻപള്ളി
പെട്ടയിൽ പുത്തൻപള്ളി
കല്ലൂരു് ജമാഅത്ത്പള്ളി
കുറക്കോട്ട് ജമാഅത്ത്പള്ളി
പള്ളിപ്പുറം ജമാഅത്ത്പള്ളി
തട്ടെയിൽപള്ളി
കണിയാപുരം ജമാഅത്ത് പള്ളി
കുമിളി ജമാഅത്ത്പള്ളി
പാന്തൂർപള്ളി
വെള്ളൂർപള്ളി
എടത്തറ (ഏററൂർകോന്നത്തു്) പള്ളി
മേടപാലുക്കൽപള്ളി
കാഞ്ഞിരോട്ട് പുത്തൻ പള്ളി
മൺവിള ശരിഅത്തുൽ ഇസ്ലാം കാഞ്ഞരമററുപള്ളി
അട്ടക്കളങ്ങര ജമാഅത്ത് പള്ളി
കൊച്ചുവേളിപള്ളി
കഴക്കൂട്ടം ജമാഅത്ത്പള്ളി
ചെമ്പഴന്തിപള്ളി
അമ്പലത്തുങ്ങര ജമാഅത്ത് പള്ളി
ഉപ്പാക്കോട്ട്പള്ളി
തിരുമലപള്ളി

വട്ടിയൂർക്കാവ് പള്ളി
നെട്ടയഞ്ഞോട്ടുകോണം
പുത്തൻപള്ളി
ശ്രീകാര്യം പള്ളി
ജമാഅത്ത് പള്ളി (പാളയം)
പേട്ട ജമാഅത്ത് പള്ളി
കുമാരപുരം കാട്ടുപള്ളി
പുത്തൻപള്ളി
ചാല ജമാഅത്ത് മസ്ജിദ്
കരുപ്പട്ടിക്കട ജമാഅത്ത്
പള്ളി
മുഹ്‌യിദ്ദീൻപള്ളി
കരമന ജമാഅത്ത് പള്ളി
വലിയപള്ളി
ബീമാപള്ളി
പുത്തൻപള്ളി
കറിഞ്ചിലക്കാട് പള്ളി
നന്നാട്ടുക്കാവ് ജമാഅത്ത്
പള്ളി
ദൈവപുരം പുത്തൻപള്ളി
വേളാവൂർ പുത്തൻപള്ളി
വാളക്കാട്ട് സൈഫുൽഇസ്ലാം
വെഞ്ഞാറമൂട് ജമാഅത്ത്
പള്ളി
വഞ്ചുവം ജമാഅത്ത് പള്ളി
വിതുരമസ്ജിദ്
മുളവിളാകത്ത് പഴയപള്ളി
മുണ്ടൻതടിക്കാട്ട് പള്ളി
മാണിക്കൻപുത്തൻപള്ളി
മുല്ലമംഗലം പള്ളി
മുഹ്‌യിദ്ദീൻപള്ളി
മഞ്ഞപ്പാറ മസ്ജിദ്
പൂവച്ചൽപള്ളി
പുത്തൻപള്ളി (കാട്ടാക്കട)
പറങ്ങോട്ട് (അയിത്തിയിൽ)
പള്ളി
പറങ്ങോട്ട് പള്ളി
പുത്തുക്കളങ്ങര പുത്തൻപള്ളി
പുത്തൻപള്ളി (മന്നൂർ
കോണം)

പുല്ലാമല മുസ്‌ലിം പള്ളി
പനവൂർ പുത്തൻതാക്കാപള്ളി
പേരുമല കുന്നുപുറത്ത്
പുത്തൻപള്ളി
പാങ്ങോട്ട് പുത്തൻപള്ളി
പുലിപ്പാറ മസ്ജിദ്
പറക്കോണത്ത് മൈലകുന്ന
പള്ളി
പാപ്പനംകോട്ട് മസ്ജിദ്
പുത്തൻപള്ളി
താഴെ ജമാഅത്ത് പള്ളി
(പേട്ട)
തൊളിക്കോട്ട് പള്ളി
താഴെ പാങ്ങോട്ട് പള്ളി
തോട്ടുംപുറം പള്ളി
തേവൻപാറ മസ്ജിദ്
തച്ചോണം ജമാഅത്ത് പള്ളി
അഴീക്കോട്ട് പള്ളി
നെടുമങ്ങാട്ട് മണക്കോട്ട്
പള്ളി
ചാങ്ങയിൽ പേരേത്ത്
പുത്തൻപള്ളി
ചിററൂർ ജമാഅത്ത് പള്ളി
ചെററച്ചൽ കടക്കാകുന്ന്
പള്ളി
ചുള്ളിമാന്നൂർ ജമാഅത്ത്
പള്ളി
ചേലയിൽ പുത്തൻപള്ളി
കാഞ്ഞിരംമൂട്ട് പള്ളി
കൊണ്ണിയൂർ കണ്ടച്ചാൽകുഴി
പള്ളി
കാട്ടാക്കട പുത്തൻപള്ളി
കള്ളോട്ട് പള്ളി
കററിച്ചാൽപള്ളി
കോട്ടൂർ കാപ്പുക്കാട്ട് പള്ളി
കോട്ടൂർപള്ളി
കടുക്കോട്ട് പള്ളി
കഴിയംക്കോൺപള്ളി
കന്യാകുളങ്ങര പുത്തൻപള്ളി
കബറടി പള്ളി

കർകളം പുത്തൻപള്ളി
കററ ജമാഅത്ത്പള്ളി (മൊഹ്‌യിദ്ദീൻ)
കല്ലറ ജമാഅത്ത്പള്ളി
അനച്ചൽപള്ളി

## കൊല്ലംജില്ല

ജമാഅത്ത്പള്ളി: 165
നമസ്കാരപള്ളി: 111
പത്തനംത്തിട്ട മുസ്‌ലിം പള്ളി
വലംചുഴി പള്ളി
കലശേഖരപേട്ടപള്ളി
അരുവാപുലം പള്ളി
പകയാർപള്ളി
കമ്മണ്ടൂർപള്ളി
കോന്നിപള്ളി
റാന്നിവൈക്കംപള്ളി
തൃക്കോമലപള്ളി
ചിററാർപ്പള്ളി (Estate)
റാന്നി പേട്ടപള്ളി
വെച്ചൂർച്ചിറപള്ളി
നാരങ്ങാനം പുതിയപള്ളി
മുടപ്പള്ളി
പുതുശ്ശേരിമലപള്ളി
തുളിക്കളംഹിദായത്തുൽ ഇസ്‌ലാംപുത്തൻപള്ളി
കാട്ടൂർ പഴയപള്ളി
നെടുംപാറപ്പള്ളി
മണ്ണടി ജമാഅത്ത്പള്ളി
ശൂരനാട്ട് ജമാഅത്ത്പള്ളി
പള്ളിശ്ശേരിക്കൽ ജമാഅത്ത് പള്ളി
ഏഴംകളം ജമാഅത്ത്പള്ളി
കണ്ണങ്ങ്കോട്ട് മുഹയിദ്ദീൻ പള്ളി
പഴകുളം ജമാഅത്ത്പള്ളി
പോരുവഴിഹാഫി ജമാഅത്ത്
പോരുവഴിഹനഫി ജമാഅത്ത്
കളത്തുപുഴ മുസ്‌ലിംപള്ളി
പന്മേനിപ്പള്ളി
മുളപ്പോൻപള്ളി (ഖാഫി)
ഏരൂർപ്പള്ളി
നെടുംപാറ എസ്റ്റേററ്പള്ളി
കരുകോൻ പുത്തൻപള്ളി
അഞ്ചൽപള്ളി
ഏനത്തു് പുത്തൻപള്ളി
പാടംപള്ളി
മണക്കാട്ടുപിളപ്പള്ളി
നടുമുറിപ്പ്പള്ളി
കൊച്ചേരിപ്പേൽപള്ളി
ഇടമൺപള്ളി (എസ്റ്റേററ് പള്ളി)
ഇടമൺ 34_ാംകുററിപ്പള്ളി
പുനലൂർടൗൺപള്ളി(ഷാഫി)
പയസ്സൽ ജമാഅത്ത്പള്ളി
പെരിങ്ങല്ലൂർ ജമാഅത്ത് പള്ളി
പാപ്പനംകോട്ട് ജമാഅത്ത് പള്ളി
അവനീശ്വരം ജമാഅത്ത് പള്ളി
V. M. A. ഹനീഫ ജമാഅത്ത്
പാളക്കോട്ട് ജമാഅത്ത് പള്ളി
പിറവന്തൂർ ജമാഅത്ത് പള്ളി
പുന്നല ജമാഅത്ത്പള്ളി

ഇടത്തര ജമാഅത്ത്പള്ളി
കുണ്ടയം ജമാഅത്ത്പള്ളി
മഞ്ചുള്ളൂർടൗൺ ജമാഅത്ത്
പള്ളി
നടക്കുന്നു് (പത്താപുരം)
ജമാഅത്ത്പള്ളി
കുന്നിക്കോട്ട് ജമാഅത്ത്
പള്ളി
അലഞ്ചേരി ജമാഅത്ത്
പള്ളി
ഇടത്തര ജമാഅത്ത്പള്ളി
പെഞ്ചോംപ് മുസ്ലിം
ജമാഅത്ത്പള്ളി
തടിയ്ക്കോട്ട് ജമാഅത്ത്
പള്ളി
പട്ടാഴി തെക്കേക്കര
ജമാഅത്ത്പള്ളി
പട്ടാഴി വടക്കെക്കര
ജമാഅത്ത്പള്ളി
വന്മേനി ജമാഅത്ത്പള്ളി
മുഹ്യിദ്ദീൻപള്ളി
മാത്രപുനലൂർപള്ളി
ഓച്ചിറ പടിഞ്ഞാറെതെ
രുവ്വ് ജമാഅത്ത്പള്ളി
ചവറ ജമാഅത്ത്പള്ളി
പുതുശ്ശേരികോട്ട ജമാഅത്ത്
പള്ളി
കൊട്ടുകാട്ട് ജമാഅത്ത്പള്ളി
തേവലക്കര ജമാഅത്ത്
പള്ളി
അദിനോട്ട് ജമാഅത്ത്
പള്ളി
മരുതൂർകുളങ്ങര ജമാഅത്ത്
പള്ളി
കുന്നേററി ജമാഅത്ത്പള്ളി
കുററിപടം ജമാഅത്ത്പള്ളി
പാലോലികുളങ്ങര
ജമാഅത്ത്പള്ളി
ചിററമൂല ജമാഅത്ത്പള്ളി
കരുനാഗപ്പള്ളി

കോഴിക്കോട്ട് ജമാഅത്ത്
പള്ളി
വട്ടപ്പറമ്പ്ഹിദായത്തുൽ
ഇസ്ലാംപള്ളി
തൊടിയൂർ ജമാഅത്ത്പള്ളി
ഷരിഅത്തുൽ ഇസ്ലാം
സാഹബിൻെറപള്ളി
വല്ലക്കാവ് ജമാഅത്ത്
പള്ളി
പോരുക്കര ജമാഅത്ത്
പള്ളി
ക്ലാപ്പന ജമാഅത്ത്പള്ളി
പുതുന്തെരുവ് ജമാഅത്ത്
പള്ളി
മുസ്ലിം ജമാഅത്ത്പള്ളി
തഴപാദംദൽബലാം
ജമാഅത്ത്പള്ളി
വടക്കംതല ജമാഅത്ത്
പള്ളി
ചെറുപിലാക്കൽ ജമാഅത്ത്
പള്ളി
വെളുത്തമണൽ ജമാഅത്ത്
പള്ളി
ദാറുസ്സലാം ജമാഅത്ത്പള്ളി
കരിപ്പുഴപള്ളി
കടപ്പാക്കടപള്ളി
ഏഴിൽപുരം ജമാഅത്ത്
നെട്ടയം ജമാഅത്ത്പള്ളി
അയ്ത്തിൽ മുഹ്യിദ്ദീൻ
പള്ളി
കിളികൊല്ലൂർസിയാറത്തും-
മൂട് പള്ളി
കാഞ്ഞനല്ലൂർ ജമാഅത്ത്
പള്ളി
മുട്ടയ്ക്കാവ് ജമാഅത്ത്പള്ളി
കിളികൊല്ലൂർതെക്കുംകര
ജമാഅത്ത്പള്ളി
മുതിരപറമ്പത്ത് ജമാഅത്ത്
പള്ളി
മാവള്ളി

ജോനകപ്പുറം
കൊല്ലൂർവിള
കൊല്ലം വലിയകട
ഹമീദിയാപള്ളി
കിഴക്കെപേരൂർ പള്ളി
കരുവാ ജമാഅത്ത്പള്ളി
നീരാവിൽ ജമാഅത്ത്
പള്ളി
പോളേത്തോട്പള്ളി
മെക്കോൺപള്ളി
ചാത്തനാംകുളംപള്ളി
നെടുംപനപള്ളി
ചാത്തന്നൂർപള്ളി
പിണക്കൽപള്ളി
പുലിയില്ലാപള്ളി
കണ്ടമാൻ പള്ളി
കിളികൊല്ലൂർവലിയ
(പടിഞ്ഞാറെകരപള്ളി)
കോട്ടമുക്ക്കച്ചേരിപള്ളി
റൊട്ടികിടങ്ങ്പള്ളി
മൈലാപ്പൂര് ജമാഅത്ത്
പള്ളി
ഇളംപള്ളൂർ ജമാഅത്ത്
പള്ളി
കൊല്ലംപട്ടാളത്ത്
ജമാഅത്ത്പള്ളി
ചിന്നക്കട ജമാഅത്ത്പള്ളി
മുസ്ലിംജമാഅത്ത്തെക്കഭാഗം
ആക്കോലി ജമാഅത്ത്
പള്ളി
ആയിരംതെങ്ങ്
ജമാഅത്ത്പള്ളി
പരവൂർ മുസ്ലിംജമാഅത്ത്
പുനക്കന്നൂർ ജമാഅത്ത്
പള്ളി
പെരുപുഴ ജമാഅത്ത്പള്ളി
കേരളപുരം ജമാഅത്ത്
പള്ളി
ചുഴമൺചിറ ജമാഅത്ത്
പള്ളി

കൊട്ടിയം ജമാഅത്ത്പള്ളി
തട്ടാമല ജമാഅത്ത്പള്ളി
ഉമയനല്ലൂർ ജമാഅത്ത്പള്ളി
കണ്ടച്ചിറ ജമാഅത്ത്പള്ളി
കൊട്ടാരക്കര ജമാഅത്ത്
പള്ളി
തലച്ചിറ ജമാഅത്ത്പള്ളി
പ്ളാമൂട് ജമാഅത്ത്പള്ളി
മാടൻനട ജമാഅത്ത്പള്ളി
മഞ്ഞപ്പാറ മുസ്ലിം
ജമാഅത്ത്പള്ളി
ചടയമംഗലം മുഹ്യിദ്ദീൻ
പള്ളി
പോരേടം ജമാഅത്ത്പള്ളി
തൃപ്പലഴികം ഇരിപ്പ
പൊയ്കപള്ളി
തൃപ്പലഴികം പുതിയ പള്ളി
കാഞ്ഞൂർപള്ളി
മുക്കൂട്ടുപള്ളി
തച്ചോണം പള്ളി
കണ്ടമൽ കരിക്കോംപള്ളി
കിഴക്കുംഭാഗംപള്ളി
അയിരക്കുഴി പള്ളി
പേയ്ക്കൽപള്ളി
നിലമേൽപള്ളി
സത്രമംപള്ളി
ഇലവ്പാലം പള്ളി
(ഷാഫി)
മുതയിൽപള്ളി
തുമ്പമൺതൊടിപള്ളി
നെററിക്കുന്നേൽപള്ളി
ഹനഫി
പെരിങ്ങാട്ടുപള്ളി
കുട്ടപ്പള്ളി(ഹനഫി) ജമാ
അത്ത്
മാങ്ങോക്കത്ത്പള്ളി
(ഹനഫി)
കടംപൂർപള്ളി
ഓയൂർ പയ്യക്കോട്ടുപള്ളി
റെന്നൂർപള്ളി

ചേരൂർപള്ളി
മരുതിയിററപള്ളി(ഹനഫി)
കാരാഴികോണംപള്ളി
ചിങ്ങേരിപള്ളി

## ആലപ്പുഴജില്ല

ആലപ്പുഴവകയാൽ
നൂറാനിപള്ളി
ചിററിയോത്ത്
ഹൈഡ്രോസ് മൊഹ്യിദ്ദീൻ പള്ളി(പടിഞ്ഞാറ്)
ജമാമസ്ജിദ് (കിഴക്ക്)
കാരൂർ ജമാഅത്ത്പള്ളി
കാക്കാഴം ജമാഅത്ത്പള്ളി
നീർക്കുന്നം വെസ്റ്റ്മഹൽ ജമാഅത്ത്പള്ളി
പള്ളരുത്തി ജമാഅത്ത്പള്ളി
നീർക്കുന്നം കിഴക്കജമാഅത്ത് പള്ളി
വടക്കനാര്യാട് ജമാഅത്ത് പള്ളി
മണ്ണഞ്ചേരി പടിഞ്ഞാറെ മഹൽ
പെരുന്തുരുത്ത്(പൊന്നാട്) ജമാഅത്ത്പള്ളി
തെക്കനാര്യാട് ജമാഅത്ത് പള്ളി
മണ്ണഞ്ചേരി കിഴക്കേ ജമാഅത്ത്പള്ളി
കന്നമ്മേൽപള്ളി
പണ്ടാരക്കളംപള്ളി
ചന്ദ്രൂർ ജമാഅത്ത്പള്ളി
മുഹ്യിദ്ദീൻ പുത്തൻപള്ളി
വാരണം ജമാഅത്ത്പള്ളി
ചേർത്തല തവിട്ടേഴത്ത് ജമാഅത്ത്പള്ളി
പള്ളിപ്പുറം തൈക്കാട്ടശ്ശേരി (തേവർപട്ടം)പള്ളി
പൊൻപുരം മൊഹ്യിദ്ദീൻ പള്ളി

പട്ടണക്കാട് പുത്തൻപള്ളി
വയലാർ ജമാഅത്ത്പള്ളി
പാണാപള്ളി (തെക്കംഭാഗം)
മൊഹ്യിദ്ദീൻപള്ളി
മണ്ണംപ്പുറം മൊഹ്യിദ്ദീൻ ജമാഅത്ത്പള്ളി
കോട്ടൂരു് (കാട്ടുപുറം) ജമാഅത്ത്പള്ളി
കുത്തിയതോട് ജമാഅത്ത് പള്ളി
നൈക്കൽ മുസ്ലിം ജമാഅത്ത്
മുഹമ്മമുഹ്യിദ്ദീൻപള്ളി
കരുപററതലയ്ക്കാട് ജമാഅത്ത്പള്ളി
തൃക്കുന്നപ്പുഴജട്ടി ജമാഅത്ത് പള്ളി
പാനൂർ ജമാഅത്ത്പള്ളി
പല്ലന ജമാഅത്ത്പള്ളി
ആനാരി ജമാഅത്ത്പള്ളി
മുട്ടം ജമാഅത്ത്പള്ളി
കായംകുളം ജമാഅത്ത്പള്ളി
കാപ്പിൽ മുസ്ലിം ജമാഅത്ത്പള്ളി
കീരിക്കാട് കൊച്ചുപള്ളി
പത്തിയൂർപള്ളി
പാററുകടവ് കല്ലമേമൻ പള്ളി
കുറങ്ങാട്പള്ളി (ഷഹീദാർ)
ഹരിപ്പാട് തെക്കേപള്ളി
ഹരിപ്പാട് ടൗൺപള്ളി
(ലബ്ബപള്ളി, വടക്കെപള്ളി)
മുഹയിദീൻപള്ളി, അമല്ലാക്കൽ ബദർപള്ളി

കാത്തികപള്ളി
ഹിദായത്തുൽ ഇസ്ലാംഖന്ദു
പ്പള്ളി
ചിങ്ങോലിൽ വടക്ക്
ഹനഫിപ്പള്ളി
പതിയാങ്ങകരപ്പള്ളി
ആറാട്ടുപുഴ (പള്ളികൾ 2)
പുതുപ്പള്ളി ജമാഅത്ത്
ഓച്ചിറ വടക്കേപള്ളി
വെട്ടിയാർ ഹിദായത്തുൽ
ഇസ്ലാം
വെട്ടിയാർ നൂറുൽ ഇസ്ലാം
കടുവിനാൽ
താമരക്കുളം
ചുനക്കര വടക്കെ മഹല്ല്
കാവുംപാട്ട് ജുമുഅത്ത്
പള്ളി
ആതുക്കാട്ടുകുളങ്ങര
ചുനക്കര തെക്ക്
കടയ്ക്കാട്പള്ളി
ഇലിപ്പക്കുളം
മങ്ങാരം മുസ്ലിം
ജമാഅത്ത്പള്ളി
പല്ലന
മുളക്കുഴ മുസ്ലിം ജമാഅത്ത്

കൊല്ലക്കടവ് മുഹ്യിദ്ദീൻ
പള്ളി
മാന്നാർ പുത്തൻപള്ളി
ഇരമത്തൂർ ജുമുഅത്ത്പള്ളി
വായ്പൂര് പുതൂർ പുത്തൻ
പള്ളി
പുന്നവേലിപള്ളി
നിരണം വടക്കുംഭാഗം
ദീനാർപള്ളി
തിരുവല്ല ഐക്കാട്ട
(വയലിൽ) ജുമുഅത്ത്പള്ളി
പാലാങ്കരപള്ളി (ഹനഫി)
എഴുമറ്റൂർ പുത്തൻപള്ളി
(ഹനഫി)
പെരുംപട്ടിപള്ളി
നിരണം വടക്കുംഭാഗം
ഒററതെങ്ങിൽപള്ളി
തിരുവല്ല ജമാഅത്ത്പള്ളി
വായിപ്പൂര് പഴയപള്ളി
മഹൽ
നെടുമ്പ്രം മുസ്ലിം
ജമാഅത്ത്
ചുങ്കപ്പാറ മൊഹ്യിദ്ദീൻ
പള്ളി
വെട്ടുകല്ലുമറിയിൽ
മൊഹ്യിദ്ദീൻപള്ളി

## കോട്ടയംജില്ല

കാഞ്ഞിരപ്പള്ളി നൈനാൻ
പള്ളി (ടൗൺപള്ളി 1)
കോട്ടയം
എരുമേലിപള്ളി
കൂട്ടക്കൽപള്ളി
മുണ്ടക്കയംപള്ളി
ഇടക്കുന്നം പള്ളി
വരിക്കാനിപള്ളി
പാറത്തോട് മുഹ്യിദ്ദീൻ
പള്ളി

പട്ടിമിററം ജുമുഅത്ത്പള്ളി
ഇടക്കുന്നംപള്ളി
ആലപ്രാ ഉറുമ്പത്ത്പള്ളി
പൊൻകുന്നംപള്ളി
ചിറക്കാവുമലമേൽ ജുമു
അത്ത്പള്ളി
മേക്കൽ, ചേനപ്പാടി
ജമാഅത്ത്പള്ളി
മണങ്ങല്ലൂർപള്ളി
(എരുമേലി 4–10 മൈൽ)

പുതുർപുത്തൻപള്ളി
(ഹനഫി)
ചങ്ങനാശ്ശേരി പഴയപള്ളി
തെങ്ങണ പുതുർപള്ളി
നെടുംകുന്നം ജമാഅത്ത്
മുണ്ടത്താനം ജമാഅത്ത്
പള്ളി
വാഴൂർ ജമാഅത്ത്പള്ളി
പായ്പാട്പള്ളി
മുള്ളങ്കുഴിപള്ളി
കങ്ങഴ പുതുർപള്ളി
എറത്ത നൈനാൻപള്ളി
പേട്ട നൈനാർപള്ളി
ഈരാററുപേട്ട തെക്കേകര
പള്ളി
ഈരാററുപേട്ട ഷാഫിപള്ളി
തലനാട്പള്ളി
തെക്കേപള്ളി പട്ടംകാളനി
മുണ്ടിഎരുമതബലഹീഗുൽ
ഇസ്ലാംപള്ളി
കമ്പമേട്ടകട്ടയകുന്നം
ഇൽഫത്തുൽഇസ്ലാം
മാളം മുസ്ലിം ജമാഅത്ത്
പള്ളി 10-ാംമൈൽ
മന്നാംകണ്ടം 11-ാംമൈൽ
ജുമുഅത്ത്പള്ളി
ചെല്യാംപാറ മുസ്ലിം
ജമാഅത്ത്പള്ളി
കുമ്പൻപാറ മുസ്ലിംപള്ളി
നേര്യമംഗലം ജുമുഅത്ത്
പള്ളി
അടിമാലി മുസ്ലിം
ജമാഅത്ത്പള്ളി
പെരുവന്താനം പള്ളി
പാമ്പനാർപള്ളി
ഉപ്പുതറപള്ളി
മാമലപള്ളി

മുക്കുളംപള്ളി
വണ്ടിപെരിയാർ ജമാഅത്ത്
കുമളി ജുമുഅത്ത്പള്ളി
തിരുനക്കര ഷാഫി
ജമാഅത്ത്പള്ളി
തിരുനക്കര ഹനഫി
ജമാഅത്ത്
താഴത്തങ്ങാടി ജുമുഅത്ത്
പള്ളി
കുമ്മാനം മുഹ്യിദീൻപള്ളി
ചെങ്കളം ജുമുഅത്ത്പള്ളി
നീലിമംഗലംപള്ളി
ഏററുമാനൂർ അതിരമ്പുഴ
കൈതമല മുഹ്യിദീൻ
പള്ളി
പനമിററം മുഹ്യിദീൻ
പള്ളി
വൈക്കം ടൗൺ ജമാഅത്ത്
പള്ളി
വല്ലകനക്കത്തുരുത്ത്പള്ളി
കുലശേഖരമംഗലം
ജമാഅത്ത്പള്ളി
ചെമ്പ് മൊഹ്യിദീൻ
പള്ളി
കരിപ്പാടംപള്ളി
വെട്ടിക്കാട്ടുമുക്ക് മിഠായി
കുന്നപള്ളി
മണക്കുന്നം മുല്ലക്കേരി
ജമാഅത്ത്
തലയോലപ്പറമ്പ്
ജുമുഅത്ത്പള്ളി
ആപ്പാൻചിറ (മാന്നാർ)
മുഹ്യിദീൻപള്ളി
ഇടചെമ്പ് (കോടിക്കുന്ന്)
പള്ളി
വെച്ചൂർ ജുമുഅത്ത്പള്ളി

# X

''പ്രാചീനകാലത്തു മതപ്രചരണാർത്ഥം ഇവിടെ വന്ന മഹാശയന്മാർ പ്രചരണകേന്ദ്രമായി രൂപപ്പെടുത്തിയ കൊടുങ്ങല്ലൂർ, തെക്കൻകൊല്ലം, മാടായി, ശ്രീകണ്ഠപുരം, ധർമ്മടം, പന്തലായിനി, ചാലിയം, മംഗലാപുരം, ബർക്കൂർ (കർണ്ണാടകം) തുടങ്ങിയ ആദ്യകാലമഹല്ലുകളാണ് നാടൊട്ടുക്കു കാണുന്ന ജമാഅത്തുകളുടെ അടിസ്ഥാനകേന്ദ്രങ്ങൾ. പ്രചരണകാലത്തു വഖഫ് നല്കിയതും നേരിട്ടു നടത്തിയിരുന്നതുമായ ജുമുഅത്ത്പള്ളികളുടെ നടത്തിപ്പിനു കാലക്രമത്തിൽ ചില പാരമ്പര്യങ്ങളും സ്ഥിരാവകാശങ്ങളും കടന്നുകൂടിയതായി കാണാം. അക്കാലത്തു ധർമ്മനിഷ്ഠമായ പ്രവർത്തനങ്ങൾ മഹല്ലിന്റെ ക്രമാനുഗതമായ പുരോഗതിക്കു സഹായകമായി ഭവിച്ചു. അന്നു നിയുക്തരായ ഖാസിമാരുടെ കാലശേഷം അവരുടെ പരമ്പരയിൽപ്പെട്ട പലരും കൈക്കാരന്റെ സ്ഥാനം കയ്യേററിരുന്നു. കൂട്ടുകുടുംബാംഗങ്ങൾ തലമുറകളായി അങ്ങനെ മഹല്ലിന്റെ ഭാരം കൈമാറിപ്പോന്നിരുന്നതുകൊണ്ടു കൈകാര്യസ്ഥാനം ഒരു മാന്യപദവിയാണെന്ന സ്ഥിരീകരണം നേടിയെടുത്തു. പ്രസ്തുതപദവി കൈവരിക്കാൻ ആഗ്രഹമുള്ളവർ മത്സരത്തിൽ ഇടപെട്ടു. കൈക്കാരന്മാരുടെ പരമാധികാരം അലിഖിതമായ നിബന്ധനകൾക്കു വളരെ കാലം വിധേയമായിരുന്നു.'' 1

ഈ മത്സരം മുസ്ലിംകൾക്കിടയിൽമാത്രം ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല. 'മതം മനുഷ്യനെ വേർതിരിക്കാനല്ല, സമന്വയിപ്പിക്കാനാണെ'ന്ന വിശുദ്ധഖുർ-ആന്റെ ദർശനത്തിൽ അടിയുറച്ചുനിന്നുകൊണ്ടാണ് ആദ്യകാലമതപ്രചാരകരും ഖാസികളും കേരളത്തിലെ മററു മതസമൂഹങ്ങളെ സമീപിച്ചതു്. വിശ്വാസപ്രമാണങ്ങളുടെ കാര്യത്തിൽമാത്രമേ അവർ അമുസ്ലിംകളോടു് അന്യത്വം പുലർത്തിയിരുന്നുള്ളു. ഭാഷ, സംസ്കാരം തുടങ്ങി ജീവിതത്തിന്റെ മറെറല്ലാ മേഖലയിലും കേരളീയരുമായി ഇഴുകിക്കലരാനാണ് അവർ ഉത്സാഹിച്ചതു്. രാജ്യത്തെ നിയമനടപടികളെല്ലാം അവർ അനുസരിച്ചു. പശുവിനെ കൊല്ലാനോ അതിനെ തിന്നാനോ പാടില്ലെന്ന നിയമംപോലും അവർ ലംഘിച്ചിരുന്നില്ലെന്നാണറിയുന്നതു്. 2 ''മറിച്ചു ഹിന്ദുക്കളായ ഭരണാധികാരികൾ മുസ്ലിം

---

1 കേരളജമാഅത്ത്‌വിവരണം. (1962)—പുറം 10. ഈ അധ്യായത്തിൽ അടിക്കുറിപ്പില്ലാതെ ചേർക്കുന്ന ഉദ്ധരണികളെല്ലാം ഈ പ്രസിദ്ധീകരണത്തിൽനിന്നാണ്.

2 ദി സാമൊറിയൻസ് ഓഫ് കാലിക്കററ്—
കെ. വി. കൃഷ്ണയ്യർ. പുറം 104.

കളുടെ ആരാധനകൾക്കും മററും എല്ലാ സൌകര്യവും നല്കിയിരുന്നു. ജുമുഅ നമസ്കാരത്തിനു ഹാജരാകാത്ത മുസ്ലീംകളിൽ നിന്നു പിഴ ഈടാക്കാൻപോലും അക്കാലത്തു നിയമപിൻബലമുള്ള വ്യവസ്ഥയുണ്ടായിരുന്നു. ഖാസികളുടെയും മുക്രികളുടെയും വേതനം ഒരു കാലത്തു ഹിന്ദുഭരണാധികാരികളാണ് നല്കിയിരുന്നത്. കൊലക്കുററം ചെയ്ത മുസ്ലിമിനെ മുസ്ലിം നേതാക്കളുടെ സമ്മതപ്രകാരം തൂക്കിക്കൊല്ലുകയും ശവം സംസ്കരിക്കേണ്ടതിനായി അവർക്കു വിട്ടുകൊടുക്കുകയുമാണ്'' ചെയ്തിരുന്നത്. തുഹ്ഫത്തുൽ മുജാഹിദീനിലെ വിവരണം അന്നു പുലർത്തിയിരുന്ന സമുദായമൈത്രിയെ പ്രതിഫലിപ്പിക്കുന്നു. എ. ഡി. 11-ാം ശതകത്തിലുണ്ടായ 'മൂഷികവംശകാവ്യ'ത്തിൽ അതുലൻ ചിത്രീകരിച്ചതുപോലെ രാജർഷിമാരുടെ ആശ്രമപരിസരത്ത് എപ്രകാരമാണോ മൃഗങ്ങൾ കലഹിക്കാതെ വർത്തിച്ചിരുന്നത്, അപ്രകാരമാണ് കേരളത്തിൽ വിവിധ മതസമൂഹങ്ങൾ സഹവർത്തിത്വം പുലർത്തിയിരുന്നത്.

''ഏതാണ്ട് ഒമ്പതു നൂററാണ്ടോളം ഹിന്ദുക്കളുടെയും മുസ്ലീംകളുടെയും വളർച്ചയുടെ പ്രക്രിയ സമ്പർക്കത്തിന്റെയും ഉൾക്കൊള്ളലിന്റെയും സമന്വയത്തിന്റെയുമായിരുന്നു. പടിഞ്ഞാറൻ സ്വാധീനമാകുന്ന ഒരു പുതിയ ഘടകം വലിഞ്ഞുകയറിയതോടെ രണ്ടു സമുദായങ്ങൾക്കുമിടയ്ക്കു പിരിഞ്ഞുപോകലിന്റേതായ പ്രക്രിയയ്ക്കു തുടക്കംകുറിച്ചു.[3] ഹിന്ദുജന്മികളും മുസ്ലിംകുടിയാന്മാരും തമ്മിൽ പള്ളികളുടെ പേരിൽ നടന്ന സംഘട്ടനങ്ങൾ ഇതിനു തെളിവാണ്.

പാററനമ്പിയും അദ്ദേഹത്തിന്റെ കരംപിരിവുകാരനായ ആലിമരക്കാരും തമ്മിലുള്ള തർക്കമാണ് എ. ഡി. 1661-ലെ മലപ്പുറംകലാപത്തിനു വഴിവെച്ചത്. മലപ്പുറംപള്ളി അഗ്നിക്കിരയായി. ഹിന്ദു-മുസ്ലിം ജനസാമാന്യം കലാപത്തിലേക്കു വലിച്ചിഴക്കപ്പെടുകയാണുണ്ടായത്. 1843-ൽ ചില ക്ഷേത്രങ്ങളും അഗ്നിക്കിരയാക്കിയതായി പറയുന്നു. ബ്രിട്ടീഷാധിപത്യത്തിൽ ഇരുപതാം നൂററാണ്ടിനുമുമ്പു നടന്ന 90 കലാപങ്ങളിൽ 31 എണ്ണത്തെപ്പററി പ്രത്യേകമായി അന്വേഷിച്ച ലോഗൻ ആരാധനാലയങ്ങൾക്കു നേരെ നടന്ന കയ്യേററങ്ങളാണ് കലാപങ്ങൾക്കു കാരണമായി ചൂണ്ടിക്കാണിച്ചത്. സമുദായസ്പർദ്ധയുടെ അനാരോഗ്യകരമായ പ്രവണതകൾ ഉണ

3 ദി കൾച്ചറൽ ഹെറിറേറജ് ഓഫ് ഇന്ത്യ—
വാല്യം 4 ഹുമയൂൺ കബീർ പു. 592.

ത്താനും വളർത്താനുമുള്ള ശ്രമം ബോധപൂർവ്വം തുടങ്ങിവെച്ചത് പറങ്കികളാണ്. അവർ മുസ്‌ലിംകളുടെ കച്ചവടയാത്ര തടയുകയും അവരുടെ മുതൽ കൊള്ളചെയ്യുകയും വീടുകളും പള്ളികളും കൊള്ളിവെച്ചു നശിപ്പിക്കുകയും ചെയ്തു. ചാലിയം പള്ളിയുടെ അവസാനത്തെ കല്ലുപോലും അടർത്തിയെടുത്ത് അവരുടെ കോട്ടയ്ക്കുവേണ്ടി ഉപയോഗിച്ചു. ടിപ്പുസുൽത്താൻ പോലും സമുദായനേതാക്കളെ ചേരിതിരിവുണ്ടാക്കാൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സുൽത്താന്റെ നിയമപരിഷ്കരണനടപടികളെ മണത്തല ഹൈദ്രോസ് കുട്ടിമൂപ്പൻ, മഞ്ചേരി ആത്തൻ കുരിക്കൾ തുടങ്ങിയ മുസ്‌ലിംപ്രമാണിമാർ എതിർത്തപ്പോൾ "തന്റെ അഭ്യുദയകാംക്ഷികളായ മതപണ്ഡിതന്മാരെ ഫറോക്കിലെ കോട്ടയിലേയ്ക്കു ക്ഷണിച്ചു." മുസ്‌ലിംകളെ എതിരാളികളിൽനിന്നകററാൻ ഉത്സാഹിച്ചതു് ഇതിനു തെളിവാണ്. കൊണ്ടോട്ടിതങ്ങൾ ടിപ്പുവിനോടു മാപ്പിളമാർക്കു കൂറും ഭക്തിയും ഊട്ടിയുറപ്പിക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്.[4]

ബ്രിട്ടീഷ്ഭരണം ഉറച്ചതോടെ സ്ഥാപിതതാത്പര്യക്കാരെ കയറൂരിവിട്ടു സമുദായത്തിനുള്ളിലും സമുദായങ്ങൾതമ്മിലും അടിപ്പിക്കാനുള്ള ശ്രമം സർവ്വതന്ത്രസ്വതന്ത്രമായി അരങ്ങേറി. 19-ാം നൂററാണ്ടിലെ പ്രാദേശികഭരണറിപ്പോർട്ടിൽ പള്ളികൈക്കാരനു ജനങ്ങളുടെ മേൽ ചോദ്യം ചെയ്യാൻ വയ്യാത്ത സ്വാധീനശക്തിയുണ്ടെന്നു വിവരിച്ചതുതന്നെ ഇതിനു തെളിവാണല്ലോ.

ആരാധനാലയം ദൈവത്തിനുമാത്രം അവകാശപ്പെട്ടതാണെന്നുള്ള ഇസ്‌ലാമികദർശനത്തിന്റെ വെളിച്ചത്തിൽ പള്ളിക്കു വഖഫ്ചെയ്യുന്ന സ്വത്തുക്കൾ രേഖാമൂലം പള്ളിയുടെ പേരിൽ പണ്ടേ കൈമാററംചെയ്യാറുണ്ട്. പക്ഷേ വഖഫ്ചെയ്ത കുടുംബത്തിലെ അംഗങ്ങൾതന്നെയായിരിക്കും സാധാരണയായി പള്ളികളുടെ 'മുതവല്ലി'മാർ(കാരണവന്മാർ). മുതവല്ലിമാർ പള്ളിക്കാരണവന്മാർ എന്ന പേരിലാണറിയപ്പെട്ടിരുന്നതു്. മുതവല്ലിസ്ഥാനം അനന്തരാവകാശികൾക്കു ലഭിക്കുകയുംചെയ്യും. പഴയ തറവാടുകൾ ഭാഗിക്കുമ്പോൾ സാധാരണയായി ആ തറവാട്ടിലുള്ളവർ മുതവല്ലിയായ പള്ളിയുടെ നടത്തിപ്പ് ഏതേതു ഭാഗക്കാർക്കെന്നുകൂടി വ്യവസ്ഥചെയ്യാറുണ്ടായിരുന്നു. ഇനി ജനകീയകമ്മിററിക്കാർക്ക് അധികാരം കൈമാറുന്ന ഒററപ്പെട്ട അനുഭവങ്ങൾ കഴിഞ്ഞ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെ അതു തലമുതിന്ന പൗരന്മാർ കൈ

4 മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം—
സി. എൻ. അഹമ്മദ മൗലവി. പുറം 192, 193, 194

ക്കാരന്മാക്ക പിൻബലം നല്കത്തക്കവിധത്തിൽ കമ്മിററിഭരണം നടപ്പാക്കിക്കൊണ്ടായിരുന്നു.'' (പുറം 11)

പള്ളികൾക്കുണ്ടായിരുന്ന ഇളകാത്തതും ഇളകുന്നതുമായ വസ്തുവഹകളുടെ കാര്യത്തിലും സ്ഥാപിതതാത്പര്യത്തിൻെറ കൊടികുത്തിവാഴ്ച ഉണ്ടായിരുന്നു എന്നു കാണാം. വളരെയേറെ സ്വത്തുക്കൾ അന്യാധീനപ്പെട്ടും ക്രമവിരുദ്ധമായും ഉദ്ദേശലക്ഷ്യങ്ങൾ തെററി സമുദായത്തിനു ഗുണകരമല്ലാതെ പാഴായിപ്പോകുന്നുണ്ടെന്നുള്ളതു യാഥാർത്ഥ്യമാണ്. ജമാഅത്ത്കൾക്കുമാത്രമായി വഖഫ്ചെയ്തിട്ടുള്ള സ്വത്തുക്കൾ 75 ശതമാനവും കൈകാര്യംചെയ്യുന്നതു ദാനംചെയ്ത അവകാശികൾതന്നെയാണ്. വ്യക്തമായ നിബന്ധനയില്ലാത്തതുകൊണ്ടു വഖ്ഫ് സ്വത്തിൻെറ വിനിയോഗരംഗം അലങ്കോലപ്പെട്ടുകിടക്കുന്നു. കേരളത്തിലെ നല്ലൊരു ഭാഗം ഏതാനും ട്രസ്ററുകളുടേയും മററുള്ളതു വ്യക്തികളുടേയും കുടുംബങ്ങളുടേയും സ്വാധീനത്തിലുമാണ്. വഖഫ്സ്വത്തുക്കൾ അതു നല്കിയ കാലത്തെ നാമമാത്ര വിലയുടെ നിലയിൽമാത്രം കൈകാര്യംചെയ്തു കണക്കാക്കുന്നവരുണ്ട്. പക്ഷേ അതിലെത്രയോ ഇരട്ടിയാണതിൻെറ വരവെന്നു കാണാം.'' (പുറം 53)

''ഇതിൻെറ ഫലമായി അമ്പലത്തിൽ സ്വത്തുമുഴുവൻ കൈകളിലൊതുങ്ങിയപ്പോൾ ട്രസ്ററികൾ കഴിയുന്നത്ര വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിച്ച സ്ഥിതിവിശേഷം പള്ളിയുടെ കാര്യത്തിലും ഉടലെടുത്തു. ധനം സമ്പാദിക്കാനുള്ള ഉത്തമമാർഗ്ഗം ദൈവങ്ങളെ കൂട്ടുകൂടാൻ കിട്ടലാണെന്ന[5] ചിന്താഗതി മുസ്ലിംപ്രമാണിമാരിലും തലയുയർത്തി എന്നു പറഞ്ഞാൽ അതിശയോക്തിയാവില്ല. നമ്പൂതിരിമാക്ക മതകർമ്മങ്ങളുടെയും പൗരോഹിത്യത്തിൻെറയും ചില ബാദ്ധ്യതകളെങ്കിലുമുണ്ടായിരുന്നു. മുസ്ലിംപള്ളിക്കാരണവന്മാക്ക് അത്തരം ബാദ്ധ്യത ചുമക്കാതെതന്നെ വിവാഹം മുടക്കാനും പള്ളി വിലക്കാനും മയ്യത്തു മറവടക്കാൻ പാടില്ലെന്നു വിധിക്കാനുമുള്ള അധികാരമുണ്ടെന്നുവന്നു.

പള്ളിജീവനക്കാർ കാരണവന്മാരുടെ ദയയ്ക്കുവേണ്ടി കൈക്കുമ്പിൾ നീട്ടുന്നവരായി തരംതാഴുകയാണുണ്ടായതു്. സമുദായത്തിൻെറ ആത്മീയോപദേശകരും മതകാപ്രവത്തകരുമെന്ന പരിഗണന ഖതീബുമാക്കുതന്നെ ലഭിക്കാതായി. മുക്രിയുടെയും (മു അസ്സിൻ—ബാങ്കവിളിക്കാരൻ) തണ്ണീർമുക്രി (വെള്ളം നിറയ്ക്കുന്ന ആൾ)യുടെയും സ്ഥിതി അതിലേറെ ശോചനീയമാ

5. സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി — ഇളംകുളം കുഞ്ഞൻപിള്ള പുറ 356

യി എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. വിവാഹം, ഖബറട ക്കൽ, പെരുനാൾ, കടിയോത്ത് തുടങ്ങിയ പ്രത്യേകാവസ രങ്ങളോടനുബന്ധിച്ച ലഭിക്കുന്ന അവകാശങ്ങൾക്കുപുറമെ മ റെറന്തെങ്കിലും വേണമെങ്കിൽ കാരണവരെയും പ്രമാണിമാരെ യും പ്രസാദിപ്പിക്കണമെന്ന നിലവന്നു. "ചില മഹല്ലുകളിൽ യാതൊരു വേതനവും പററാതെ ഖുത്തുബ നടത്തുന്ന നിഷ്കാമകർ മ്മികൾ മുമ്പ് ഉണ്ടായിരുന്നു. ചിലേടങ്ങളിൽ 2½കയും 5ക യും 7½ കയും പററുന്നവരും മററു ചിലേടങ്ങളിൽ കൊല്ലത്തിൽ അഞ്ചോ പത്തോ പറ നെല്ലുകൊണ്ടു സംതൃപ്തിയടയുന്ന ഖത്തീ ബ്മാരുണ്ടായിരുന്നു. വെള്ളിയാഴ്ച ദിവസം അഞ്ചും പത്തും നാഴികദൂരം നടന്നുവന്നു പരിശുദ്ധമായ ഖുത്തുബാ നിർവ്വഹിക്കു ന്നതിനു 8 ണയും ഒരു നേരത്തെ ഭക്ഷണവും കിട്ടുന്നവരുമുണ്ടായി രുന്നു." (പുറം 55)

ഹൈദരലിഖാൻെറയും ടിപ്പുസുൽത്താൻെറയും കാലത്തു കൈകാര്യസ്ഥാനപദവിയെപ്പററിയുള്ള തർക്കമുത്ഭവിച്ച പ്പോൾ മഹല്ലിലെ ജനഹിതമനുസരിച്ച ജമാഅത്തിലെ പൗര മുഖ്യന്മാരെ കാര്യമേല്പിക്കുന്ന സമ്പ്രദായം വടക്കൻഭാഗങ്ങളിൽ ഉണ്ടായതായി പറയപ്പെടുന്നു. അക്കാലത്തു കൈക്കാരന്മാരെ നിയമിക്കുന്നതിനും ഖാസിമാരുടെ ഉപദേശമനുസരിച്ച ഭരണ കൂടങ്ങൾ പ്രവർത്തിക്കുന്നതിനും വ്യവസ്ഥചെയ്തിരുന്നുവത്രേ." (പുറം 10) പക്ഷേ ബ്രിട്ടീഷ്ഭരണം ഭദ്രമായതോടെ പ്രമാ ണിമാരുടെയും കൈക്കാരന്മാരുടെയും താത്പര്യം സുരക്ഷിത മായി.

ഇന്ത്യയിലെ മുസ്ലിംധർമ്മസ്ഥാപനങ്ങളുടെ സ്വത്തു ക്കളെപ്പററി അന്വേഷണം നടത്തി ക്രമീകൃതമായ നിലയിൽ പരിപാലിക്കപ്പെടുന്നതിനുള്ള മുസ്ലിംവഖഫ ആക്ട് ഇന്ത്യാ ഗവണ്മെൻറു പാസ്സാക്കിയതു 1954 ൽ ആണ്. ആ ആക്ടിലെ 15–ാം ഖണ്ഡികയിൽ ബോർഡിൻെറ ചുമതലകൾ പ്രതിപാ ദിക്കുന്നതിങ്ങനെയാണ്:

"ഈ ആക്ടിനനുസൃതമായി ആവിഷ്കരിക്കപ്പെടുന്ന നിയമ ങ്ങൾക്കു വിധേയമായി ഓരോ സ്റ്റേററിലേയും വഖഫുകളുടെ പൊതുമേൽനോട്ടം ആ സ്റ്റേററിൽ സ്ഥാപിക്കപ്പെടുന്ന വഖഫ് ബോർഡിൽ നിക്ഷിപ്തമായിരിക്കും. ബോർഡിൻെറ മേൽ നോട്ടത്തിലുള്ള വഖഫുകൾ ശരിയായി നടത്തപ്പെടുന്നുണ്ടെ ന്നും ആ വഖഫുകൾ ഏർപ്പെടുത്തിയ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടി അവയിൽനിന്നുള്ള ആദായം വിനിയോഗിക്കുന്നുണ്ടെ ന്നും ഉറപ്പാക്കുന്നതിന് ഈ ആക്ട് അനുസരിച്ചുള്ള അധികാര ങ്ങൾ പ്രയോഗിക്കുക എന്നുള്ളതാണ് ആ ബോർഡുകളുടെ ചുമ

തല''. ഇതിനെത്തുടർന്ന് 1956_57കാലങ്ങളിൽ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും മുസ്ലിംവഖഫ് സ്വത്തുക്കളുടെ കണക്ക് എടുക്കുന്നതിനുള്ള പരിശ്രമം നടന്നു. മദിരാശിസംസ്ഥാനത്തിന്റെ കീഴിലായിരുന്ന മലബാറിലും തിരുകൊച്ചിയിലും റവന്യൂ ഡിപ്പാർട്ടുമെന്റ്‌വഴി നടത്തിയ അന്വേഷണത്തിൽ പള്ളിയോടനുബന്ധിച്ചും അല്ലാതെയുമുള്ള വഖഫ് സ്ഥാപനങ്ങൾ 2200 ആണെന്ന കണക്കാക്കുകയുണ്ടായി. അവയ്ക്കാകെ ആറുകോടി സ്ഥാവരസ്വത്തുണ്ടെന്നും അവയുടെ മൊത്തം വാർഷികാദായം 16ലക്ഷം എന്നുമാണ് അന്നു കണക്കാക്കപ്പെട്ടിരുന്നത്. ഈ കണക്കുകൾ ശരിയല്ലെന്നും 1961ജനുവരിയിൽ കേരളത്തിൽ വഖഫ്ബോർഡും രൂപീകരിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞുവെന്നാണറിയുന്നത്. വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾക്കുമാത്രം 16 ലക്ഷത്തിന്റെ ആദായമുള്ളതായിക്കാണാം. 10 കോടിയിലധികം സ്വത്ത് ഈ വിഭാഗത്തിലുണ്ടെന്നാണ് അനുമാനിക്കുന്നത്. ആദായമുള്ള ഏഴായിരത്തിലധികം സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. (പുറം 52)വഖഫ്ബോർഡിൽ 1985ജനുവരിവരെ രജിസ്റ്റർചെയ്ത സ്ഥാപനങ്ങൾ 86400 ആണ്. ഇതിൽ പഴയ തിരുക്കൊച്ചിപ്രദേശത്തു 1432 സ്ഥാപനങ്ങൾമാത്രമാണുള്ളത്.

അറബിക്കോളേജുകളും മദ്രസകളുമുണ്ടെങ്കിലും പഴയ ദർസ്സമ്പ്രദായം ഇന്നും പല പള്ളികളിലും നടന്നുവരുന്നു. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കഴിവുള്ളവരുടെ വീടുകളിൽ നിന്നു ഭക്ഷണം കൊടുക്കുകയാണിപ്പോഴും ചെയ്യുന്നത്.

2885 മഹല്ലുകളിൽ പരസഹായവും പൊതുപിരിവുംകൂടാതെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിവുള്ള 495 പള്ളികൾ ഉണ്ടെന്നു ''1962_ൽ പ്രസിദ്ധീകരിച്ച കേരളമുസ്ലിംജമാഅത്ത് സ്ഥിതിവിവരക്കണക്കിൽ കാണുന്നു''. അതായതു് 16% ജമാഅത്തുക്കൾ സ്വയംപര്യാപ്തമായി നിലകൊള്ളുന്നു. വർഷത്തിൽ 1000 രൂപമുതൽ 6000 രൂപവരെ വരവുള്ള 188 ജമാഅത്തുകളുള്ളതായി കാണാം. 207 ജമാഅത്തുകൾ കാര്യങ്ങൾ കടബാദ്ധ്യതകളില്ലാതെ നടത്തുന്നു എന്നുമാത്രം. ബാക്കിവരുന്ന 2390 ജമാഅത്തുകൾ തികച്ചും സ്വയംപര്യാപ്തമല്ല. അതിൽ 735 ജമാഅത്ത്പള്ളികൾ കെട്ടിമേച്ചിലിനും വാർഷികറിപ്പയറുകൾ നടത്തുന്നതിനും ദൈനംദിനകാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനും വളരെയേറെ വിഷമിക്കുന്നു. നമസ്കാരപള്ളികളാണെങ്കിൽ 3811_ൽ1362ഉം. ഈ നില തുടരുകയാണ്. ചില കുടുംബാംഗങ്ങൾ നേരിട്ടു പള്ളിയുടെ എല്ലാ കാര്യങ്ങളും നോക്കിയിരുന്ന പഴയ സമ്പ്രദായം അന്നത്തെ സാമ്പത്തിക

നിലയും ധാർമ്മികബോധവുംവെച്ച് ആരോഗ്യകരമായിരുന്നെങ്കിലും മാറിയ പരിതസ്ഥിതിയിൽ അതിനെല്ലാം മാററങ്ങൾ വന്നിട്ടുണ്ട്. ''ഇന്നു കേരളത്തിൽ ഭൂരിപക്ഷം പള്ളികളുടെയും മേൽനോട്ടംനടത്തുന്നതു ജനങ്ങൾ തെരഞ്ഞെടുത്ത ഭരണസമിതികളാണ്. പ്രാദേശികജമാഅത്തുകൾ ജില്ലാഅടിസ്ഥാനത്തിലും ജില്ലാഘടകങ്ങളെ സംസ്ഥാനനിലവാരത്തിലും സംയോജിപ്പിക്കാനുള്ള ശ്രമവും നടക്കുകയുണ്ടായി. ഗൾഫ്‌രാജ്യങ്ങളിലുണ്ടായ തൊഴിലവസരങ്ങളുടെയും മററും പശ്ചാത്തലത്തിൽ പള്ളികളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ടെന്നു പറയാതിരിക്കാൻ വയ്യാ. പക്ഷേ കഴിഞ്ഞ നൂററാണ്ടിലെ സ്ഥിതിയിൽനിന്നു തികച്ചും വ്യത്യസ്തമായ ഇരുപതാംനൂററാണ്ടു മുപ്പത്തിരണ്ടു വർഷം പിന്നിട്ടശേഷം 1932–ൽ (1107) ''ദീപിക''മാസികയിൽ അതിന്റെ പത്രാധിപരായ വക്കം അബ്ദുൽഖാദർമൗലവി എഴുതിയ മുഖപ്രസംഗം പഴയ സ്ഥിതിയുടെ ഒരു ഏകദേശരൂപം വ്യക്തമാക്കുന്നതാണ്. ''കേരളമുസ്‌ലിംകളുടെ വകയായി അനവധി സമാജങ്ങളും സംഘങ്ങളും ഉണ്ടെങ്കിലും അവ മിക്കവാറും അകർമ്മങ്ങളായി സ്ഥിതി ചെയ്യുകയാണ് ചെയ്യുന്നതു്. സാമുദായികസമാജങ്ങളാകുന്ന തരുക്കൾക്കു തഴച്ചുവളരുവാൻ സമുദായഭൂമിയിൽ വേണ്ടുവോളം പോഷകസാധനങ്ങളില്ല''. പ്രകാരാന്തരേണയാണെങ്കിലും വക്കം മൗലവിയുടെ വാചകത്തിന്റെ പൊരുൾ ഇന്നത്തെ സ്ഥിതിവിശേഷത്തിലും ബാധകമാണ്.

# കേരളത്തിലെ മുസ്‌ലിം പള്ളികൾ

## സമന്വയസാക്ഷികൾ

**പി. കെ. മുഹമ്മദുകുഞ്ഞി**

ഗംഗയും യമുനയും പോലെ വ്യത്യസ്തമാർഗ്ഗങ്ങളിൽ ഒഴുകി പ്രകൃതിയുടെ അലംഘനീയനിയമംമൂലം ഒന്നിച്ചവരാണ് ഹിന്ദുക്കളും മുസ്ലിംകളുമെന്ന് മൌലാനാ അബുൽകലാം ആസാദ് വിലയിരുത്തിയിട്ടുണ്ട്. മതം മാനവരാശിയെ ഏകീകരിക്കുവാനാണെന്ന ഖുർആന്റെ ദർശനമാണ് ആദ്യകാലമുസ്ലിംമതപ്രചാരകരെ നയിച്ചിരുന്നത്. വിശ്വാസാചാരാനുഷ്ഠാനങ്ങളിലല്ലാതെ മറ്റൊരു മേഖലയിലും അവർ അമുസ്ലിംകളോട് അന്യത്വം പുലർത്തിയിരുന്നില്ല.

ആകാശാത് പതിതം തോയം  
യഥാ ഗച്ഛതി സാഗരം  
സർവ്വദേവനമസ്കാരം  
കേശവം പ്രതി ഗച്ഛതി

എന്ന മഹോന്നതമായ സഹിഷ്ണുതാബോധത്തോടെയാണ് ഹിന്ദുക്കൾ ഇസ്ലാമിനു ആതിഥ്യം അരുളിയത്. ചരിത്രത്തിന്റെ സത്യസന്ധമായ ഈ ചിത്രമാണ് കേരളത്തിലെ മുസ്ലിംദേവാലയങ്ങൾ പ്രതിഫലിപ്പിക്കുന്നത്. അവയുടെ കഥകളാണ് കേരളത്തിലെ മുസ്ലിംപള്ളികൾ—സമന്വയസാക്ഷികൾ.

വില: രൂ. 20.00

**അൽ-ഹുദാ ബുക്ക് സ്റ്റാൾ**

കോഴിക്കോട്—1 ഫോൺ: 61596